# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05 മാർച്ച്–2014 ലക്കം 3**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


നോമ്പുകാലസന്ദേശം ........................................ 05

ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ

അജപാലനലേഖനം ........................................ 12

സന്യാസിനിമാർ ഇല്ലായിരുന്നുവെങ്കിൽ .................... 15

Decree of Constitution ........................................ 18

Statutes ........................................ 19

സ്വർഗ്ഗത്തിൽ ഒരു പള്ളിപണിയാം ........................ 24

രൂപതാകച്ചേരി വാർത്തകൾ ........................................ 27

ലഹരിവിമുക്ത വർഷാചരണം ........................................ 40

ദൈവവിളി ക്യാമ്പുകൾ ........................................ 45

കല്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 48

മതബോധനരംഗം ........................................ 49

ചെറുപുഷ്പമിഷൻലീഗ് ........................................ 55

കെ.സി.വൈ.എം. ........................................ 60

കുടുംബപ്രേഷിതത്വം ........................................ 66

വിമൻസ് കമ്മീഷൻ ........................................ 68

സീയോൻ വാർത്തകൾ ........................................ 69

ജീസസ് യൂത്ത് ........................................ 72

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................................ 73

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 76

സാമൂഹ്യ സേവനരംഗം (WSSS) ........................................ 80

*Mary Matha arts & science college* ........................................ 84

റേഡിയോ മാറ്റൊലി ........................................ 87

അറിയിപ്പുകൾ ........................................ 88

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 91

ബിഷപ്സ് പ്രോഗ്രാം ........................................ 92

# നോമ്പുകാലസന്ദേശം - 2014

*"അവൻ നിങ്ങളെപ്രതി ദരിദ്രനായി; തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ" (cf 2 കോറി. 8:9)*

പ്രിയ സഹോദരീ സഹോദരന്മാരേ,

1. നോമ്പുകാലം സമീപസ്ഥമായിരിക്കുന്ന ഈ സന്ദർഭത്തിൽ, വ്യക്തികളും സമൂഹവുമെന്ന നിലയിൽ നമ്മുടെ മാനസാന്തരത്തിന്റെ മാർഗത്തെക്കുറിച്ച് സഹായകരമായ ചില ചിന്തകൾ നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ചിന്തകൾ വിശുദ്ധ പൗലോസിന്റെ വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടവയാണ്: "നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്ന നായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി – തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ" (2 കോറി. 8:9). അപ്പസ്തോലൻ കോറിന്തിലെ ക്രിസ്ത്യാനികൾക്ക് എഴുതുക യായിരുന്നു. ആവശ്യത്തിൽപ്പെട്ട ജറുസലെമിലെ ക്രിസ്ത്യാനികളെ ഔദാര്യപൂർവം സഹായിക്കാൻ വേണ്ടിയാണ് എഴുതിയത്. വിശുദ്ധ പൗലോസിന്റെ ഈ വാക്കുകൾക്ക് ഇന്ന് നമ്മെ സംബന്ധിച്ച് എന്ത് അർത്ഥമാണുള്ളത്? ദാരിദ്യത്തിലേക്ക്, പ്രത്യേകിച്ചു സുവിശേഷ പരമായ ദാരിദ്യത്തിലേയ്ക്ക് ഉള്ള, ഈ ക്ഷണത്തിനുള്ള അർത്ഥ മെന്താണ്?

### ക്രിസ്തുവിന്റെ കൃപ

2. ഒന്നാമതായി, ദൈവം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഇതു കാണിക്കുന്നു. അവിടുന്ന് ലൗകികാധികാരത്തിന്റെയും സമ്പത്തി ന്റെയും വസ്ത്രമണിഞ്ഞ് സ്വയം വെളിപ്പെടുത്തുന്നില്ല. മറിച്ച് ദൗർബല്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും വേഷമണിഞ്ഞ് അവിടുന്ന് കാണപ്പെട്ടു. "അവിടുന്ന് സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി". ക്രിസ്തു, ദൈവത്തിന്റെ നിത്യനായ പുത്രൻ, അധികാര ത്തിലും മഹത്ത്വത്തിലും പിതാവിനോട് ഒന്നായിരിക്കുന്നവൻ, ദരിദ്രനാകാൻ ഇഷ്ടപ്പെട്ടു. അവിടുന്ന് നമ്മുടെയിടയിലേക്കു വന്നു. നമ്മിൽ ഓരോരുത്തരുടെയും അടുക്കലേക്കു വന്നു. അവിടന്ന് തന്റെ മഹത്ത്വം മാറ്റിവച്ച് സ്വയം ശൂന്യനായി. എല്ലാ കാര്യങ്ങളിലും നമ്മെ

പ്പോലെയാകാൻവേണ്ടിത്തന്നെ (cf ഫിലി 2:7; ഹെബ്രാ 4:15). ദൈവം മനുഷ്യനായിത്തീർന്നുവെന്നത് വലിയ രഹസ്യമാണ്! എന്നാൽ ഇതിന്റെയെല്ലാം കാരണം അവിടുത്തെ സ്നേഹമാണ്. കൃപയും ഔദാര്യവുമായിട്ടുള്ള സ്നേഹം, അടുത്തുവരാനുള്ള ആഗ്രഹം, സ്നേഹിക്കപ്പെട്ട വ്യക്തിക്കുവേണ്ടി സ്വയം ബലിയായി സമർപ്പിക്കുന്നതിൽ ശങ്കിക്കാത്ത സ്നേഹം. നമ്മൾ എല്ലാ കാര്യത്തിലും സ്നേഹിക്കുന്ന വ്യക്തിയുമായി പങ്കുവയ്ക്കുന്നു. അത് പരസ്നേഹമാകുന്ന സ്നേഹമാണ്. സ്നേഹം നമ്മെ സദൃശരാക്കുന്നു. അത് സമത്വം സൃഷ്ടിക്കുന്നു. അത് വിഭജനഭിത്തികളെ തകർക്കുകയും അകൽച്ച ഇല്ലാതാക്കുകയും ചെയ്യുന്നു. ദൈവം നമ്മോട് ഇപ്രകാരമാണ് പ്രവർത്തിച്ചത്. യഥാർത്ഥത്തിൽ യേശു "സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ചു. മാനുഷിക മനസ്സോടെ ചിന്തിച്ചു, മാനുഷിക തിരഞ്ഞെടുപ്പു വഴി പ്രവർത്തിച്ചു. മാനുഷിക ഹൃദയത്തോടെ സ്നേഹിക്കുകയും ചെയ്തു. കന്യകാമറിയത്തിൽ നിന്നു ജനിച്ച അവിടുന്ന് യഥാർത്ഥത്തിൽ നമ്മിൽ ഒരാളായി. പാപമൊഴികെ എല്ലാറ്റിലും നമ്മേപ്പോലെയായി" (ഗാവുദിയും ഏത്ത് സ്പെസ്, 22).

3. യേശു തന്നെത്തന്നെ ദരിദ്രനാക്കി അവിടുന്ന് ദാരിദ്ര്യത്തിനുവേണ്ടി ദാരിദ്ര്യത്തെ സ്നേഹിച്ചില്ല. പിന്നെയോ വിശുദ്ധ പൗലോസ് പറയുന്നതുപോലെ "തന്റെ ദാരിദ്ര്യംകൊണ്ട് നിങ്ങൾ സമ്പന്നരാകാൻ വേണ്ടി" ദാരിദ്ര്യം അന്വേഷിച്ചു. ഇത് വാക്കുകൾകൊണ്ടുള്ള കളിയല്ല; സൂചനാത്മകശൈലി പ്രയോഗമല്ല. പിന്നെയോ ഇത് ദൈവത്തിന്റെ യുക്തിയുടെ സംക്ഷേപമാണ്, സ്നേഹത്തിന്റെ യുക്തിയുടെ, മനുഷ്യാവതാരത്തിന്റെയും കുരിശിന്റെയും യുക്തിയുടെ, സംക്ഷേപം. ഭക്തികൊണ്ടും പരക്ഷേമചിന്തകൊണ്ടും ഒരുവൻ തന്റെ സമൃദ്ധിയിൽ നിന്ന് ധർമ്മം കൊടുക്കുന്നതുപോലെ നമ്മുടെ രക്ഷ സ്വർഗത്തിൽ നിന്ന് വീഴാൻ ദൈവം അനുവദിച്ചില്ല. ക്രിസ്തുവിന്റെ സ്നേഹം വ്യത്യസ്തമാണ്. യേശു യോർദാൻ നദിയിലെ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങുകയും സ്നാപക യോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു. അവിടുത്തേക്ക് പശ്ചാത്താപത്തിന്റെയോ മാനസാന്തര ത്തിന്റെയോ ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല അങ്ങനെ ചെയ്തത്. പാപപ്പൊറുതി ആവശ്യമുള്ളവരുടെയിടയിൽ, പാപികളായ നമ്മുടെയിടയിൽ, ആയിരിക്കാനും നമ്മുടെ പാപങ്ങളുടെ ഭാരം വഹിക്കാനും വേണ്ടിയാണ് അങ്ങനെ ചെയ്തത്. ഇങ്ങനെ നമ്മെ

ആശ്വസിപ്പിക്കാനും രക്ഷിക്കാനും നമ്മുടെ ദുരിതത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കാനും അവിടുന്ന് നിശ്ചയിച്ചു. "ക്രിസ്തുവിന്റെ സമ്പത്തുകൊണ്ടല്ല അവിടുത്തെ ദാരിദ്ര്യംകൊണ്ടാണ് നമ്മൾ സ്വതന്ത്രരാക്കപ്പെട്ടത്" എന്ന അപ്പസ്തോലന്റെ പ്രസ്താവന ശ്രദ്ധേയമാണ്. എന്നാലും ക്രിസ്തുവിന്റെ ദുർഗ്രഹ സമ്പന്നതയെ ക്കുറിച്ച് വിശുദ്ധ പൗലോസിന് നന്നായിട്ട് അറിയാം (എഫേ 3:8). അവിടുന്ന് "എല്ലാറ്റിന്റെയും അവകാശി"യാണെന്നു അദ്ദേഹത്തിനറിയാം (ഹെബ്രാ 1:2).

4. അതുകൊണ്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കാനും സമ്പന്നരാക്കാനും ഉപയോഗിക്കുന്ന ഈ ദാരിദ്ര്യം എന്താണ്? അത് അവിടുന്ന് നമ്മെ സ്നേഹിക്കുന്ന രീതിയാണ്. മരണാസന്നനായി വഴിയരുകിൽ ഉപേക്ഷിക്കപ്പെട്ട മനുഷ്യന് നല്ല സമറായൻ അയൽക്കാരനായതുപോലെ (cf ലൂക്കാ 10:25 ff) നമ്മുടെ അയൽക്കാരനായിരിക്കുന്ന രീതിയാണ്. അവിടുത്തെ സ്നേഹത്തിന്റെ കാരുണ്യവും അനുകമ്പയും ഐക്യദാർഢ്യവുമാണ് നമുക്ക് യഥാർത്ഥമായ സ്വാതന്ത്ര്യവും രക്ഷയും സന്തോഷവും നല്കുന്നത്. നമ്മെ സമ്പന്നരാക്കുന്ന ക്രിസ്തുവിന്റെ ദാരിദ്യമെന്നത് നമ്മോടുള്ള ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന്റെ പ്രകടനമെന്ന നിലയിൽ അവിടുന്ന് നമ്മുടെ ശരീരം സ്വീകരിക്കുകയും നമ്മുടെ ദൗർബല്യങ്ങളും പാപങ്ങളും വഹിക്കുകയും ചെയ്തു എന്നതാണ്. ക്രിസ്തുവിന്റെ ദാരിദ്ര്യം സർവോത്കൃഷ്ടമായ നിധിയാണ്. യേശുവിന് പിതാവായ ദൈവത്തിലുള്ള അതിരറ്റ വിശ്വാസം, സ്ഥിരമായ ആത്മധൈര്യം, എപ്പോഴും പിതാവിന്റെ ഇഷ്ടം മാത്രം നിറവേറ്റാനും അവിടുത്തേക്കു നന്ദിപറയാനുമുള്ള ആഗ്രഹവും ആണ് അവിടുത്തെ സമ്പത്ത്. താൻ സ്നേഹിക്കപ്പെടുന്നുവെന്നു തോന്നുകയും മാതാപിതാക്കന്മാരെ അവരുടെ സ്നേഹത്തെയും അനുകമ്പയെയും കുറിച്ചു ഒരു നിമിഷവും സംശയിക്കാതെ സ്നേഹിക്കുകയും ചെയ്യുന്ന ശിശുവിനെപ്പോലെ യേശു സമ്പന്നനാണ്. യേശുവിന്റെ സമ്പത്ത് ദൈവപുത്രനായിരിക്കുന്നു വെന്നതിലാണ്. പിതാവിനോടുള്ള അവിടുത്തെ അനന്യമായ ബന്ധം ദരിദ്രനായ ഈശോമിശിഹായുടെ പരമോത്കൃഷ്ടമായ വിശേഷാനുകൂല്യമാണ്. "വഹിക്കാൻ എളുപ്പമുള്ള തന്റെ നുകം" യേശു നമ്മോട് ആവശ്യപ്പെടുമ്പോൾ "സമ്പന്നമായ തന്റെ ദാരിദ്യം"കൊണ്ടും "ദരിദ്രമായ തന്റെ സമ്പന്നത"കൊണ്ടും സമ്പന്നരാകാൻ നമ്മോട് ആവശ്യപ്പെടുകയാണ്. അവിടുത്തെ പുത്രസഹജവും ഭ്രാതൃസഹജ വുമായ ആത്മാവിൽ പങ്കുചേരാനും പുത്രനിൽ പുത്രീപുത്രന്മാരും

പ്രഥമജാതനായ സഹോദരനിൽ സഹോദരീസഹോദരന്മാരാകാനും വേണ്ടിയാണത് (cf റോമാ 8:29).

5. ഒരു വിശുദ്ധനായിരിക്കാൻ കഴിയുന്നില്ലെന്നതാണ് യഥാർത്ഥ ദു:ഖം (എൽ ബ്ളോയ്) എന്നു പറയാറുണ്ട്. നമുക്ക് ഇങ്ങനെയും പറയാം. യഥാർത്ഥത്തിൽ ഒരു ദാരിദ്ര്യമേ ഉള്ളൂ; ദൈവത്തിന്റെ മക്കളായും ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരായും ജീവിക്കാൻ കഴിയാത്തതാണ് ആ ദാരിദ്ര്യം.

**നമ്മുടെ സാക്ഷ്യം**

6. ദാരിദ്ര്യത്തിന്റെ ഈ "മാർഗം" യേശുവിന്റെ മാർഗമാണ്. എന്നാൽ അവിടുത്തെ ശരിയായ മാനുഷിക വിഭവങ്ങൾകൊണ്ടേ ലോകത്തെ രക്ഷിക്കാൻ കഴിയൂ എന്ന് നമ്മൾ ചിന്തിച്ചേക്കാം. ഇതു ശരിയല്ല. ദൈവം മനുഷ്യവംശത്തെ എല്ലാകാലത്തും എല്ലാസ്ഥലത്തും രക്ഷിച്ചുകൊണ്ടിരിക്കുന്നത് ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെയാണ്. കൂദാശകളിലും വാക്കുകളിലും ദരിദ്രരുടേതായ തന്റെ സഭയിലും സ്വയം ദരിദ്രനാക്കുന്ന ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെയാണ്. ദൈവത്തിന്റെ സമ്പന്നത നമ്മുടെ സമ്പത്തിലൂടെയല്ല, പിന്നെയോ ക്രിസ്തുവിന്റെ, പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെടുന്ന നമ്മുടെ വൈയക്തികവും സാമൂഹികവുമായ ദാരിദ്ര്യത്തിലൂടെ മാത്രമാണ് കടന്നുപോകുന്നത്.

7. ക്രൈസ്തവരായ നമ്മൾ നമ്മുടെ ഗുരുവിനെ പിഞ്ചെന്നുകൊണ്ട്, നമ്മുടെ സഹോദരീസഹോദരന്മാരുടെ ദാരിദ്ര്യത്തെ നേരിടാനും അതിനെ സ്പർശിക്കാനും അതിനെ നമ്മുടേതാക്കാനും അതിനെ ലഘൂകരിക്കാൻ വേണ്ട പ്രായോഗിക മാർഗങ്ങൾ സ്വീകരിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. അനാഥത്വവും ദാരിദ്ര്യവും ഒന്നല്ല. അനാഥത്വം വിശ്വാസവും പിന്തുണയും പ്രത്യാശയുമില്ലാത്ത ദാരിദ്യമാണ്. മൂന്നു തരത്തിലുള്ള അനാഥത്വമുണ്ട്: ഭൗതികം, ധാർമ്മികം, ആധ്യാത്മികം. ഭൗതികമായ അനാഥത്വമാണ് സാധാരണമായി ദാരിദ്ര്യമെന്നു വിളിക്കപ്പെടുന്നത്. മനുഷ്യമഹത്ത്വത്തിന് വിരുദ്ധമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരെ അതു ബാധിക്കുന്നു. മൗലികാവകാശങ്ങൾ ലഭിക്കാത്തവരെയും ഭക്ഷണം, ജലം, ആരോഗ്യപാലനം, തൊഴിൽ, സാംസ്കാരികമായി വികസിക്കാനും വളരാനും വേണ്ട അവസരം എന്നതൊക്കെ ഇല്ലാത്തവരെയും അതു ബാധിക്കുന്നു. ഈ അനാഥത്വത്തോടു പ്രത്യുത്തരിക്കുന്നതിന് സഭ ഈ ആവശ്യങ്ങളിൽ സഹായിക്കുന്നു, ശുശ്രൂഷ (ദിയാക്കോണിയ) നല്കുന്നു. മനുഷ്യവംശത്തിന്റെ മുഖത്തെ വിരൂപമാക്കുന്ന ഈ മുറിവുകളെ വച്ചുകെട്ടുന്നു. ദരിദ്രരിലും

സമൂഹഭ്രഷ്ടരിലും നമ്മൾ ക്രിസ്തുവിന്റെ മുഖം കാണുന്നു. ദരിദ്രരെ സ്നേഹിച്ചും സഹായിച്ചും നാം ക്രിസ്തുവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. ലോകത്തിൽ മനുഷ്യ മഹത്ത്വത്തിന്റെ ലംഘനങ്ങളും വിവേചനവും ദുരുപയോഗവും അവസാനിപ്പിക്കുന്നതിനുവേണ്ടിയും നമ്മൾ പരിശ്രമിക്കുന്നുണ്ട്. എന്തെന്നാൽ ഇവയെല്ലാമാണ് മിക്കപ്പോഴും അനാഥത്വത്തിന്റെ കാരണങ്ങൾ. അധികാരവും സുഖാസക്തിയും പണവും വിഗ്രഹങ്ങളാകുമ്പോൾ സമ്പത്തിന്റെ നീതിപൂർവകമായ വിഭജനമെന്ന ആവശ്യത്തിനു നല്കേണ്ട മുൻഗണന അവയ്ക്കു നല്കപ്പെടുന്നു. അതുകൊണ്ട് നമ്മുടെ മനസ്സാക്ഷി നീതിയിലേക്കും സമത്വത്തിലേക്കും ലാളിത്യത്തിലേക്കും പങ്കുവയ്ക്കലിലേക്കും തിരിയേണ്ടിയിരിക്കുന്നു.

8. ധാർമ്മികമായ അനാഥത്വവും ഇതുപോലെ തന്നെയുള്ള പ്രശ്നമാണ്. അത് തിന്മയ്ക്കും പാപത്തിനും വിധേയപ്പെടുന്നതു കൊണ്ടുള്ള അടിമത്തമാണ്. കുടുംബാംഗം – മിക്കപ്പോഴും ഒരു യുവാവ് – മദ്യത്തിനും മയക്കുമരുന്നിനും ചൂതുകളിക്കും അശ്ലീലസാഹിത്യ ത്തിനും അടിമയാകുമ്പോൾ എത്രമാത്രം വേദനയാണ് കുടുംബങ്ങളിൽ ഉണ്ടാകുന്നത്! ജീവിതത്തിൽ അർത്ഥം കാണാത്ത അല്ലെങ്കിൽ ഭാവിയെപ്പറ്റി പ്രത്യാശയില്ലാത്ത എത്രയോ ആളുകളുണ്ട്! എത്രയോ വ്യക്തികൾക്ക് പ്രത്യാശ നഷ്ടപ്പെട്ടിരിക്കുന്നു! നീതിയില്ലാത്ത സാമൂഹികാവസ്ഥകൾ മൂലം എത്രയോ പേർ ഈ അനാഥത്വത്തിൽ മുങ്ങിത്താഴുന്നു. അപ്പം നേടുന്നവരെന്ന നിലയിലുള്ള മഹത്ത്വത്തെ എടുത്തുകളയുന്ന തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിനും ആരോഗ്യപാലനത്തിനും തുല്യമായ സൗകര്യം ലഭിക്കായ്ക എന്നിവകൊണ്ട് അങ്ങനെ സംഭവിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ധാർമ്മിക അനാഥത്വം ആത്മഹത്യയ്ക്ക് പ്രേരണയായി കരുതപ്പെടാം. സാമ്പത്തികനാശത്തിനു കൂടി കാരണമാകുന്ന ഇത്തരം അനാഥത്വം എല്ലായ്പ്പോഴും ആധ്യാത്മികമായ അനാഥത്വത്തോടു ബന്ധപ്പെട്ടിരിക്കുന്നു. അതാകട്ടെ, നാം ദൈവത്തിൽ നിന്നു പിന്തിരിയുകയും അവിടുത്തെ സ്നേഹം തള്ളിക്കളയുകയും ചെയ്യുമ്പോൾ അനുഭവിക്കുന്നതാണ്. ക്രിസ്തുവിലൂടെ നമ്മിലേക്ക് എത്തിച്ചേരുന്ന ദൈവത്തെ നമുക്ക് ആവശ്യമില്ലെന്ന് നാം വിചാരിക്കുന്നുവെങ്കിൽ നമ്മുടെ കാര്യങ്ങളെല്ലാം നമുക്കു തന്നെ നിർവഹിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നതുകൊണ്ട് നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ നാം വീഴാൻ പോവുകയാണ്. ദൈവത്തിനുമാത്രമേ

നമ്മെ യഥാർത്ഥത്തിൽ രക്ഷിക്കാനും സ്വതന്ത്രരാക്കാനും കഴിയുകയുള്ളൂ.

9. ആധ്യാത്മിക അനാഥത്വത്തിനുള്ള യഥാർത്ഥ മറുമരുന്ന് സുവിശേഷമാണ്. ക്രിസ്ത്യാനികളെന്ന നിലയിൽ നാം എവിടെപ്പോയാലും വിമോചനകരമായ സന്ദേശം പ്രഘോഷിക്കണം. ചെയ്ത പാപങ്ങൾക്കു മാപ്പുകിട്ടാൻ സാധിക്കുമെന്നും നമ്മുടെ പാപാവസ്ഥയെക്കാൾ വലിയവനാണു ദൈവമെന്നും അവിടുന്ന് എപ്പോഴും നമ്മെ സൗജന്യമായി സ്നേഹിക്കുന്നുവെന്നും നാം കൂട്ടായ്മയ്ക്കും ശാശ്വത ജീവിതത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ട വരാണെന്നുമുള്ള വാർത്ത അറിയിക്കണം. കാരുണ്യത്തിന്റെയും പ്രത്യാശയുടെയും ഈ സന്ദേശത്തിന്റെ സന്തോഷപൂർണരായ മുന്നോടികളാകാൻ കർത്താവു നമ്മോട് ആവശ്യപ്പെടുന്നു. ഈ സദ് വാർത്ത പ്രചരിപ്പിക്കുന്നത് തീവ്രമായ ആനന്ദത്തിന്റെ അനുഭവമാണ്. നമ്മെ ഏല്പിച്ചിട്ടുള്ള നിക്ഷേപം പങ്കുവയ്ക്കുന്നത്, തകർന്ന ഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നത്, അന്ധകാരം അനുഭവിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രത്യാശ പ്രദാനം ചെയ്തുകൊണ്ട് അങ്ങനെ ചെയ്യുന്നത് ആനന്ദപ്രദമാണ്. അത് യേശുവിനെ അനുഗമിക്കലും അനുകരിക്കലുമാണ്. അവിടുന്ന് നഷ്ടപ്പെട്ട ആടിനെ സ്നേഹപൂർവം അന്വേഷിക്കുന്ന ഇടയനെപ്പോലെ ദരിദ്രരെയും പാപികളെയും അന്വേഷിച്ചവനാണല്ലോ.

യേശുവുമായുള്ള ഐക്യത്തിൽ, സുവിശേഷവത്കരണ ത്തിന്റെയും മനുഷ്യവംശസമുദ്ധാരണത്തിന്റെയും പുതിയ പാതകൾ ധീരതയോടെ വെട്ടിത്തുറക്കാൻ നമുക്കു സാധിക്കും.

10. പ്രിയ സഹോദരീ സഹോദരന്മാരേ, ഈ നോമ്പുകാലം മുഴുവൻ സഭ സാക്ഷ്യം വഹിക്കാൻ സന്നദ്ധതയുള്ളതായി കാണട്ടെ. ഭൗതികവും ധാർമ്മികവും ആധ്യാത്മികവുമായ അനാഥത്വത്തിൽ ജീവിക്കുന്നവർക്ക് നമ്മുടെ പിതാവായ ദൈവത്തിന്റെ കരുണാപൂർണമായ സുവിശേഷസന്ദേശത്തിനു അത് സാക്ഷ്യം വഹിക്കുന്നതായി കാണപ്പെടട്ടെ. അവിടുന്ന് എല്ലാവരെയും ക്രിസ്തുവിൽ ആശ്ലേഷിക്കാൻ സന്നദ്ധനാണ്. ദരിദ്രനായിത്തീരുകയും തന്റെ ദാരിദ്ര്യം മൂലം നമ്മെ സമ്പന്നരാക്കുകയും ചെയ്ത ക്രിസ്തുവിനെ നാം അനുകരിക്കുന്നിടത്തോളം മാത്രമേ നമുക്ക് അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. ആത്മ-പരിത്യാഗത്തിനു യോജിച്ച സമയമാണ് നോമ്പുകാലം. നമ്മുടെ ദാരിദ്ര്യംകൊണ്ട് മറ്റുള്ളവരെ സഹായിക്കാനും സമ്പന്നരാക്കാനും വേണ്ടി എന്തുകൊടുക്കാൻ

സാധിക്കുമെന്നു നമ്മോടുതന്നെ ചോദിക്കുന്നതു നന്നായിരിക്കും. യഥാർത്ഥമായ ദാരിദ്ര്യം വേദനാജനകമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം. പ്രായശ്ചിത്തത്തിന്റെ ഈ മാനം ഇല്ലാത്ത ആത്മ-പരിത്യാഗം യഥാർത്ഥ പരിത്യാഗമല്ല. യാതൊരു ചെലവുമില്ലാത്തതും വേദനിപ്പിക്കാത്തുമായ പരസ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നില്ല.

11. "നാം ദരിദ്രരെപ്പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നതും ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം ആർജിക്കുന്നതും" (2 കോറി 6;10) പരിശുദ്ധാത്മാവിലൂടെയാണ്. നമ്മുടെ പ്രതിജ്ഞകളിൽ നിലനില്ക്കാൻ ആ പരിശുദ്ധാത്മാവ് നമ്മെ താങ്ങിനിറുത്തട്ടെ. മാനുഷിക അനാഥത്വത്തെ സംബന്ധിച്ച നമ്മുടെ താത്പര്യവും ഉത്തരവാദിത്വബോധവും അവിടുന്ന് വർദ്ധിപ്പിക്കട്ടെ. അങ്ങനെ കരുണയുള്ളവരാകുകയും കാരുണ്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ. ഓരോ വിശ്വാസിയും ഓരോ സഭാസമൂഹവും ഫലപൂർണമായ ഒരു നോമ്പുകാലയാത്ര തുടങ്ങാൻ ഇടയാകട്ടെയെന്ന്, ഈ പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട്, ഞാൻ പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളോട് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നമ്മുടെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകമറിയം നിങ്ങളെ സുരക്ഷിതരായി സൂക്ഷിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 26 ഡിസംബർ 2013,

**ഫ്രാൻസിസ് പാപ്പാ**

# ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ അജപാലനലേഖനം

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ രാജ്യം വീണ്ടും പൊതുതിരഞ്ഞെടുപ്പിനു തയ്യാറാവുകയാണ്. ഇതു നമ്മെ സംബന്ധിച്ചിടത്തോളം സുപ്രധാന നിമിഷമാണ്. കാരണം, നമ്മുടെ രാജ്യത്തിന്റെ ആഭിമുഖ്യവും പുരോഗതിയും നമ്മുടെ അനുദിനജീവിതത്തിന്റെ ഭൂരിഭാഗവും പാർലമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വലിയതോതിൽ ആശ്രയിച്ചിരിക്കുന്നു. അജപാലകരെന്ന നിലയിൽ ഈ ലേഖനത്തിലൂടെ നിങ്ങളോടു സംസാരിക്കുക ഞങ്ങളുടെ കടമയായി ഞങ്ങൾ കരുതുന്നു. സന്മനസ്സുള്ള സകലരോടും ഒത്തുച്ചേർന്ന്, നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിനുള്ള സംഭാവന കാര്യക്ഷമമായി നല്കാൻ, നമുക്കു കഴിയണം.

ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന് വ്യക്തമായി പറയാൻ തുടക്കത്തിലേ ഞങ്ങൾ ആഗ്രഹിക്കുന്നു. വോട്ടുചെയ്യാൻ യോഗ്യതയുള്ള ഓരോ പൗരനെയും ആ കടമയും അവകാശവും വിവേകത്തോടും ശ്രദ്ധയോടും യുക്തിയുക്തതയോടുംകൂടി വിനിയോഗിക്കാൻ നിർബന്ധിക്കുന്നതിന് മെത്രാന്മാരെന്ന നിലയിൽ ഞങ്ങൾക്കു കടമയുണ്ട്. ജനങ്ങൾക്കുള്ള കടമയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു. ഓരോ വോട്ടിനും മൂല്യമുണ്ടെന്ന അവബോധം നമുക്കുണ്ടായിരിക്കണം. അതു നമ്മോടും നമ്മുടെ സന്തതികളോടും നമ്മുടെ രാജ്യത്തോടുമുള്ള കടപ്പാടാണ്. ഈ അവസരം നഷ്ടപ്പെടുത്താതിരിക്കണം. നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണിത്.

നമ്മുടെ സമൂഹം അഗാധമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും ജനതയുടെ ജീവിതത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. സാമൂഹികസമ്പർക്കം, ആന്തരികവ്യവസ്ഥിതി, പൊതുസൗകര്യങ്ങൾ മുതലായ മണ്ഡലങ്ങളിൽ അത്ഭുതകരമായ വികസനമാണ് കഴിഞ്ഞ ദശകത്തിലുണ്ടായത്. ആഗോളവത്കരണം നമ്മുടെ ജീവിതത്തിന്റെ ഓരോ വശത്തെയും സ്വാധീനിച്ചിട്ടുണ്ട്. അത് ഏറ്റവും അകന്ന ഗ്രാമീണപ്രദേശങ്ങളെപ്പോലും ബാധിച്ചിരിക്കുന്നു. അതേസമയം ആകുലതയ്ക്ക് ഇടംനല്കുന്ന പല മണ്ഡലങ്ങളുമുണ്ട്. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിത അനൗദ്യോഗിക-താത്കാലിക തൊഴിലാളികളിൽ അനേകർക്ക് കിട്ടുന്ന വേതനം കൊണ്ട് ജീവൻ നിലനിറുത്താൻ പ്രയാസമായിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹികമേഖല എന്നിവയിലുള്ള പൊതുസ്ഥാപനങ്ങളെ സ്വകാര്യവത്കരണ പ്രവണത തകർക്കാൻ തുടങ്ങുകയാണ്. സമൂഹത്തിന് മാർഗനിർദ്ദേശം നല്കുന്ന തത്ത്വമെന്ന നിലയിലുള്ള ധാർമ്മികതയ്ക്ക് അതിന്റെ പരമാധികാരം നഷ്ടപ്പെടുകയാണ്. ദൈവത്തെ അരികുകളിലേക്ക് തള്ളിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ്, ഈ ചരിത്രനിമിഷത്തിലാണ്, നമ്മൾ തിരഞ്ഞെടുപ്പിലേക്കു കടക്കുന്നത്.

ജനങ്ങളുടെ ഉത്കണ്ഠകൾ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്യുന്ന നേതാക്കന്മാരെ പൊതുതിരഞ്ഞെടുപ്പു നല്കുമെന്ന് കത്തോലിക്കാസഭ ഹൃദയപൂർവം പ്രത്യാശിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്ന നേതാക്കളെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്.

1) നമ്മുടെ രാഷ്ട്രത്തിന്റെ മതേതരത്വസ്വഭാവം ഉയർത്തിപ്പിടിക്കുകയും സമൂഹങ്ങൾ തമ്മിലുള്ള ഐക്യവും മതാന്തരസംവാദത്തിന്റെയും പരസ്പരധാരണയുടെയും ചൈതന്യവും വളർത്തുകയും ചെയ്യുന്ന ആളുകളെ.

2) സമൂഹത്തിലെ ന്യൂനപക്ഷങ്ങളെയും ദുർബലവിഭാഗത്തെയും പരിരക്ഷിക്കുകയും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരെ സമുദ്ധരിക്കുന്നതിന് അധ്വാനിക്കുകയും ചെയ്യുന്നവരെ.

3) ഗോത്രവർഗക്കാർക്ക് ഭൂമി, ജലം, വനങ്ങൾ എന്നിവയുടെ മേലുള്ള അധികാരം സംരക്ഷിക്കുകയും, ദളിത്ക്രിസ്ത്യാനികൾക്ക് മറ്റുള്ള ദളിതർക്ക് തുല്യമായ അവകാശങ്ങൾ നല്കുകയും ചെയ്യുന്നവരെ.

4) ദരിദ്രരെയും അധഃസ്ഥിതരെയും പ്രത്യേകമായി സഹായിക്കുന്നതിന് പരിശ്രമിക്കുന്ന ഒരു സാമ്പത്തികതയ്ക്കുവേണ്ടി പ്രവർത്തിക്കുകയും അവരുടെ മഹത്ത്വം സംരക്ഷിക്കുകയും രാഷ്ട്രനിർമ്മിതിയിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനം ഏറ്റെടുക്കാൻ ശക്തരാക്കുകയും ചെയ്യുന്നവരെ.

5. നമ്മുടെ രാജ്യത്തിന്റെ കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്ന, എല്ലാവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതസാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നവരെ.

ഇതെല്ലാം ദേശീയപ്രശ്നങ്ങളാണ്. ഇതുപോലെ പ്രാദേശികവും സവിശേഷവുമായ ആവശ്യങ്ങളും പരിഗണിക്കേണ്ടിവരും.

പൊതുനന്മയ്ക്കുവേണ്ടി ഏറ്റവും നല്ലത് എന്താണെന്നു തിരിച്ചറിയാൻ വേണ്ടി ദിവ്യകാരുണ്യത്തിന്റെ മുമ്പിലും ഭവനത്തിലും പ്രാർത്ഥനയിൽ കുറേസമയം ചെലവഴിക്കാൻ ഞങ്ങൾ നിർബന്ധിക്കുന്നു. നല്ലൊരു ഗവൺമെന്റ് ഉണ്ടാകാൻ നമ്മൾ എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. ദൈവം തന്റെ പുത്രനെ അയച്ചത് നമുക്കു ജീവനുണ്ടാകാനും അതു പൂർണമായി ഉണ്ടാകാനുമാണ് (യോഹ 10:10). കർത്താവിന്റെ ശക്തിയോടെ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കൂടുതൽ നല്ല ഇന്ത്യക്കുവേണ്ടി നമുക്കെല്ലാവർക്കും ഒരുമയോടെ അധ്വാനിക്കാം. എപ്പോഴും നയിക്കാനും സംരക്ഷിക്കാനും നമുക്ക് സമൃദ്ധമായ കൃപകൾ നല്കാനും വേണ്ടി, കന്യകമാതാവായ മറിയത്തിനു നമ്മുടെ രാജ്യത്തെ ഞങ്ങൾ സമർപ്പിക്കുന്നു.

**ഓസ്വാൾഡ് കാർഡിനൽ ഗ്രേഷ്യസ്**<br>
പ്രസിഡന്റ്, ഭാരതീയ കത്തോലിക്കാ മെത്രാൻസമിതി<br>
(സി.ബി.സി.ഐ.)

# സന്യാസിനിമാർ ഇല്ലായിരുന്നുവെങ്കിൽ

*"ആശുപത്രികളിൽ, പ്രേഷിതപ്രവർത്തനങ്ങളിൽ, വിദ്യാലയങ്ങളിൽ സമർപ്പിതരായ സഹോദരിമാർ ഇല്ലായിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു?" സന്യാസിനിമാർ ഇല്ലാത്ത ഒരു സഭയെക്കുറിച്ച് ചിന്തിക്കുക അസാധ്യം. സമർപ്പിതർക്കുവേണ്ടിയുള്ള ദിനമായ ഫെബ്രുവരി 2 ഞായറാഴ്ച ത്രികാലജപവേളയിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞ വാക്കുകളാണിവ. ഇറ്റാലിയൻ ഭാഷയിൽ മാർപാപ്പ നൽകിയ പ്രഭാഷണത്തിന്റെ പരിഭാഷ ഒസ്സെർവത്തോരെ റൊമാനോ മലയാളം പതിപ്പിൽ വന്നത് ചുവടെ ചേർക്കുന്നു.*

പ്രിയ സഹോദരീ സഹോദരന്മാരേ,
സുപ്രഭാതം!

യേശുവിന്റെ ദൈവാലയ സമർപ്പണത്തിരുനാൾ ഇന്ന് നാം ആഘോഷിക്കുന്നു. സമർപ്പിതർക്കുവേണ്ടിയുള്ള ദിനവും ഇന്നുതന്നെ. സഭയെ സംബന്ധിച്ചിടത്തോളം, സുവിശേഷപ്രഘോഷകരുടെ പാതയിൽ യേശുവിനോട് ചേർന്ന് അവിടുത്തെ അനുഗമിക്കുന്ന ജീവിതാന്തസിനെ ഏറ്റുവാങ്ങിയവരുടെ പ്രാധാന്യം വിളിച്ചോതുന്ന ദിവസമാണിത്. ജനിച്ച് 40 ദിവസങ്ങൾക്കുശേഷം ഹെബ്രായനിയമം അനുശാസിക്കുംവിധം യേശുവിനെ ദൈവതിരുമുമ്പാകെ സമർപ്പിക്കുന്നതിനുവേണ്ടി മറിയവും യൗസേപ്പും ശിശുവിനെയും എടുത്തുകൊണ്ട് ദൈവാലയത്തിലേക്ക് പോയതായി ഇന്നത്തെ സുവിശേഷം വിവരിക്കുന്നു. കന്യകാത്വം, ദാരിദ്ര്യം, അനുസരണം: യേശുവിന്റെ വിശേഷ ലക്ഷണങ്ങളായ ഇവ മൂന്നും ദൈവീകദാനമെന്നവണ്ണം സ്വായത്തമാക്കി സ്വന്തം ജീവിതങ്ങളെ ആത്മദാനമാക്കുന്നതിന്റെ പ്രതിരൂപാത്മകത ആവിഷ്കരിക്കുന്നതാണ് പ്രസ്തുത സുവിശേഷസംഭവകഥനം.

ദൈവതിരുമുമ്പാകെയുള്ള ഈ ആത്മസമർപ്പണം ഓരോ ക്രൈസ്തവനെയും സംബന്ധിക്കുന്നതാണ്; എന്തുകൊണ്ടെന്നാൽ നാം എല്ലാവരും ജ്ഞാനസ്നാനത്തിൽ അവിടുത്തേക്കു സമർപ്പിതരാണ്. യേശുവിനോടുകൂടി നമ്മെത്തന്നെയും പിതാവിന് സമർപ്പിക്കുവാൻ നാമേവരും വിളിക്കപ്പെട്ടിരിക്കുന്നു; യേശുവിനെപ്പോലെ കുടുംബത്തിൽ,

തൊഴിൽ മണ്ഡലത്തിൽ, സഭാശുശ്രൂഷയിൽ, കാരുണ്യപ്രവർത്തനങ്ങളിൽ നമ്മുടെ ജീവിതങ്ങളും ഉദാരദാനമാക്കിത്തീർക്കുന്നതിന്. എന്നുവരികിലും, സന്യസ്തരും സന്യാസികളും കന്യാസ്ത്രീകളും സമർപ്പിതരായ അല്മായരും ഈയൊരു സമർപ്പണം വിശേഷവിധിയായി ജീവിച്ചു പ്രകാശിപ്പിക്കുന്നു; അവരുടെ വ്രതവാഗ്ദാനത്തിന്റെ പ്രാഭവം ഹേതുവായി സമ്പൂർണവും പ്രത്യേകവുമായ വിധത്തിൽ ദൈവത്തിനു സ്വന്തമാണ്. കർത്താവിനുള്ള ഈ ഉടമസ്ഥാവകാശം ദൈവരാജ്യത്തിന്റെ സുവിശേഷത്തിനു സവിശേഷമാംവിധം സാക്ഷ്യം നൽകുവാൻവേണ്ടി ആധികാരികമായി ജീവിച്ചു പ്രകാശിപ്പിക്കുവാൻ കർത്താവ് അവർക്ക് അവസരമൊരുക്കുന്നു. നിരുത്സാഹകമായ ഹൃദയങ്ങളിൽ അവിടുത്തെ പ്രത്യാശ പരത്തുവാൻവേണ്ടി, എവിടെയൊക്കെ നിഴലുകൾ അതീവം അസ്പഷ്ടമായിരിക്കുന്നുവോ അവിടെയെല്ലാം ക്രിസ്തുവിന്റെ പ്രകാശം സംവഹിക്കുവാൻ മുഴുവനായി അവർ ദൈവത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു; അവർ തങ്ങളുടെ സഹോദരർക്കും പൂർണ്ണമായും നൽകപ്പെട്ടിരിക്കുന്നു.

ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സമർപ്പിതർ ദൈവത്തിന്റെ സംജ്ഞയാണ്; കൂടുതൽ നീതിപൂർവകവും ഭ്രാതൃനിർവിശേഷവുമായ സമൂഹത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേഷിതമായ പുളിമാവ് ആണത്. ഏറ്റവും എളിയവരോടും ദരിദ്രരോടും പങ്കുവയ്ക്കാനുള്ള ഭാവികാല പ്രവചനമാണവർ. അപ്രകാരം മനസിലാക്കി നയിക്കുന്ന സമർപ്പിതജീവിതം, അത് യഥാർത്ഥത്തിൽ എന്താണോ അതായി പ്രത്യക്ഷീകരിക്കപ്പെടുന്നു. ദൈവത്തിൽ നിന്നുള്ള വരദാനം; സഭയ്ക്കുള്ള ദൈവികസമ്മാനം, തന്റെ ജനത്തിനു ദൈവം നൽകുന്ന കൃപാവരം! ഓരോ സമർപ്പിത വ്യക്തിയും ദൈവജനത്തിന്, അതിന്റെ പ്രയാണത്തിലെ, ഒരു വരദാനമാണ്. അവരുടെ സാന്നിദ്ധ്യത്തിന്റെ ആവശ്യം വളരെ വലുതാണ്; സുവിശേഷപ്രചരണം, ക്രൈസ്തവ വിദ്യാഭ്യാസം, ദരിദ്രരോടുള്ള സ്നേഹം, ധ്യാനാത്മക പ്രാർത്ഥന, മാനവിക രൂപീകരണ പ്രതിബദ്ധത, യുവജനങ്ങളുടെയും കുടുംബങ്ങളുടെയും ആദ്ധ്യാത്മിക രൂപീകരണം, മനുഷ്യകുടുംബത്തിൽ നീതിക്കും ശാന്തിക്കും വേണ്ടിയുള്ള പ്രതിബദ്ധതയെ ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. എന്നാൽ, ആശുപത്രികളിൽ, മിഷൻദൗത്യങ്ങളിൽ, വിദ്യാലയങ്ങളിൽ സന്യാസിനികൾ ഇല്ലാതിരുന്നാൽ എന്തു സംഭവിക്കുമെന്ന് അല്പം ചിന്തിക്കാം. സന്യസ്ത സഹോദരിമാർ ഇല്ലാത്ത സഭയെക്കുറിച്ച് ഒന്ന് ചിന്തിച്ചാലും! അത് അചിന്തനീയമാണ്. അവർ ഒരു വരദാന

മാണ്; ദൈവജനത്തെ മുന്നോട്ട് വഹിക്കുന്ന പുളിമാവ് അവരാണ്. തങ്ങളുടെ ജീവിതം മുഴുവനായി ദൈവത്തിനു സമർപ്പിക്കുന്ന ഈ വനിതകൾ, യേശുവിന്റെ സന്ദേശം സംവഹിക്കുന്നു; അവർ മാഹാത്മ്യമുള്ളവരാണ്.

ദൈവിക സ്നേഹത്തിന്റെയും കരുണയുടെയും ഈ സാക്ഷ്യം സഭയ്ക്കും ലോകത്തിനും കൂടിയേ തീരൂ. ദൈവം നല്ലവനും കരുണാമയനും ആണെന്നുള്ളതിന്റെ തെളിവ് ആയ സന്യാസിനീ സന്യാസിമാർ അപ്രകാരം സമർപ്പിത ജീവിതത്തിന്റെ അനുഭവങ്ങൾ കൃതജ്ഞതയോടെ വിവേചിച്ചറിയേണ്ടത് ആവശ്യമാണ്. വൈവിധ്യമാർന്ന വ്യക്തിപ്രഭാവങ്ങളും ആദ്ധ്യാത്മികതയും ആഴത്തിൽ മനസിലാക്കുകയും വേണം. സഹോദരീസഹോദരന്മാർക്കുവേണ്ടി നിസ്വാർത്ഥസേവനം ചെയ്യാൻവേണ്ടി തങ്ങളെത്തന്നെ മുഴുവനായി സമർപ്പിക്കുവാൻ കർത്താവ് ക്ഷണിക്കുന്നവർ ആയ നിരവധി ചെറുപ്പക്കാർ “അതെ” എന്ന് കർത്താവിന് ഉത്തരം നൽകുന്നതിനായി പ്രാർത്ഥന ആവശ്യകമാണ്. ദൈവത്തെയും സഹോദരരെയും ശുശ്രൂഷിക്കാൻ വേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവയ്ക്കുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.

ഇക്കാരണങ്ങളാൽ എല്ലാം, ഇതിനോടകം പ്രഖ്യാപിച്ചതുപോലെ, സമർപ്പിതജീവിതത്തിനുവേണ്ടി അടുത്തവർഷം പ്രത്യേകം മാറ്റിവയ്ക്കപ്പെടും. ഇപ്പോൾ എന്നതുപോലെ പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെയും മധ്യസ്ഥതയിൽ ഈ സംരഭത്തെയും ഭരമേൽപ്പിക്കാം. യേശുവിന്റെ മാതാപിതാക്കൾ എന്ന നിലയിൽ അവിടുന്ന് മുഖാന്തിരം ആദ്യമായി സമർപ്പിതരായവരും ജീവിതങ്ങളെ അവിടുത്തേയ്ക്കുവേണ്ടി സമർപ്പിച്ചവരും അവരാണല്ലോ.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ*
*(മലയാളം പതിപ്പ്, പുസ്തകം 6, ലക്കം 50, 14 ഫെബ്രുവരി 2014)*

Prot. No.14540/2014

# DECREE OF CONSTITUTION

## Diocesan Committee for Investigation of Allegations against Priests (DCIAP)

After mature consideration and due consultations and in obedience with the canonical dispositions of the Church as well as obtaining expert opinion, I hereby constitute a committee named Diocesan Committee for Investigation of Allegations against Priests (DCIAP) on a stable basis with immediate effect. It is further decreed that the Convenor and the members of the said Committee shall be elected and appointed by the eparchial bishop of Mananthavady in accordance with article art.V.1. of the Statutes of the said Committee and the functioning of the said Committee shall be regulated by the mentioned Statutes.

All contrary dispositions notwithstanding.

Given from the office of the bishop of Mananthavady on 1st February 2014.

**Fr Joseph Paruvummel**
Chancellor

**Bishop Jose Porunnedom**
Bishop of Mananthavady

CHANCELLOR
DIOCESE OF MANANTHAVADY

JOSE PORUNNEDOM
BISHOP OF MANANTHAVADY

# STATUTES

## OF THE DIOCESAN COMMITTEE FOR INVESTIGATION OF ALLEGATIONS AGAINST PRIESTS (DCIAP)

**I. Name**

1. The name of the Committee shall be Diocesan Committee for Investigation of Allegations against Priests – hereafter called DCIAP.

**II. Nature**

1. DCIAP shall be a juridical body constituted by the diocesan bishop of Mananthavady on a stable basis.

**III. Purpose**

1. DCIAP is constituted for investigating the allegations against the diocesan priests of Mananthavady as well as against the priests belonging to the Institutes of Consecrated Life and Societies of Apostolic Life who are part of the pastoral clergy of the diocese of Mananthavady and to suggest measures to be taken by the diocesan authorities in cases entrusted to DCIAP.

**IV. Office**

1. The office of DCIAP shall be located in the Bishop's House, Mananthavady. The official address of DCIAP shall be Bishop's House, PB No. 1, Mananthavady 670 645.

**V. Members**

1. DCIAP is constituted of a Convenor and five members elected with an absolute majority by the Diocesan Presbyteral Council from among its members and appointed by the diocesan bishop.

**VI. Term of Office**

1. Unless otherwise specified, the term of office of the Convenor and members of DCIAP is five years.
2. The term of office begins as and how indicated in the letter of appointment.

3. The same Convenor and the members may be re-elected only for one more consecutive term without, however, prejudice to the disposition below.
4. In order to ensure continuity and smooth functioning of the committee it is desirable that one of the members of DCIAP may be re-elected for successive terms even if he has already served in DCIAP for two terms.

**VII. Consultors**

1. The Convenor in consultation with the members is competent to co-opt as consultor anyone as and when needed on a case-by-case basis. They shall be known as consultors of DCIAP.
2. The duration of office of consultors shall be specified in the letter of appointment given by the Convenor and shall cease accordingly.

**VIII. Cessation of Membership**

1. Membership in DCIAP ceases to exist by a) death, b) incapability, c) resignation, and d) removal by competent authorities.
2. In case of incapability it does not become effective if not declared in writing by the diocesan bishop.
3. Resignation, to be effective, is to be conveyed in writing to the diocesan authorities by the person concerned and is to be accepted and is conveyed in writing to the person concerned by the same authorities.
4. The vacancy of, both Convenor and members, is to be supplied at the earliest possible by the competent authorities, in the same manner as above. However, vacancy of either the Convenor or the members does not prevent the DCIAP from functioning.
5. In the interim, however, one of the members is to be designated as Acting Convenor by the diocesan authorities. As and when the new Convenor assumes office the office of the Acting Convenor ceases to exist.
6. The term of office of the new Convenor shall be the remaining period of the one because of whom the vacancy arose. This term of office will not be counted as a term and hence anyone thus appointed is eligible to be elected and appointed for another two consecutive terms.

7. Loss of membership in the presbyteral council does not automatically cause loss of membership in DCIAP.

8. Removal from membership can be legitimately executed by the diocesan authorities through an administrative decree conveyed to the person concerned after giving him a chance for self-defense through a committee appointed for that purpose.

9. Reasons for removal are to be indicated in the decree of removal.

**IX. Functioning of DCIAP**

1. The functioning of DCIAP is to be as follows:

2. As and when decided by the diocesan authorities, cases of allegations against the diocesan priests of Mananthavady and against the other priests belonging to the pastoral clergy of Mananthavady will be entrusted to the Convenor with all the available documents.

3. The Convenor then constitutes a subcommittee of three or less members by turn indicating one of them as convenor and another as notary who will record the proceedings. The Convenor himself may take up the role of the convenor of a subcommittee.

4. The sub-committee shall be competent to summon anyone or to gather evidence from anyone or anywhere as a part of the investigative process.

5. If needed, the Committee has the competence to seek help of experts for better eliciting the various aspects of the case under investigation.

6. In all cases there shall be written documents, also for appointments, with the required legal formalities, that can be produced for verification before the competent authorities, including civil authorities.

7. Depositions of both petitioners as well as of defendants and witnesses, shall be written down by the notary and at the end of the questioning shall be read out to the one giving the deposition and get his or her signature indicating his/her assent to the objectivity of what he/she has said.

8. DCIAP shall take all precautions so that all proceedings remain always secret in such a way that the good name of the parties and witnesses involved is not damaged.
9. As and when the investigation is completed a consolidated report shall be prepared by the convenor of the sub-committee in consultation with the other members and if needed with the help of the Convenor of DCIAP, if he is not already the convenor of the sub-committee.
10. The convenor of the subcommittee shall submit the report with a covering letter to the Convenor of DCIAP who in turn shall submit it to the diocesan authorities with another covering letter of himself.
11. All the supporting documents in original also shall be attached to the report and submitted to the diocesan authorities.
12. Once the report is submitted and the diocesan authorities have informed the Convenor of DCIAP that no further investigation is required the concerned sub-committee shall be dissolved by the Convenor of DCIAP with a formal document.

## X. Points of Investigation

1. DCIAP is to investigate cases of allegations in accordance with the terms of reference indicated by the diocesan authorities and to establish their veracity as well as to suggest measures to be taken by the diocesan authorities.
2. DCIAP is competent to deal with any other case entrusted by the diocesan authorities in the manner indicated by the same authorities.

## XI. Remuneration & Expenses

1. The Convenor and members of DCIAP are not entitled for any remuneration or emoluments.
2. The expenses incurred for the administration of the office of DCIAP and for the investigation of cases shall be reimbursed from the general finance of the Diocese.
3. It shall be the duty of the Convenor to submit the accounts with supporting documents within 30 days of submitting the reports of cases entrusted to DCIAP.
4. Ordinary administrative expenses of DCIAP may be reimbursed from the eparchial finance officer on a quarterly basis

or when the Convenor requests for it. However, the expenses of a year shall be settled in the same year.

**XII. Archives**

1. DCIAP shall have its own archives attached to the office and all documents shall be kept under lock and key by the Convenor. No document shall be taken out of the archives by anyone, not even by the members of DCIAP, without permission from the Convenor.
2. Documents taken out shall be replaced at the earliest possible and in the same condition in which they were taken out.
3. Copies of documents in the archives or outside, shall not be given to anyone, including the parties as well as witnesses and consultors without permission of the Convenor.
4. In case civil courts order the Committee to produce documents in civil courts the Convenor may do so after consulting the eparchial diocesan authorities. Certified copies of all documents produced in civil courts shall be kept in the archives.

**XIII. Amendments**

1. These statutes may be amended or annulled any time in consultation with the presbyteral council by the diocesan bishop.

Approved and promulgated by the diocesan bishop of Mananthavady on 1st February 2014.

**Fr Joseph Paruvummel**
Chancellor




**Bishop Jose Porunnedom**
Bishop of Mananthavady



# സ്വർഗ്ഗത്തിൽ ഒരു പള്ളിപണിയാം

കേരളത്തിലെ ദേവാലയ നിർമ്മാണങ്ങളുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ പലതിനും അനേകരുടെ ത്യാഗപൂർവ്വമായ പങ്കുവയ്ക്കലിന്റെ കഥകൾ പറയാനുണ്ടാകും. പ്രത്യേകിച്ച്, കഴിഞ്ഞ തലമുറയുടെ കാലത്ത് നിർമ്മിച്ച ദേവാലയങ്ങളുടെ കാര്യത്തിൽ. വിദേശരാജ്യങ്ങളിലെ സാധാരണക്കാരായ ആളുകൾ കഠിനാധ്വാനം ചെയ്തതിന്റെ ഒരു പങ്ക് ദേവാലയം നിർമ്മിക്കാനും പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാനും ഇവിടുത്തെ പട്ടിണി അകറ്റാനുമായി അവർ ചെലവഴിച്ചു. കേരളത്തിന്റെ വളർച്ചയിൽ ദേവാലയങ്ങളും ഇടവകവികാരിമാരുമൊക്കെ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.  അനേകരുടെ സന്മനസുകൊണ്ട് നമ്മുടെ നാട്ടിൽ ദേവാലയങ്ങളും മറ്റു സൗകര്യങ്ങളുമൊക്കെ ഉണ്ടായപ്പോൾ, സംസ്ഥാനം പലവിധത്തിൽ പുരോഗതി പ്രാപിച്ചു.

ഇപ്പോൾ കേരളം സാമ്പത്തികമായി ഏറെ മുന്നേറിയിരിക്കുന്നു. പുറത്തുള്ള ആരുടെയും സാമ്പത്തികസഹായം ഇല്ലാതെ ദേവാലയങ്ങളും മറ്റ് സ്ഥാപനങ്ങളുമൊക്കെ നിർമ്മിക്കാൻ കഴിയുന്ന അവസ്ഥയിലെത്തി. എന്നാൽ, ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളിലും അതിനുള്ള സാമ്പത്തിക പിൻബലമോ മറ്റു സംവിധാനങ്ങളോ ഇല്ലാത്ത വിശ്വാസികളുടെ വലിയ നിരയുണ്ട്. ടാർപായ വലിച്ചുകെട്ടി ആരാധന നടത്തുന്ന വിശ്വാസ സമൂഹങ്ങൾ. അതേസമയം നമ്മുടെ സംസ്ഥാനത്ത് ധാരാളം ദേവാലയങ്ങൾ കോടികൾ ചെലവഴിച്ച് പുതുക്കി പണിയുന്നു. മാനുഷികമായി ചിന്തിച്ചാൽപ്പോലും അവരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. കാരണം, അനേകരുടെ പങ്കുവയ്ക്കലിന്റെ ഗുണഫലങ്ങൾ അനുഭവിച്ച നമുക്ക് അതു തിരിച്ചു നൽകാൻ കടമയുണ്ട്. ദൈവത്തിനായുള്ള ആലയം നിർമ്മിക്കാൻ പണം ഇല്ലാതെ വിഷമിക്കുമ്പോൾ ആരു നല്കുന്ന പണംകൊണ്ടാണോ നമ്മൾ ഈ ഭൂമിയിൽ ദേവാലയം നിർമ്മിക്കുന്നത് – യഥാർത്ഥത്തിൽ അവരുടെ പേരിൽ അതേസമയം സ്വർഗത്തിൽ ഒരു പള്ളി പണിയപ്പെടുകയാണ്. നമ്മുടെ ഇടവകയുടെ, രൂപതയുടെ പേരിൽ സ്വർഗ്ഗത്തിൽ ദേവാലയങ്ങൾ ഉയരാനുള്ള അവസരങ്ങൾ പാഴാക്കുന്നു. നമ്മുടെ ഇടവകയും കുടുംബ

ങ്ങളും സംസ്ഥാനവുമൊക്കെ അനുഗ്രഹിക്കപ്പെടാനുള്ള വഴികൾ നാം ഇവിടെ കണ്ടില്ലെന്നു നടിക്കുകയാണ്. നാം ഇവിടെയൊരു ദേവാലയം നിർമ്മിക്കാൻ ഉപയോഗിക്കുന്ന തുകയുടെ പത്തോ ഇരുപതോ ശതമാനം നമ്മുടെ സഹോദരങ്ങൾക്കു നൽകാൻ മനസുകാണിച്ചാൽ അവർക്ക് മഴ നനയാതെയും വെയിലു കൊള്ളാതെയും ആരാധന നടത്താൻ കഴിയും. വലിയ ദേവാലയങ്ങൾ പണിത് ആരാധന നടത്തുമ്പോൾ നമ്മുടെ സഹോദരങ്ങൾ ടാർപായ വലിച്ചുകെട്ടിയും മഴ നനഞ്ഞുമൊക്കെ ആരാധനയിൽ പങ്കുചേരേണ്ട സാഹചര്യമാണ് ഉള്ളതെങ്കിൽ നാം പ്രസംഗിക്കുന്ന സ്നേഹത്തിനും കാരുണ്യത്തിനും അർത്ഥമില്ലാതാകുകയല്ലേ?

സമ്പന്നമായ ഇടവകകളാണെങ്കിലും ദേവാലയ നിർമ്മാണങ്ങളും പുനഃനിർമാണങ്ങളുമൊക്കെ ഭാരിച്ച സാമ്പത്തികഭാരം ഉണ്ടാക്കുന്നവയാണ്. സാമ്പത്തികസ്ഥിതി അനുസരിച്ചാണല്ലോ ദേവാലയങ്ങൾ നിർമ്മിക്കുന്നതും. മാനുഷികമായി ചിന്തിക്കുമ്പോൾ ആ സമയത്ത് മറ്റൊരു ദേവാലയ നിർമ്മാണത്തിന് സഹായിക്കാൻ ശ്രമിക്കുന്നത് ബുദ്ധിയില്ലാത്ത തീരുമാനമായിരിക്കും. പക്ഷേ, സഹോദരങ്ങൾക്കുവേണ്ടി വിഡ്ഢികളാകാൻ തയ്യാറാകുന്നവരെയാണ് ദൈവം അനുഗ്രഹിക്കുന്നത്. സഹായിച്ചതിന്റെ പേരിൽ നമ്മുടെ ദേവാലയനിർമ്മാണം ഒരിക്കലും മുടങ്ങിപ്പോകില്ല. ഇല്ലായ്മയിൽനിന്നും പങ്കുവയ്ക്കാൻ തയ്യാറായ രാജ്യങ്ങൾ അവരുടെ അടുത്ത തലമുറയുടെ കാലമായപ്പോൾ ഏറെ മുൻപിലെത്തി എന്നത് മറ്റൊരു ചരിത്രം. നൽകുന്നവരെ എന്നും ദൈവം അനുഗ്രഹിക്കും എന്നാണ് ഇതു നമ്മോട് പറയുന്നത്.

കഷ്ടിച്ചു ദേവാലയ നിർമാണത്തിനുള്ള പണം സ്വരൂപിച്ചു കഴിയുമ്പോൾ അതിൽനിന്നും ഒരു പങ്ക് ഇല്ലാത്തവരുമായി പങ്കുവയ്ക്കുമ്പോൾ നമ്മുടെ ദേവാലയ നിർമ്മാണത്തിൽ ദൈവത്തെക്കൂടി പങ്കാളിയാക്കുകയാണ്. അതിനായി സ്വരുക്കൂട്ടിയ പണം മറ്റൊരു ദേവാലയത്തിനായി നൽകുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് അതാണ്. വിശ്വാസികളും അല്ലാത്തവരുമായ എത്രയോ പേരാണ് ഒരു ദേവാലയത്തിൽ വന്നുപോകുന്നത്. തളർന്നുപോയ അനേകർക്ക് ആശ്വാസം ലഭിക്കുന്നുണ്ടാകും. ദേവാലയത്തിൽവച്ച് എത്രയോ പേരോടാകും പല രീതിയിൽ സംസാരിച്ചിട്ടുണ്ടാവുക. ഒരു നിമിഷം കൊണ്ടാകും പലരുടെയും ജീവിതം മാറിമറിയുന്നത്. ആ ദേവാലയത്തിൽ കരഞ്ഞു പ്രാർത്ഥിച്ച

പ്പോൾ ദൈവം ഇടപെട്ടതിനാലാണ് ഞാൻ ഇപ്പോൾ ജീവിച്ചിരിക്കുന്നത് എന്നു പറയുന്ന ധാരാളം പേർ നമ്മുടെ ചുറ്റുപാടും കാണും. ആലോചിച്ചു നോക്കുക-ഇടവകയും ദേവാലയങ്ങളുമൊക്കെ ഇല്ലായിരുന്നെങ്കിൽ നമ്മുടെ ജീവിതം മറ്റൊന്നാകുമായിരുന്നില്ലേ? ഒരു ദേവാലയ നിർമ്മാണത്തിൽ സഹായിക്കുമ്പോൾ അതുമൂലം ഉണ്ടാകുന്ന നന്മകൾ നാം വിചാരിക്കുന്നതിനപ്പുറമായിരിക്കും. അതിന്റെ പേരിൽ നമ്മളും അനുഗ്രഹിക്കപ്പെടുമെന്നത് തീർച്ചയാണ്. ദേവാലയം നിർമ്മിക്കുന്നതോടൊപ്പം ഇടവകയിലെ പാവപ്പെട്ട കുടുംബത്തിന് വീട് നിർമ്മച്ചു നൽകുന്നതുപോലുള്ള പ്രവർത്തനങ്ങൾ എണ്ണത്തിൽ കുറവാണെങ്കിലും ഇപ്പോൾ നടക്കുന്നുണ്ട്. അതുപോലുള്ള പ്രവർത്തനങ്ങൾ ദേവാലയ നിർമ്മാണങ്ങളുടെ ഭാഗമായി മാറണം. ദേവാലയനിർമ്മാണം പങ്കുവയ്ക്കലിന്റെ പാഠങ്ങളാണ് പഠിപ്പിക്കുന്നതെങ്കിൽ വലിയ ക്രിസ്തീയ മാതൃകകളാണ് അതുവഴി നൽകുന്നത്.

*കടപ്പാട് : സൺഡേശാലോം*
*എഡിറ്റോറിയൽ , 2014 ഫെബ്രുവരി 17*

# രൂപതാകച്ചേരി വാർത്തകൾ

## അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ

മാർച്ച് 19-ാം തീയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പ് പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ രൂപത മുഴുവനും വേണ്ടി സ്നേഹപൂർവ്വം നമുക്ക് ആശംസിക്കാം. ഉണ്ണി ഈശോയെയും പരി. മറിയത്തേയും കാത്തുസംരക്ഷിച്ച വി. യൗസേപ്പ് പിതാവ് അഭിവന്ദ്യ പിതാവിനെയും കാത്തുപരിപാലിക്കുകയും തന്റെ സൂക്ഷത്തിന് ഏല്പിച്ചിരിക്കുന്ന മാനന്തവാടി രൂപതയെ നയിക്കുവാനുള്ള ശക്തിയും കൃപയും ഈശോയിൽ നിന്നും വാങ്ങിത്തരികയും ചെയ്യണമേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. വി. യൗസേപ്പിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...

## മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രയങ്കരനായ പിതാവ് മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതിയാണല്ലോ. അന്ന് ഞായറാഴ്ചയായതിനാൽ ഏപ്രിൽ 5 ശനിയാഴ്ച കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 7.00 ന് എമ്മാനുവേൽ പിതാവിനുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ, എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനു വേണ്ടി വി. കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**സ്നേഹസ്മരണ**

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനമായ മാർച്ച് 10-ാം തീയതി രാവിലെ 7 മണിക്ക് വിയാനിഭവൻ ചാപ്പലിൽ അച്ചനു വേണ്ടി യുള്ള തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. അച്ചനെ നമ്മുടെ പ്രാർത്ഥന കളിൽ പ്രത്യേകം അനുസ്മരിക്കാം.

**പാസ്റ്ററൽ കൗൺസിൽ**

മാർച്ച് 8 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരു ന്നതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ക്ഷണക്കത്ത് അയച്ചി ട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ക്ഷണകത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈദിക സമ്മേളനം**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു സമ്മേളനം മാർച്ച് 12 ബുധനാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. ഏതെ ങ്കിലും കാരണവശാൽ ക്ഷണകത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയി പ്പായി സ്വീകരിച്ച് വൈദിക സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 1 തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

**മേജർ സെമിനാരിക്കാരുടെ സമ്മേളനം**

ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം മാർച്ച് 31-ാം തീയതി വൈകുന്നേരം 6 മണി മുതൽ ഏപ്രിൽ 4-ാം തീയതി വൈകു ന്നേരം വരെ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

**വൈദിക വസ്ത്രം സ്വീകരണം**

ബിരുദാനന്തര ബിരുദം കഴിഞ്ഞ് ദൈവശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മെയ് 7 ന് മൈനർ സെമി നാരിയിൽ വച്ച് അഭിവന്ദ്യ പിതാവ് വൈദിക വസ്ത്രം നൽകുന്നതായി രിക്കും.

**രൂപതാദിനം**

നേരത്തെ ബുള്ളറ്റിൻവഴി അറിയിച്ചിരുന്നതുപോലെ രൂപതാദിനം മെയ് 1 ന് വ്യാഴാഴ്ചയായിരിക്കും.

**കൂരിയ അവധി**

ഏപ്രിൽ 16 മുതൽ 26 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓഡിറ്റിംഗ് നിശ്ചിത ദിനങ്ങളിൽ നടക്കുന്നതായിരിക്കും.

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള **വാർഷിക പൊതുയോഗം ഏപ്രിൽ 6-ാം തീയതി** ഞായറാഴ്ച നടത്തേണ്ടതാണ്. 6-ാം തീയതി അസൗകര്യം ഉള്ള ഇടവകകൾക്ക് മാർച്ച് 30-ന് നടത്താവുന്നതാണ്. പൊതുയോഗത്തിൽ 2013-14 വർഷത്തെ വാർഷികകണക്ക്, 2014-15 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2014-15 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

ഓഡിറ്റിംഗിന് വേണ്ട രേഖകൾക്ക് പുറമെ **1) ആണ്ട് തെരട്ട് ബുക്ക്, 2) പൊതുയോഗ തീരുമാനത്തിന്റെ പകർപ്പ്, 3) ആണ്ട് തെരട്ടിന്റെ പകർപ്പ്, 4) ബഡ്ജറ്റിന്റെ കോപ്പി, 5) കൈക്കാരൻമാരുടെ പ്രതിജ്ഞാപത്രം, 6) 10 ശതമാനം രൂപതാവിഹിതം** എന്നിവ ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം.

കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ *(കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധ*

*പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 151, നമ്പർ 42.)* സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

★ സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതു തരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.

★ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.

★ ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

★ സീറോ മലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

★ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേകപ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം പൊതുയോഗ തീരുമാനത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

★ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

★ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

★ മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമ പ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

## ഓഡിറ്റിംഗ്

കഴിഞ്ഞവർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശസഹായം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഇത്തവണ ഏപ്രിൽ 7 മുതൽ 12 വരെയും 22 മുതൽ 25 വരെയുമാണ് ഓഡിറ്റിംഗ്. ഈ വർഷം ഏപ്രിൽ 13 മുതൽ 20 വരെ വലിയ ആഴ്ച ആയതുകൊണ്ട് വലിയ ആഴ്ചയ്ക്ക് മുൻപും പിൻപുമായിട്ടാണ് ഓഡിറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്. 6-ാം തീയതി പൊതുയോഗം കഴിഞ്ഞ് 7-ാം തീയതി മുതൽ തന്നെ ഓഡിറ്റിംഗിന് വരേണ്ടിവരുന്നത് ചെറിയ അസൗകര്യമുണ്ടാക്കിയേക്കുമെങ്കിലും മുൻകൂട്ടി കാര്യങ്ങൾ ക്രമപ്പെടുത്തി നിശ്ചിതദിവസങ്ങളിൽ തന്നെ വന്ന് സഹകരിക്കണേ.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെസമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ ഓഡിറ്റിംഗ് ഏപ്രിൽ 11 വെള്ളിയാഴ്ചയാണ് നിശ്ചയിച്ചിട്ടുള്ളത്. തീരാതെ വന്നാൽ പതിവുപോലെ ശനിയാഴ്ച പൂർത്തിയാക്കുന്നതാണ്.

ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, വാർഷികതെരട്ടിന്റെ കോപ്പി, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേ

ണ്ടതാണ്. ഓഡിറ്റേഴ്സിന്റെ ആവശ്യത്തിലേയ്ക്ക് നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ എന്നിവയും കൊണ്ടുവരേണ്ടതാണ്. (രൂപതാവിഹിതം കണക്കാക്കുന്നത് വാർഷികതെരട്ടുകടലാസിലെ വരവിന്റെ A വിഭാഗത്തിലെ ആകെ തുകയിൽ നിന്ന് കൃഷിച്ചിലവ് കുറവ് ചെയ്ത് ലഭിക്കുന്ന ആകെ തുകയുടെ 10% ആണ്.) കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺസ്, FCA സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| കല്ലോടി ഫൊറോന | ഏപ്രിൽ 7 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| വാളേരി (Dependent Filial Church) | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| ചുങ്കക്കുന്ന് ഫൊറോന | ഏപ്രിൽ 8 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽച്ചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |

| കല്പറ്റ ഫൊറോന | ഏപ്രിൽ 8 ചൊവ്വ | ബിഷപ്സ് ഹൗസ് |
|---|---|---|
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചൂരൽമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുന്നംമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുഴമുടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മാനന്തവാടി ഫൊറോന | ഏപ്രിൽ 9 ബുധൻ | ബിഷപ്സ് ഹൗസ് |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 10 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 10 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 11 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 12 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബി നഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** | **ബിഷപ്പ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പോയിൽ | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു. ബത്തേരി ഫൊറോന** | **ഏപ്രിൽ 23 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 25 വെള്ളി** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |

## TRANSFER AND APPOINTMENTS (w.e.f. 09-02-2014)

| Name of Priest | Place |
|---|---|
| Rev. Fr. Thekkanaday Jose | Vicar, Chundakkara |
| Rev. Fr. Karuthedath Mathew | Vicar, Kelakam |
| Rev. Fr. Punnackapadavil Sebastian | Assistant, Cathedral |
| Rev. Fr. Kattamkottil Thomas | Assistant, Chungakkunnu |
| Rev. Fr. Madathil Sebastian | Assistant, Manimooly |
| Rev. Fr. Ambalathara Francis | Assistant, Payyampally |
| Rev. Fr. Kattath Thomas | Assistant, Nilambur |
| Rev. Fr. Mekkatt Philip | Assistant, Kayyunni & Vice-Principal, Sacred Heart School, Kayyunni |
| Rev. Fr. Chirayath Prince La Salette | Assistant, Cherukattoor |
| Rev. Fr. Kanichai Linto SJ | Assistant, Kallody |
| Rev. Fr. Joseph Mukulath OSFS | Assistant, Ambalavayal |
| Rev. Fr. Thennattil Thomas (Mandya) | Assistant, Chundakkara |
| Rev. Fr. Vadakkel Jovial Joseph O.Pream | Assistant, Bathery |

## ലഹരിവിമുക്ത വർഷാചരണം

2014 മാർച്ച് 1 മുതൽ 2015 മാർച്ച് 1 വരെ നമ്മുടെ രൂപതയിൽ ലഹരി വിമുക്തവർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണല്ലോ. ഈ വർഷാചരണത്തിന്റെ ഔദ്യോഗിക ഉത്ഘാടനം കത്തീഡ്രൽ പള്ളിയിൽ വച്ച് മാർച്ച് 2-ന് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു.

ലഹരി എന്ന വലിയ തിന്മ നമ്മുടെ വ്യക്തി ജീവിതത്തിൽ നിന്നും കുടുംബജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഇല്ലായ്മ ചെയ്യപ്പെടുന്നവിധം ഫലദായകമായി ഈ വർഷം ആചരിക്കുന്നതിന് ദൈവാനുഗ്രഹം കൂടിയേ കഴിയൂ. അതുകൊണ്ട് വ്യക്തിപരമായും കുടുംബങ്ങളിലും ഉള്ള പ്രാർത്ഥനയ്ക്ക് പുറമെ രൂപത മുഴുവനും പ്രാർത്ഥനാശൃംഖലയിൽ ഒന്നുചേരേണ്ടത് ആവശ്യമാണ്. അതിനായി മാർച്ച് 1 മുതൽ വർഷം മുഴുവനും ഓരോ ഇടവകയിലും മാറി മാറി വി.കുർബാന, ഒരു മണിക്കൂർ ആരാധന, ജപമാല എന്നിവ *ലഹരി വിമുക്ത കുടുംബം അനുഗ്രഹീത സമൂഹം* എന്ന നിയോഗത്തിനായി നടത്തേണ്ടതാണ്. വി. കുർബാന ഇടവകചെലവിലാണ് അർപ്പിക്കേണ്ടത്. ഓരോ ദിവസവും നടത്തേണ്ട ഇടവകകളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

| MARCH | | | |
|---|---|---|---|
| **Date** | **Holy Mass** | **Adoration** | **Rosary** |
| 1 | Chungakkunnu | Manimooly | Payyampally |
| 2 | Adackathode | Bhoodanam | Panavally |
| 3 | Ambayathode | Marutha | Arattuthara |
| 4 | Kelakam | Munderi | Padamala |
| 5 | Kottiyoor | Narivalamunda | Edayoorkunnu |
| 6 | Nelliyodi | Njarappadam | Kammana |
| 7 | Ottaplave | Palankara | Kartikulam |
| 8 | Palchuram | Palemad | Appappara |
| 9 | Santhigiri | Pathirippadam | Bavali |
| 10 | Velloonni | Thalanji | Martin Nagar |
| 11 | Kallody | Adikolly | Thrissilery |
| 12 | Karackamala | Amarakkuni | Abalavayal |
| 13 | Deepthigiri | Irulam | Bathery |
| 14 | Dwaraka | Kabanigiri | Chulliode |
| 15 | Jude's Mount | Marakave | Chithragiri |
| 16 | Anjukunnu | Marakkadave | Cheengavallam |
| 17 | Chulliana | Mullenkolly | Kadalmad |

| | | | |
|---|---|---|---|
| 18 | Karimbil | Padichira | Kallumukku |
| 19 | Kommayad | Pattanikoop | Vadakkanad |
| 20 | Kunjhome | Pulpally | Meenangadi |
| 21 | Makkiyad | Seethamount | Moolankave |
| 22 | Mangalassery | Sisumala | Pazhoor |
| 23 | Mothakkara | Valanchery | Thomattuchal |
| 24 | Niravilpuzha | Arinchermala | Karani |
| 25 | Ozhukkanmoola | Cherukattoor | Vakery |
| 26 | Puthiyidomkunnu | Chundakkara | Chennalode |
| 27 | Puthussery | Kalluvayal | Kavummannam |
| 28 | Thonichal | Kaniambetta | Kottathara |
| 29 | Vanjode | Kenichira | Kurumani |
| 30 | Valeri | Kurumbalakotta | Kurumbala |
| 31 | Charity | Nadavayal | Mangalam |
| | | **APRIL** | |
| 1 | Kunnambetta | Neikkuppa | Manjoora |
| 2 | Theneri | Panamaram | Panthipoil |
| 3 | Edapetty | Paralikunnu | Puthusserikkadave |
| 4 | Kalpetta | Valavayal | Thariode |
| 5 | Kolavayal | Vilambukandam | Arattupara |
| 6 | Cheengeri | Chokkad | Arulnilayam |
| 7 | Lakkidi | Edivanna | Aruvankad |
| 8 | Nedumpala | Moolepadam | Bekki |
| 9 | Olivumala | Muttiyel | Burliar |
| 10 | Puzhamudi | Nilambur | Coonoor |
| 11 | Rippon | Pookkottumpadam | Dharmagiri |
| 12 | Chooralmala | Poolappadam | Kalpra |
| 13 | Vazhavatta | Ruby Nagar | Kayyunni |
| 14 | Vythiri | T K Colony | Kunnalady |
| 15 | Alattil | Thelpara | Machikolly |
| 16 | Boy's Town | Vadapuram | Mannuvayal |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# ലഹരിവിമുക്ത വർഷാചരണം
## 2014-2015

മാനന്തവാടി രൂപത 2014 മാർച്ച് 1 മുതൽ 2015 മാർച്ച് 1 വരെ ലഹരി വിമുക്ത വർഷമായി ആചരിക്കുകയാണെന്ന് മാനന്തവാടി രൂപത യുടെ ഇടയൻ മാർ ജോസ് പൊരുന്നേടം പിതാവ് പ്രഖ്യാപിച്ചു. അഭി വന്ദ്യ പിതാവിന്റെ പ്രഖ്യാപനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ വർഷാ ചരണത്തിന്റെ നടത്തിപ്പിനായി രൂപതാ തലത്തിൽ വിവിധ കമ്മറ്റികൾ രൂപം കൊണ്ടുവരുന്നു. രൂപതാകമ്മറ്റി, രൂപതാ സെൻട്രൽ കമ്മറ്റി, രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി എന്നിങ്ങനെ മൂന്ന് കമ്മറ്റികളാണ് രൂപതാതലത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**ഫൊറോനാ കമ്മറ്റികൾ**

ഫൊറോനാ കൗൺസിലിനു തന്നെയാണ് ലഹരിവിമുക്ത വർഷാ ചരണത്തിന്റെ നേതൃത്വം. കൂടാതെ ഫൊറോന വികാരി, ഫൊറോന ഡയറക്ടർ, ഫൊറോന ആനിമേറ്റർ, ഇടവക കൺവീനർമാർ എന്നിവ രടങ്ങുന്ന പ്രവർത്തക സമിതിയും ഉണ്ടായിരിക്കും.

**ഇടവകതലം**

പാരീഷ് കൗൺസിൽ തന്നെയാണ് ഇടവക ലഹരിവിമുക്ത വർഷാചരണത്തിന് നേതൃത്വം നൽകുന്നത്. കൂടാതെ വാർഡ് കൺവീ നർമാർ, ഫൊറോന കൗൺസിൽ മെമ്പർമാർ, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനാ പ്രതിനിധികൾ, സന്യാസഭവന പ്രതിനിധികൾ, ആനിമേറ്റർ എന്നിവരടങ്ങുന്ന പ്രവർത്തക സമിതിയും ഉണ്ടായിരിക്കും.

2014 ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ പ്രോട്ടോസിഞ്ചെല്ലൂസ് നൽകിയ നിർദ്ദേശങ്ങൾ പാലിച്ച് കമ്മറ്റികൾ രൂപീകരിക്കുക.

**രൂപതാ ഭാരവാഹികൾ**

| | | |
|---|---|---|
| ചെയർമാൻ | : | മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ |
| വൈസ് ചെയർമാൻ | : | മോൺ. ജെയിംസ് കുറ്റിമാക്കൽ |
| വർക്കിംഗ് ചെയർമാൻ | : | റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ |
| കൺവീനർ | : | ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ |

സെക്രട്ടറി : ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ

ആനിമേറ്റർ : റവ.സി. ജോവിറ്റ എഫ്.സി.സി.

**ആലോചനായോഗങ്ങൾ**

19-1-2014 ന് ബിഷപ്സ് ഹൗസിൽ വെച്ച് പാസ്റ്ററൽ കൗൺസിൽ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിനിധികളും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രതിനിധികളും യോഗം ചേർന്ന് ലഹരിവിമുക്ത വർഷാചരണം നടത്തേണ്ടത് എങ്ങനെ എന്നതിനെപ്പറ്റി ആലോചനായോഗം നടത്തി. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അധ്യക്ഷതവഹിച്ചു.

04-02-2014 ന് ബിഷപ്സ് ഹൗസിൽ വെച്ച് കോർ കമ്മറ്റിയോഗം ചേർന്നു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അധ്യക്ഷത വഹിച്ചു. റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, റവ.ഫാ. ബാബു മാപ്ലശേരി, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ പങ്കെടുത്തു. ബാനർ, സ്റ്റിക്കർ എന്നിവ രൂപകൽപന ചെയ്യാൻ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനെയും 6-2-2014 ന് ചേരുന്ന സെൻട്രൽ കമ്മറ്റിയോഗത്തിൽ അവതരിപ്പിക്കാനുള്ള മാർഗ്ഗരേഖയുടെ കരട് തയ്യാറാക്കുവാൻ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവരെയും ചുമതലപ്പെടുത്തി.

6-2-2014 ന് ലഹരിവിമുക്ത വർഷാചരണത്തിന്റെ രൂപതാ കമ്മറ്റിയോഗം ബിഷപ്സ് ഹൗസിൽ ചേർന്നു. റവ.സി. ജോവിറ്റ എഫ്.സി.സി. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ മോൺ. ജെയിംസ് കുറ്റിമാക്കൽ, ഫൊറോനാ വികാരിമാർ, പ്രൊക്യുറേറ്റർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ, ചാൻസിലർ റവ.ഫാ. ജോസഫ് പരുവുമ്മേൽ, റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സംഘടനാ ഡയറക്ടർമാർ, വിവിധ സബ്കമ്മറ്റി കൺവീനർമാർ എന്നിവർ പങ്കെടുത്തു. അദ്ധ്യക്ഷപ്രസംഗത്തിൽ ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ ലഹരിവിമുക്ത വർഷാചരണത്തിന്റെ പ്രസക്തിയെപ്പറ്റിയും നടപ്പിൽവരുത്തേണ്ട രീതികളെപ്പറ്റിയും ഹ്യസ്വമായി അവതരിപ്പിച്ചു. കൺവീനർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ പ്രവർത്തനശൈലി അവതരിപ്പിച്ചു. തുടർന്ന് രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ബാനർ, സ്റ്റിക്കൽ എന്നിവയുടെ മാതൃകകൾ അവതരിപ്പിച്ചു. കമ്മറ്റി ചില ഭേദഗതികൾ നിശ്ചയിക്കുകയും ബാനർ, സ്റ്റിക്കൽ എന്നിവ പ്രിന്റ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. മോൺ. മാത്യു

മാടപ്പള്ളിക്കുന്നേലച്ചൻ ലഹരിവിമുക്ത വർഷത്തിൽ ദേവാലയങ്ങളിലും ഭവനങ്ങളിലും ചൊല്ലേണ്ട പ്രാർത്ഥന കമ്മറ്റിയിൽ അവതരിപ്പിച്ചു. കമ്മറ്റി അംഗങ്ങളുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രാർത്ഥന അംഗീ കരിച്ചു.

തുടർന്ന് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ലഹരി വിമുക്ത വർഷത്തിൽ വാർഡ്, ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ നടപ്പി ലാക്കേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ അവതരിപ്പിച്ചു. ബോധ വത്ക്കരണം, ആദ്ധ്യാത്മികം, ചികിത്സയും കൗൺസിലിംഗും, കലാ സാംസ്കാരികം, മാധ്യമ സമ്പർക്കപരിപാടി, നിയമപരിരക്ഷ എന്നീ മേഖലകളിലൂന്നിയുള്ള കർമ്മപരിപാടികളാണ് അവതരിപ്പിച്ചത്. തുടർന്ന് വിശദമായ ചർച്ചകൾ നടന്നു. കമ്മറ്റി ചില ഭേദഗതികളും കൂട്ടി ചേർക്ക ലുകളും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്തു. യോഗത്തിന് വർക്കിംഗ് ചെയർമാൻ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ നന്ദി യർപ്പിച്ചു.

12-2-2014 ന് ലഹരിവിമുക്ത വർഷാചരണവർഷം സെൻട്രൽ കമ്മ റ്റിയോഗം ബിഷപ്സ് ഹൗസിൽ വെച്ച് ചെയർമാൻ മോൺ. മാത്യു മാട പ്പള്ളികുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. റവ.ഫാ. ബെന്നി മുതിര ക്കാലായിൽ, റവ.ഫാ. ജോസഫ് പരുവുമ്മേൽ, റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, രൂപതാ ഭാരവാഹികൾ, സബ്കമ്മറ്റി കൺവീ നർമാർ എന്നിവർ പങ്കെടുത്തു. ശ്രീ. സെബാസറ്റ്യൻ പാലംപറമ്പിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കൽ ബാനർ, സ്റ്റിക്കർ, പ്രാർത്ഥനാകാർഡ് എന്നിവയുടെ ഫൈനൽ മാതൃക അവതരിപ്പിച്ചു. കമ്മറ്റി പരിശോധനയ്ക്ക് ശേഷം പ്രാർത്ഥന, സ്റ്റിക്കർ, ബാനർ എന്നിവ അംഗീകരിച്ചു.

22-2-2014 ന് എല്ലാ ഫൊറോന കേന്ദ്രങ്ങളിലും എത്തിക്കുവാൻ സാധിക്കുന്ന വിധത്തിൽ ബാനർ, സ്റ്റിക്കർ, പ്രാർത്ഥനകാർഡ് എന്നിവ പ്രിന്റ് ചെയ്യുവാൻ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനെ ചുമതലപ്പെടുത്തി. ലഹരിവിമുക്ത വർഷം വി.ബലിയോട് ചേർന്ന് ചൊല്ലു വാനുള്ള കാറോസൂസ പ്രാർത്ഥന കമ്മറ്റി അംഗീകരിച്ചു.

തുടർന്ന് വിവിധ സബ്കമ്മറ്റികൾ ഈ വർഷം നടപ്പിൽ വരു ത്താവുന്ന കർമ്മപരിപാടികൾ ചർച്ച ചെയ്തു. തീം സോങ്ങ് ചിട്ടപ്പെടു ത്തുവാൻ ശ്രീ. ഷാജി ചന്ദനപറമ്പിൽ, ടോമി എൻ.യു. എന്നിവരെ ചുമതലപ്പെടുത്തി. പ്രവർത്തന മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകി.

ബഹു. സണ്ണി മഠത്തിലച്ചൻ ചില ലഹരിവിരുദ്ധ പ്രവർത്തന ചിന്ത കൾ പങ്കുവെച്ചു. ജോൺസൺ തൊഴുത്തുങ്കൽ നന്ദി പറഞ്ഞു.

## പ്രവർത്തന റിപ്പോർട്ട്

ലഹരിവിരുദ്ധവർഷത്തിൽ വാർഡ് ഇടവക തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ പ്രതിമാസ റിപ്പോർട്ടുകൾ അടുത്തമാസം 10-ാം തീയതിയ്ക്കകം ഇടവക കൺവീനർമാർ ഫൊറോന കൺവീനർമാർക്ക് നൽകണം. ഫൊറോന കൺവീനർമാർ ഫൊറോന റിപ്പോർട്ടുകളും 15-ാം തീയതിയ്ക്കകം രൂപതാ ഓഫീസിൽ എത്തിക്കുക.

## ലഹരിവിമുക്തവർഷം രൂപതാ ഓഫീസ്

പാസ്റ്ററൽ സെന്ററിലുള്ള കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി യുടെ ഓഫീസ് തന്നെയായിരിക്കും ലഹരിവിമുക്ത വർഷാചരണ ത്തിന്റെ ഓഫീസായി പ്രവർത്തിക്കുക.

വിലാസം : സെക്രട്ടറി, ലഹരിവിമുക്തവർഷം
പാസ്റ്ററൽ സെന്റർ, ദ്വാരക
നല്ലൂർനാട് പി.ഒ., മാനന്തവാടി 670645

## റിസോഴ്സ് ടീം പരിശീലനം

രൂപത ലഹരിവിമുക്തവർഷം ഇടവകകളിൽ വിവിധ ഗ്രൂപ്പുകൾക്ക് ബോധവത്ക്കരണപരിപാടി നടത്തുവാൻ സെൻട്രൽ റിസോഴ്സ് ടീം രൂപീകരിക്കുന്നതിനുള്ള പരിശീലനപരിപാടി 2014 മാർച്ച് 12 ന് വൈകു ന്നേരം 5 മണിമുതൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തും. അഡ്വ. ചാർളി പോൾ പരിശീലനത്തിന് നേതൃത്വം നൽകും.

മന:പാഠമാക്കേണ്ട വചനഭാഗം 1) എഫേ 4/22, 1 കൊറി. 6/9-10, റോമ 7/15, ഏശയ്യ 5/11.

## 2014 മാർച്ചിൽ നടത്തേണ്ടതും ആരംഭിക്കേണ്ടതുമായ ലഹരി വിമുക്തവർഷ പ്രവർത്തനങ്ങൾ

1. മാർച്ച് 2 ഇടവകകളിൽ ലഹരിവിമുക്തവർഷം ഉദ്ഘാടനം.
2. ഇടവകയിൽ ബാനർ സ്ഥാപിക്കൽ.
3. സ്റ്റിക്കർ, പ്രാർത്ഥന കാർഡ്, മെഴുക് തിരി എന്നിവയുടെ വിതരണം.
4. ലഹരിവിമുക്ത പ്രാർത്ഥന, കാറോസൂസ പ്രാർത്ഥന എന്നിവ ആരം ഭിക്കുന്നു.
5. ലഹരിവിമുക്ത വർഷാചരണ കമ്മറ്റി യോഗം.
6. വീടുകളിൽ ലഹരിവിമുക്ത വർഷം ഉദ്ഘാടനം. തിരിതെളിക്കുന്നു. സ്റ്റിക്കർ പതിപ്പിക്കുന്നു. പ്രാർത്ഥന ആരംഭിക്കുന്നു. ജപമാലയിലെ

ഒരു രഹസ്യം ലഹരിവിമുക്ത വർഷാചരണ വിജയത്തിനായി സമർപ്പിക്കുന്നു.

7. ഓരോ ആഴ്ചയും കുട്ടികൾ മന:പാഠമാക്കേണ്ട ദൈവവചനം നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു.
8. ഓരോ ആഴ്ചയും മതബോധന പൊതുമീറ്റിംഗിൽ 5 മിനിറ്റ് പ്രസംഗിക്കാനുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. (വിഷയം ബൈബിൾ വാക്യം)
9. പ്രതിമാസ വാർഡ് യോഗത്തിൽ 5 മിനിറ്റ് പ്രസംഗിക്കാനുള്ള കുട്ടികളെ വാർഡ് അടിസ്ഥാനത്തിൽ തീരുമാനിച്ച് ഒരുക്കുന്നു.
10. 2014 മാർച്ച് 1 മുതൽ ലഹരിവസ്തുക്കൾ ഉപേക്ഷിക്കുമെന്ന പ്രതിജ്ഞ.
11. വെള്ളിയാഴ്ചകളിൽ ഉപവാസം.
12. മാസങ്ങളിലെ സായാഹ്ന ആരാധനകൾ ആരംഭിക്കുന്നു.
13. ഇടവകയിലെ ജപമാല ചങ്ങല പ്ലാൻ ചെയ്ത് ആരംഭിക്കുന്നു.
14. ലഹരിയുടെ ഉപയോഗത്തെപ്പറ്റി സർവ്വേ.
15. പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നു. മേൽഘടകങ്ങളിലേക്ക് അയക്കുന്നു.
16. കെ.സി.വൈ.എം., സി.എം.എൽ., മാതൃസംഘം യോഗങ്ങളിൽ ലഹരിവിമുക്ത വർഷാചരണത്തെപ്പറ്റി ചർച്ച.
17. ഇടവക, സംഘടന നേതൃത്വത്തിൽ പ്രചരണബോർഡുകൾ കവലകളിൽ സ്ഥാപിക്കുക.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാസെക്രട്ടറി, ലഹരിവിമുക്തവർഷം

# ദൈവവിളി ക്യാമ്പുകൾ

മാനന്തവാടി രൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും സ്നേഹാശം സകൾ!

ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രത്യുത്തരങ്ങളെക്കുറിച്ചും കൂടുതലായി ചിന്തിക്കുകയും, ധ്യാനിക്കുകയും, പ്രാർത്ഥിക്കുകയും കണ്ടെത്തുകയും ചെയ്യുന്നതിന് സഹായകമായി നമ്മുടെ രൂപതാ വൊക്കേഷൻ ബ്യൂറോ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ആൺകുട്ടികൾക്കായുള്ള ക്യാമ്പ്**

**ക്യാമ്പ് I : പങ്കെടുക്കേണ്ട ഫൊറോനകൾ**

മണിമൂളി, നിലമ്പൂർ

**ക്യാമ്പ് നടക്കുന്ന സ്ഥലം**

റീജിയണൽ പാസ്റ്ററൽ സെന്റർ, മണിമൂളി

**തീയതി**

2014 മാർച്ച് 25-ാം തീയതി രാവിലെ 10 മണിമുതൽ വൈകുന്നേരം 3 മണിവരെ.

NB:- 1. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

2. പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം.

3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപ ആയിരിക്കും.

**ക്യാമ്പ് II : പങ്കെടുക്കേണ്ട ഫൊറോനകൾ**

ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, തരിയോട്

**ക്യാമ്പ് നടക്കുന്ന സ്ഥലം**

മൗണ്ട്മേരി കോളേജ്, മാനന്തവാടി (രൂപത മൈനർസെമിനാരി)

**തീയതി**

2014 മാർച്ച് 26-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി വരെ.

**ക്യാമ്പ് III : പങ്കെടുക്കേണ്ട ഫൊറോനകൾ**

കല്പറ്റ, മുള്ളൻകൊല്ലി, നടവയൽ, സുൽത്താൻബത്തേരി

**ക്യാമ്പ് നടക്കുന്ന സ്ഥലം**

മൗണ്ട് മേരി കോളേജ് മാനന്തവാടി

**തീയതി**

2014 മാർച്ച് 28-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി മുതൽ 30-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിവരെ.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (ക്യാമ്പ് II, III)**

1. പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, പുതപ്പ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.

2. ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. അവരുടെ സന്ദർശനസമയം ക്യാമ്പുകളുടെ രണ്ടാമത്തെ ദിവസം ഉച്ച കഴിഞ്ഞ് 2 മണിമുതൽ 2.30 വരെയാണ്.

3. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും.

**പ്രത്യേക അറിയിപ്പ്**

1. കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷവും പെൺകുട്ടികൾക്കായുള്ള രൂപതാക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല.

2. നമ്മുടെ രൂപതയിൽ നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് ദൈവവിളി സ്വീകരിച്ചുപോകുന്ന ആൺകുട്ടികളും പെൺകുട്ടികളും N.O.C. വാങ്ങുന്നതിനായി രൂപതാ വൊക്കേഷൻ പ്രമോട്ടറെ സമീപിക്കേണ്ടതാണ്.

3. ദൈവവിളി ക്യാമ്പുകളിലേക്ക് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

സഹകരണത്തിന് മുൻകൂട്ടി നന്ദി അറിയിച്ചുകൊണ്ട്,

**ഫാ. ബിനു പൈനുങ്കൽ**
വൊക്കേഷൻ പ്രമോട്ടർ

അഡ്രസ്സ്

മൗണ്ട്മേരി കോളേജ് (മൈനർസെമിനാരി)
ബിഷപ്സ് ഹൗസ്, പി.ബി. നമ്പർ 1
മാനന്തവാടി, വയനാട് - 670645
ഫാ. തോമസ് കച്ചിറയിൽ, മൊബൈൽ: 9446892434
ഫാ. ബിനു പൈനുങ്കൽ, മൊബൈൽ: 9446254036

## Come and See

നമ്മുടെ രൂപതാ മൈനർസെമിനാരിയിൽ ചേരുവാൻ താത്പര്യമുള്ള കുട്ടികൾക്കായി മാത്രം നടത്തപ്പെടുന്ന Come and See പ്രോഗ്രാം 2014 ഏപ്രിൽ 9-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിമുതൽ 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിവരെ രൂപതാ മൈനർ സെമിനാരിയായ മൗണ്ട്മേരി കോളേജിൽ വച്ച് നടത്തപ്പെടുന്നു. നമ്മുടെ സെമിനാരിയിൽ ചേരുവാനുള്ള കുട്ടികളെ ഈ പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കുവാൻ അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ! സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് കച്ചിറയിൽ**
മൈനർസെമിനാരി റെക്ടർ

# കല്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം

ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച കുന്നംപറ്റയിലെ നിത്യ സഹായമാതാ ആശ്രമദേവാലയത്തിൽ വെച്ച് മാസധ്യാനം നടത്തപ്പെട്ടു. 14 അച്ചന്മാരാണ് പങ്കെടുത്തത്. Fr.Silan P.M.J. വെള്ളാരംകുന്ന് ആണ് വചനസന്ദേശം നൽകിയതും ആരാധന നടത്തിയതും. ഉപ്പ് ഉറകെട്ടു പോയാൽ പുറത്തേക്ക് വലിച്ചെറിയാനും, മനുഷ്യരാൽ ചവിട്ടപ്പെടാനും മാത്രമേ ഉപകരിക്കൂ. ആയതിനാൽ പൗരോഹിത്യത്തിന്റെ അഭിഷേകം ചോർന്നുപോകാതെ നാം കരുതലുള്ളവരായിരിക്കണമെന്ന് Fr.Silan ആഹ്വാനം ചെയ്തു.

2014 ലഹരിവിമുക്ത വർഷാചരണത്തിന് ഉചിതമായ ഇടവകതല പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. ഫാ. ഫ്രാൻസീസ് തോമസ് കുത്തുകല്ലുങ്കലിനെ ലഹരിരഹിത വർഷാചരണത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ വൈദികസമൂഹം ചുമതല പ്പെടുത്തി.

അടുത്തമാസധ്യാനം ലക്കിടിയിലുള്ള മൗണ്ട് സീനായിൽ മാർച്ച് 11-ാം തീയതി ആയിരിക്കും. മാസധ്യാനത്തിന് സൗകര്യം ഒരുക്കിതന്ന കുന്നമ്പറ്റയിലെ Fr.Joy Mullassery ക്കും സഹവൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ**

സെക്രട്ടറി

# മതബോധനരംഗം

### ആദരാഞ്ജലികൾ

വൈത്തിരി സെന്റ് മേരീസ് ഇടവകയിലെ മതാധ്യാപകനും സ്റ്റാഫ് സെക്രട്ടറിയുമായിരുന്ന ജോർജ് (ഷാജി) പുത്തൻപുരയ്ക്കൽ സാറ് ഫെബ്രുവരി 10-ാം തീയതി ബൈക്കപകടത്തിൽ മരിച്ചു. കഴിഞ്ഞ 4 വർഷങ്ങളായി മതാധ്യാപകനായും ഇപ്പോൾ സ്റ്റാഫ് സെക്രട്ടറിയായും സേവനം ചെയ്തുവരികയായിരുന്നു. ഷാജി സാർ തന്റെ മാതൃകാ ജീവിതത്തിലൂടെയും വിശ്വാസ പരിശീലനത്തിലൂടെയും മതബോധന രംഗത്ത് നൽകിയ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും സാറിന്റെ നിര്യാണത്തിൽ വേദനിക്കുന്ന വൈത്തിരി ഇടവക സമൂഹത്തിനും പ്രിയപ്പെട്ടവർക്കും മാനന്തവാടി രൂപത മതബോധന കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. ഷാജി സാറിന്റെ കുടുംബത്തിനുവേണ്ടിയും സാറിന്റെ ആത്മശാന്തിക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

### Power Point Presentation DVD

ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വേദപാഠ പുസ്തകങ്ങളുടെ 'Power Point Presentation DVD' രൂപതാ ബുക്കുസ്റ്റാളുകളിൽ ലഭ്യമാണ്. വില 40 രൂപ.

### HDC ഒന്നാംവർഷ ക്ലാസ്

ഫെബ്രുവരി 22-ാം തീയതി മാറ്റിവച്ച HDC ഒന്നാംവർഷക്കാരുടെ ക്ലാസ് മാർച്ച് 15-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

### HCC മൂല്യനിർണ്ണയ ക്യാമ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന +1, +2 പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ് മാർച്ച് 8, 9 ദിവസങ്ങളിൽ ക്രിസ്റ്റ്യൻ ചെയറിന്റെ നേതൃ

ത്വത്തിൽ നടത്തുന്നു. ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ 8-ാം തീയതി 9 മണിയ്ക്ക് മുമ്പായി എത്തിച്ചേരുമല്ലോ. 9-ാം തീയതി വൈകുന്നേരം 4 മണിവരെയായിരിക്കും ക്യാമ്പ്.

**വിശ്വാസോത്സവം - പരീക്ഷ പഠനശില്പശാല - വാർഷിക പരീക്ഷ**

ഈ വർഷത്തെ സൺഡേസ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ചയാണ്. I - IX ക്ലാസുകൾക്ക് 6-ാം തീയതി രാവിലെ 11 മണിമുതൽ 1.00 p.m. വരെയാണ് പരീക്ഷ. X -ാം ക്ലാസ് Diploma, VII, IV Scholarship പരീക്ഷകൾ എന്നിവ അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയാണ്.

ഏപ്രിൽ 2, 3, 4 തീയതികളിൽ വിശ്വാസോത്സവം നടത്താൻ ശ്രദ്ധിക്കുമല്ലോ. മാനന്തവാടി രൂപത ലഹരിവിമുക്തവർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട വിഷയങ്ങളായിരിക്കും വിശ്വാസോത്സവത്തിന്റെയും പ്രധാനപഠനവിഷയം. വിശ്വാസോത്സവം കൂടുതൽ ഫലപ്രദമായി നടത്താൻ സഹായിക്കുന്ന അധ്യാപക സഹായി മാർച്ച് 20 മുതൽ രൂപതാകേന്ദ്രത്തിൽ ലഭ്യമായിരിക്കും.

മൂന്ന് ദിവസത്തെ വിശ്വാസോത്സവത്തിനുശേഷം ഏപ്രിൽ 5 ശനിയാഴ്ച പരീക്ഷ പഠനശില്പശാല നടത്തുവാൻ ശ്രദ്ധിക്കണം. അതിനായി രൂപതാ കേന്ദ്രത്തിൽ നിന്നും തന്നിരിക്കുന്ന പാഠാധിഷ്ഠിത ലീഫ്ലെറ്റ് ഉപയോഗിക്കണം. അതിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടാകും.

**മേഖലാനേതൃത്വത്തിന് നന്ദി**

HCC പരീക്ഷകൾ കൃത്യതയോടെ ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തിയതിന് ബഹു. മേഖല ഡയറക്ടർമാർ, സെക്രട്ടറിമാർ, ടീം അംഗങ്ങൾ, സൂപ്പർവിഷന് സഹായിച്ച അധ്യാപകർ, പരീക്ഷ കേന്ദ്രങ്ങളിലെ ബഹു. വികാരിയച്ചൻമാർ, ഹെഡ്മാസ്റ്റേഴ്സ്.... എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ജൂബിലേറിയൻസ്**

2013-14 വർഷത്തിൽ മതാധ്യാപന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന അധ്യാപകരുടെ പേര് വിവരങ്ങളും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും ഏപ്രിൽ 15-ന് മുമ്പായി വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

## ഇന്റേണൽ അസ്സസ്സ്മെന്റ്

X-ാം ക്ലാസ് ഡിപ്ലോമാ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക്, രൂപതാ ഓഫീസിൽനിന്നും തന്നിരിക്കുന്ന നിശ്ചിതഫോറത്തിൽ കൃത്യതയോടെ എഴുതി തയ്യാറാക്കി ഒരു പ്രത്യേക കവറിലാക്കി ഉത്തരക്കടലാസിനോടൊപ്പം ഓഫീസിൽ എത്തിക്കണം.

## ചോദ്യപേപ്പറുകൾ

ഏപ്രിൽ 3-ാം തീയതി രാവിലെ 10 മണിമുതൽ 5 മണിവരെ രൂപതാ ഓഫീസിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കാവുന്നതാണ്.

ചുങ്കക്കുന്ന്, മാനന്തവാടി, പയ്യമ്പള്ളി ഫൊറോനകൾ മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും മറ്റുള്ളവർ രൂപതാ ഓഫീസിൽ നിന്നുമാണ് ചോദ്യപേപ്പർ എടുക്കേണ്ടത്.

## HDC, HCC Result

ഫെബ്രുവരി മാസത്തിൽ നടത്തിയ HDC പരീക്ഷയുടെ റിസൾട്ട് നമ്മുടെ രൂപതയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. www. diocese mdy. org ഈ site -ൽ Result-2014 ശ്രദ്ധിക്കുക. മാർച്ച് 25-ന് ശേഷമായിരിക്കും പ്രസിദ്ധീകരിക്കുക. HCC പരീക്ഷകളുടെ റിസൾട്ട്, വിശ്വാസോത്സവത്തിന്റെ റിപ്പോർട്ട് രൂപതയിൽ ലഭിച്ചതിനുശേഷം ഏപ്രിൽ 15-ന് പ്രസിദ്ധീകരിക്കുന്നതാണ്.

## Revaluation

HCC പരീക്ഷയുടെ പേപ്പർ, പുനർനിർണ്ണയത്തിന് ഏപ്രിൽ 25-ന് മുമ്പ് 50 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി നൽകണം. അതിനു ശേഷം വരുന്ന ഒരു അപേക്ഷയും സ്വീകരിക്കുകയില്ല.

## ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ

ഓരോ ഇടവകയിലെയും പരീക്ഷാ നടത്തിപ്പിന്റെ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചൻമാർക്കും, ഹെഡ്മാസ്റ്റർമാർക്കുമായിരിക്കും. ഓരോ ഇടവകയിലേക്ക് സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, മതാധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയമുള്ളവരെയോ ആണ് പരീക്ഷ നടത്തിപ്പിന് നിയോഗിക്കേണ്ടത്. ഓരോ ഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 20-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിർദ്ദേ

ശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യുവാൻ ശ്രദ്ധിക്കണം.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടിയുള്ള സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

**1. പരീക്ഷയ്ക്ക് മുമ്പ്**

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരി, ഹെഡ്മാസ്റ്റർ എന്നിവരെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, രജിസ്റ്റർ നമ്പറുകൾ ക്രമമായി എഴുതിയിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിക്കുക.
5) രൂപതാമതബോധനകേന്ദ്രം നിശ്ചയിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**2. പരീക്ഷാഹാളിൽ**

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.
2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടിലധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം.
5) രജിസ്റ്റർനമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
6) ഉത്തരപേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.)

7) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
8) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിയ്ക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയ സാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
9) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. (പരസ്പരം മാറ്റാതിരിക്കാൻ)
10) വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
11) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
12) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

### 3. പരീക്ഷ കഴിഞ്ഞാൽ

1) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക.
2) നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക.
3) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട പേപ്പർ പായ്ക്ക്ചെയ്ത കവറിനൊപ്പം വയ്ക്കുക.

a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)
b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)
c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)
d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)
e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം
f) സൂപ്പർവൈസറുടെ പേര്, ഒപ്പ്

4) പരീക്ഷാ നടത്തിപ്പുസംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ/വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം. ഇത് ആധികാരിക രേഖയാണ്.
5) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കിപ്പൊതിഞ്ഞ് തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.
6) കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം. (ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).
7) നിങ്ങളുടെ യാത്രാചെലവ്, പരീക്ഷാകേന്ദ്രത്തിൽ നിന്നും വാങ്ങണം.
8) ഉത്തരപേപ്പറുകൾ അന്നോ, പിറ്റേന്നോ ഹെഡ്മാസ്റ്റർ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
9) മേഖലാസെക്രട്ടറി അടുത്തദിവസം തന്നെ മേഖലയിൽനിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം.
10) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
11) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ നേതൃത്വത്തിൽ മുകളിൽപറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ളവരെ,

നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നോമ്പുകാലം ഒരു പരിശീലന കാലഘട്ടമാണ്. തന്നോടുതന്നെയും, ലോകത്തോടും, സാത്താനോടും ബലം പ്രയോഗിക്കാൻ വലിയ ആന്തരികശക്തി നാം നേടേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് സഭാമാതാവ് നോമ്പുകാലം നമുക്കായി ഒരുക്കിയിരിക്കുന്നത്. പരിശീലനം നേടാത്ത പടയാളി ശത്രുവിന് മുൻപിൽ കീഴടങ്ങുന്നു. നോമ്പുകാലത്തെ അവഗണിക്കുന്ന ക്രിസ്ത്യാനിയും അങ്ങനെതന്നെ. കർത്താവായ ഈശോ ദൈവമായിരുന്നിട്ടും ഉപവാസത്തിലും പ്രാർത്ഥനയിലും പിതാവുമായി ബന്ധപ്പെട്ട് ശക്തിയാർജ്ജിച്ചു. നമുക്കും നോമ്പും, ഉപവാസവും, പ്രാർത്ഥനയും വഴി ശക്തിപ്പെട്ടുകൊണ്ട് നമ്മുടെ ആത്മീയ ദൗർബല്യങ്ങളെ കീഴടക്കാം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന നല്ല വ്യക്തികളായി തീരാം.

പരീക്ഷകളുടെ തിരക്കിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ കഴിവിന്റെ പരമാവധി അധ്വാനിക്കുകയും, ഈശോയുടെ സഹായം ആഗ്രഹിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. അവിടുന്ന് നമ്മെ വിജയത്തിലെത്തിക്കും. അനുഗ്രഹദായകമായ നോമ്പുകാലം ആശംസിക്കുന്നു.

സ്നേഹത്തോടെ,
**സോണിയച്ചൻ**

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപത മുൻവികാരി ജനറാളും രൂപതാ അഡ്മിനിസ്ട്രേറ്ററുമായിരുന്ന മോൺ. ജോസഫ് കണിയാമറ്റത്തിൽ അച്ചന്റെ നിര്യാണത്തിൽ ചെറുപുഷ്പമിഷൻലീഗിന്റെ ആദരാഞ്ജലികൾ! സംഘടനയ്ക്ക് അച്ചൻ നൽകിയ എല്ലാ നന്മകളെയും, സേവനങ്ങളെയും, പ്രോത്സാഹനങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു. ആത്മശാന്തിക്കായി ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നു.

സി.എം.എൽ. മുൻ നോമിനേറ്റഡ് അംഗമായിരുന്ന ശ്രീ. സെബാസ്റ്റ്യൻ തുണ്ടിയിലിന്റെ അമ്മയുടെ നിര്യാണത്തിലും, രൂപതാ ടീം അംഗമായ ശ്രീ. ഷാജു പാലചുവട്ടിലിന്റെ വല്യമ്മയുടെ നിര്യാണത്തിലും സി.എം.എൽ. രൂപതാ കുടുംബം അനുശോചനം രേഖപ്പെടുത്തുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**നാഥനോടൊപ്പം....**

പരീക്ഷയ്ക്ക് ഒരുക്കമായുള്ള ദിവ്യകാരുണ്യ ആരാധന ശാഖകളിൽ ക്രമീകരിക്കുമല്ലോ.

**ജോ. ഡയറക്ടേഴ്സ് മീറ്റിംഗ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് ചെറുപുഷ്പ മിഷൻലീഗിന്റെ മുഴുവൻ ജോ.ഡയറക്ടേഴ്സിന്റെയും മീറ്റിംഗ് മാർച്ച് 21-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് ആരംഭിക്കുന്നു. 22-ാം തീയതി ശനിയാഴ്ച രാവിലെ വി. കുർബാനയോടുകൂടി മീറ്റിംഗ് അവസാനിക്കുന്നതാണ്. രൂപതയിലെ എല്ലാ ജോ.ഡയറക്ടേഴ്സും ഈ മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**വിഹിതങ്ങൾ**

കലണ്ടറിന്റെ തുക, മിഷൻഞായർ വിഹിതം, സംസ്ഥാനവിഹിതം, പലതുള്ളി, കാണിക്ക ഇവ തരാനുള്ള ശാഖകൾ മാർച്ച് 22 നു മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഹൃദയപൂർവ്വം നന്ദി**

പയ്യമ്പള്ളി മേഖല സി.എം.എൽ. സംഘടനയെ സജീവമാക്കുന്നതിന് കഴിഞ്ഞ 5 വർഷങ്ങളിൽ അത്യധ്വാനം ചെയ്ത ബഹു. സണ്ണി മഠത്തിലച്ചന്റെയും, കഴിഞ്ഞവർഷം മണിമൂളി മേഖലയുടെ ചുക്കാൻ പിടിച്ച ബഹു. മാത്യു കറുത്തേടത്തച്ചന്റേയും നിസ്വാർത്ഥ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥിക്കുന്നു.

**സ്വാഗതം**

പയ്യമ്പള്ളി മേഖലയുടെ ഡയറക്ടറായി ചാർജ്ജെടുത്തിരിക്കുന്ന ബഹു. സാന്റോ അമ്പലത്തറ അച്ചനെയും സി.എം.എൽ. രൂപതാ കുടുംബത്തിലേയ്ക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**മേഖലാവാർത്തകൾ**

**മാനന്തവാടി –** മാനന്തവാടി ജില്ലാജയിൽ സന്ദർശിച്ചു. വിശ്വാസവർഷം ആൽബനിർമ്മാണത്തിന്റെയും കൈയ്യെഴുത്ത് മാസികയുടെയും ഫലപ്രഖ്യാപനവും, സമ്മാനദാനവും നടത്തി.

**തരിയോട് –** വാ. ചാവറ പിതാവിന്റെ തിരുനാളും, ഭവനതിരുനാളും ആചരിച്ചു.

**നടവയൽ –** മേഖല എക്സിക്യൂട്ടീവ് കൂടി.

**കൊട്ടിയൂർ –** ഓ! ദിവ്യകാരുണ്യമേ, അൾത്താര സംഗമം എന്നിവ നടത്തി. ഫാ. ബിജു തൊണ്ടിപറമ്പിൽ നേതൃത്വം നൽകി.

**പയ്യമ്പള്ളി –** ഓ! ദിവ്യകാരുണ്യമേ നടത്തി. ഫാ. സണ്ണി മഠത്തിൽ നേതൃത്വം നൽകി.

**ശാഖാവാർത്തകൾ**

*കുറുമ്പാല:–* ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊളാഷ് മത്സരം നടത്തി.

*കുറുമ്പാലകോട്ട:–* പള്ളിയും പരിസരവും വൃത്തിയാക്കി, തിരുനാൾ ദിനങ്ങളിൽ വി.ബലിയർപ്പണത്തിന് നേതൃത്വം നൽകി.

*പന്തിപോയിൽ:–* രോഗീസന്ദർശനം നടത്തി.

*മഞ്ഞൂറ:–* തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി.

*പുതുശ്ശേരിക്കടവ്:–* പള്ളിപറമ്പിലെ കാപ്പിക്കുരു പറിച്ച് ഫണ്ട് ശേഖരിച്ചു.

*കാവുംമന്ദം:–* കാഴ്ചസമർപ്പണത്തിലൂടെ ലഭിച്ച അരി കോളനിയിൽ വിതരണം ചെയ്തു.

*പുൽപ്പള്ളി:–* പള്ളിയും പരിസരവും വൃത്തിയാക്കി.

*ശിശുമല:–* ക്രിസ്തുമസ് കാർഡ് നിർമ്മാണവിജയികൾക്കും കരോൾഗാന മത്സര വിജയികൾക്കും സമ്മാനം നൽകി.

*ആടിക്കൊല്ലി:–* തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി.

*കാട്ടിക്കുളം:–* ബൈബിൾക്വിസും, ജാഗരണവും നടത്തി.

*കമ്മന:–* രോഗീസന്ദർശനം നടത്തുകയും 26 ഓളം ഭവനങ്ങൾ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മോൺ. ജോസഫ് കണിയാമറ്റത്തിലച്ചന്റെ 9–ാം ചരമദിനത്തിൽ സി.എം.എൽ. കുട്ടികൾ എല്ലാവരും ദ്വാരകയിൽ വി.ബലിയിൽ പങ്കുചേർന്നു പ്രാർത്ഥിച്ചു.

*പയ്യമ്പള്ളി:–* പള്ളിയും പരിസരവും വൃത്തിയാക്കി. പള്ളിയുടെ കൂദാശകർമ്മത്തിന് ആശംസകൾ അർപ്പിച്ച് സി.എം.എൽ. ന്റെ നേതൃത്വത്തിൽ ബാനർ സ്ഥാപിച്ചു.

*ആറാട്ടുതറ:–* രോഗീസന്ദർശനം നടത്തി. സമ്പാദ്യശീലം വളർത്തുന്നതിനായി എല്ലാ കുടുംബത്തിലും സി.എം.എൽ. ന്റെ നേതൃത്വത്തിൽ ടിൻ നൽകി.

*അപ്പപ്പാറ:–* വസ്ത്രം ശേഖരിച്ച് കോളനിയിൽ വിതരണം ചെയ്തു. രോഗീസന്ദർശനം നടത്തി.

*കുറ്റിമൂല:–* ലഹരിവിരുദ്ധ കൊളാഷ് നടത്തി. ജയമാതാ ഓർഫനേജ് സന്ദർശിച്ച് പഠനോപകരണങ്ങൾ നൽകി.

*തവിഞ്ഞാൽ:-* വൃദ്ധമാതൃപിതൃദിനം കൊണ്ടാടി. സിമിത്തേരി പെയിന്റ ടിച്ചു.
*യവനാർകുളം:-* വാർഷികം നടത്തി.
*പോരൂർ:-* ബോയ്സ്ടൗൺ ബാലഭവൻ സന്ദർശിച്ച് സഹായം നൽകി.
*പ്രശാന്തഗിരി:-* ജാഗരണം നടത്തി. പരിസരം വൃത്തിയാക്കുകയും, അല ങ്കരിക്കുകയും ചെയ്തു.
*വലിയകൊല്ലി:-* പോരൂർ സ്നേഹാലയം സന്ദർശിച്ചു. സെമിനാർ നടത്തി.
*മൂലേപ്പാടം:-* പള്ളിപരിസരം വൃത്തിയാക്കി ആരാധന നടത്തി.
*ധർമ്മഗിരി:-* ലഹരിവിരുദ്ധ സന്ദേശറാലി നടത്തി. ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ സഹായിച്ചു.
*പഴൂർ:-* പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി. പള്ളിയും പരിസ രവും വൃത്തിയാക്കി.
*മൂലങ്കാവ്:-* വാർഷികം നടത്തി. ശാഖാ കൗൺസിൽ നടത്തി.
*വാകേരി:-* എക്സിക്യൂട്ടീവ് നടത്തി.
*പാൽചുരം:-* തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി.
*ചുങ്കക്കുന്ന്:-* ദിവ്യകാരുണ്യ ആരാധന നടത്തി. വാർഷികധ്യാനത്തിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.
*പാലേമാട്:-* ഹൗസടിസ്ഥാനത്തിൽ സ്പോർട്സ് ഡെ നടത്തി. പള്ളിയും, പരിസരവും വൃത്തിയാക്കി.
*കുന്നലാടി:-* ക്യാമ്പ് നടത്തി. ഭവനസന്ദർശനം നടത്തി.
*വാഴവറ്റ:-* ബൈബിൾവാക്യ പഠന മത്സരം നടത്തി. പള്ളിയും പരിസ രവും വൃത്തിയാക്കി.
*ജൂഡ്സ്മൗണ്ട്:-* വാർഷികം നടത്തി. സ്റ്റാൾ നടത്തി.
*മംഗലശ്ശേരി:-* രോഗികൾക്കുവേണ്ടിയും, റിപ്പബ്ലിക് ദിനത്തോടനുബ ന്ധിച്ചും ആരാധന നടത്തി.
*കല്ലോടി:-* ഭവനസന്ദർശനം, അൾത്താരബാല സംഗമം എന്നിവ നടത്തി. വസ്ത്രങ്ങൾ ശേഖരിച്ചു.
*വഞ്ഞോട്:-* ആരാധന നടത്തി.
*അരിഞ്ചേർമല:-* കൊളാഷ് നിർമ്മാണം നടത്തി. ആരാധന നടത്തി.
*കണിയാമ്പറ്റ:-* പള്ളിപരിസരവും സിമിത്തേരിയും വൃത്തിയാക്കി. റിപ്പ ബ്ലിക്ദിന ക്വിസ് മത്സരം നടത്തി.
*തോമാട്ടുചാൽ:-* വിവാഹസഹായമായി 4500 രൂപ 2 പേർക്ക് നൽകി. പ്രാർത്ഥന സംഗമം നടത്തി.
*ചാരിറ്റി:-* ഭവനസന്ദർശനം നടത്തി. ലഹരിക്കെതിരെ ജപമാലസൈ ന്യാംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*ഒലിവുമല:*- ലഹരിവിരുദ്ധ കൊളാഷ് നിർമ്മിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.
*ബത്തേരി:*- വാർഷികം നടത്തി.
*പനഞ്ചിറ:*- ദേവാലയവും പരിസരവും വൃത്തിയാക്കി. വാർഷികം നടത്തി.
*കൽപ്പ:*- റിപ്പബ്ലിക് ഡേ ആഘോഷിച്ചു. റോഡ് നന്നാക്കി.
*മരക്കടവ്:*- കുറ്റിയാംവയൽ ടെസ സ്കൂൾ സന്ദർശിച്ചു.
*കുറുമണി:*- മാനന്തവാടി ഗവ.ഹോസ്പിറ്റലിൽ 1 ക്വിന്റൽ അരിയും പച്ചക്കറികളും നൽകുകയും രോഗീസന്ദർശനം നടത്തുകയും ചെയ്തു.
*വൈത്തിരി:*- മിഷൻ സഹായമായി 1000 രൂപ നൽകി. ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്തു.
*അമരക്കുനി:*- മാർ ജോസ് പൊരുന്നേടം പിതാവിന് ക്രിസ്തുമസ് ആശംസകളയച്ചു. കുട്ടികൾ കൊന്ത നിർമ്മിച്ചു.
*പൂളപ്പാടം:*- 4 ദേവാലയങ്ങളിൽ തീർത്ഥാടനം നടത്തി. സിമിത്തേരി സന്ദർശനം നടത്തി.
*ഇടിവണ്ണ:*- നിർദ്ധനരായ 2 കുട്ടികൾക്ക് തിരുനാൾ സമ്മാനമായി ഡ്രസ് വാങ്ങി കൊടുത്തു.

**കാണിക്ക തന്ന ശാഖകൾ**

മച്ചിക്കൊല്ലി-150, നിരവിൽപുഴ-150, മണിമൂളി-500, വാളാട്-100, പാലേമാട്-300, ആടിക്കൊല്ലി-500, വലിയകൊല്ലി-200, ആലാറ്റിൽ-500, ഇരുളം-200, ആറാട്ടുതറ-100, ഏലപ്പീടിക-200, മക്കിയാട്-400, പാറത്തോട്ടം-100, മൂലേപ്പാടം-100, നിലമ്പൂർ-600, കൊട്ടിയൂർ-500, ചുങ്കക്കുന്ന്-500, പഴൂർ-250, പറളിക്കുന്ന്-100, അടയ്ക്കാത്തോട്-1000, എടപ്പെട്ടി-150.

**പലതുള്ളി തന്ന ശാഖകൾ**

മുണ്ടേരി-100, പാലേമാട്-200, ആടിക്കൊല്ലി-350, വലിയകൊല്ലി-100, മഞ്ഞൂറ-200, പറളിക്കുന്ന്-100, ദീപ്തിഗിരി-200, ആറാട്ടുതറ-150, ഏലപ്പീടിക-250, മൂലേപ്പാടം-100, മംഗലശ്ശേരി-100, കൊട്ടിയൂർ-500, അടയ്ക്കാത്തോട്-800.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

മൊതക്കര-300, മണിമൂളി-3000, ചെറുകാട്ടൂർ-750, മുള്ളൻകൊല്ലി -1000, മുണ്ടേരി-300, പാലേമാട്-500, ആടിക്കൊല്ലി-1000, വാളാട്-200, വലിയകൊല്ലി-200, മഞ്ഞൂറ-500, പറളിക്കുന്ന്-500, ആലാറ്റിൽ-650, ദീപ്തിഗിരി-500, ഏലപ്പീടിക-250, മക്കിയാട്-500, പാറത്തോട്ടം-200, മൂലേപ്പാടം-300, മംഗലശ്ശേരി-250, നിലമ്പൂർ-2500, കൊട്ടിയൂർ-500, അടയ്ക്കാത്തോട്-2000, എടപ്പെട്ടി-150.

**രഞ്ചിത്ത് മുതുപ്ലാക്കൽ** - രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

മാനന്തവാടി രൂപതയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. അതിന്റെ കർമ്മനിരതമായ ഇരുപതാമത് പ്രവർത്തന വർഷത്തിലേക്ക് കടക്കുകയാണ്. ഇരുപതാം പ്രവർത്തനവർഷ ഉദ്ഘാടനം 2014 ഫെബ്രുവരി 27 ന് രാവിലെ 9.30 മുതൽ 3 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. മുഴുവൻ യൂണിറ്റ് മേഖലാഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. 2014 പ്രവർത്തനവർഷത്തെ മാർഗ്ഗരേഖ 'വഴി–2014' കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ.ഫാ. ഡോ. മാത്യു തിരുമാലിൽ (OIC) പ്രകാശനം ചെയ്യും.

**അംഗത്വമാസാചരണം**

2014 മാർച്ച് മാസം കെ.സി.വൈ.എം. അംഗത്വമാസമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി യൂണിറ്റ്, മേഖല സന്ദർശനം നടത്തുന്നു.

മാർച്ച് 9 കൽപ്പറ്റ, തരിയോട്,
മാർച്ച് 16 മണിമൂളി, നിലമ്പൂർ,
മാർച്ച് 23 ബത്തേരി, പുൽപ്പള്ളി,
മാർച്ച് 30 കല്ലോടി, പയ്യംപള്ളി,
ഏപ്രിൽ 6 നടവയൽ, കൊട്ടിയൂർ
ഏപ്രിൽ 13 മാനന്തവാടി

## സംസ്ഥാന വാർഷിക സെനറ്റ്

2014 ജനുവരി 16,17,18,19 തീയതികളിൽ മാവേലിക്കര ജീവാരാം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ട സംസ്ഥാന വാർഷിക സെനറ്റിൽ കെ.സി.വൈ.എം. രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ആനിമേറ്റർ സി. ലിൻസ എഫ്.സി.സി., സംസ്ഥാന സെനറ്റ്, സിൻഡിക്കേറ്റംഗങ്ങൾ പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ വച്ച് സജിൻ ജോസ് ചാലിൽ സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**വഴി–2014 മാർഗ്ഗരേഖ പ്രകാശനം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2014 വർഷത്തെ കർമ്മപദ്ധതി 'വഴി–2014' ന്റെ പ്രകാശനം ഫെബ്രുവരി 27–ന് നടത്തപ്പെടുന്ന നേതൃസംഗമത്തിൽ വച്ച് നിർവ്വഹിക്കുന്നതാണ്. ഈ വഴി ലഭിച്ചതിനുശേഷം മാത്രമെ മേഖലകളുടെയും, യൂണിറ്റുകളുടെയും 2014 വർഷത്തിലെ കർമ്മപദ്ധതി പ്രസിദ്ധീകരിക്കുവാൻ പാടുള്ളൂ. വഴിയുടെ വില 10 രൂപയായിരിക്കും.

**ലഹരി വിമുക്തവർഷം**

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണം നടത്തുന്നതിന് പ്രശസ്ത മജിഷ്യൻ ഗോപിനാഥ് മുതുകാടിന്റെ ജാലവിദ്യ സംഘടിപ്പിക്കുന്നു. ടിക്കറ്റ് വെച്ചായിരിക്കും നടത്തുക. ഇതിലൂടെ ലഭിക്കുന്നതുക സാധുവിവാഹത്തിനും, കെ.സി.വൈ.എം. പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു.

**മലയാറ്റൂർ പദയാത്ര**

മലയാറ്റൂർ പദയാത്രയുടെ ആത്മീയ ഒരുക്കം മാർച്ച് 3–ന് ആരംഭിക്കുന്നു. അന്നേദിവസം യുവജനങ്ങൾ വി.കുമ്പസാരം നടത്തി പ്രാർത്ഥിച്ച് ഒരുങ്ങണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷത്തെ ഈ പരിഹാരയാത്ര ലഹരിവിമുക്ത യൗവ്വനവും കുടുംബവും യാഥാർത്ഥ്യമാകാൻ സമർപ്പിക്കുന്നു.

**യുവജനകുരിശ്**

യുവജനകുരിശും വഹിച്ചുകൊണ്ടുള്ള പരിഹാരപ്രദക്ഷിണം മേഖലകളിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. മേഖലകളുടെ നേതൃത്വത്തിലായിരിക്കും പ്രദക്ഷിണം നടത്തുക. താല്പര്യമുള്ള മേഖലകൾ ഓഫീസുമായി ബന്ധപ്പെടുക.

**വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കന്മാരുടെ സംഗമം**

വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൻമാരുടെ സംഗമം ദു:ഖശനിയാഴ്ച 19–4–2014 ന് ദ്വാരക പാസ്റ്ററൽസെന്ററിൽ വച്ച് 9.30 മുതൽ 4.30 വരെ നടത്തുന്നു.

ഉദ്ദേശ്യം:- അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്താൻ യുവജനങ്ങളെ സഹായിക്കുക. ആത്മീയമായി അതിനായി ഒരുക്കുക, കുമ്പസാരിക്കാനുള്ള സൗകര്യം ഒരുക്കുന്നു. വിവാഹപ്രായമായിട്ടും ജീവിതപങ്കാളിയെ കണ്ടെത്താൻ സാധിക്കാത്തവരെ സഹായിക്കുക. വിശദാംശങ്ങൾ കത്ത് മുഖേന പിന്നീട് അറിയിക്കുന്നതാണ്.

**ആദരാഞ്ജലികൾ**

1. മുൻ സംസ്ഥാന സെനറ്റ് മെമ്പർ, മുൻ രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റംഗം എന്നീ നിലകളിൽ പ്രവർത്തിച്ച ശ്രീ. ഷംജിത്ത് ചേലയ്ക്കലിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. രൂപതാ സമിതിയുടെ അനുശോചനം അറിയിക്കുന്നു.

2. കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനായിരുന്ന വൈത്തിരി ഇടവകാംഗം ശ്രീ. ജോർജ് പുത്തൻപുരയ്ക്കലിന്റെ ആകസ്മിക നിര്യാണത്തിൽ കെ.സി.വൈ.എം. രൂപതാ സമിതിയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ലഹരിവിമുക്ത തെരുവുനാടക മത്സരം**

ഏപ്രിൽ 4,5,6 തീയതികളിൽ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ തെരുവുനാടക മത്സരം ഇടവകകളിൽ സംഘടിപ്പിക്കുന്നു.

**മികച്ച മേഖല, യൂണിറ്റ് തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ**

മികച്ച മേഖല, യൂണിറ്റ് ഇവ തിരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. ഇവയ്ക്കനുസരിച്ചുള്ള തിരഞ്ഞെടുപ്പായിരിക്കും പ്രവർത്തനവർഷത്തിൽ നടത്തുക.

1. അംഗത്വനവീകരണം താഴെപറയുന്ന തീയതിക്കുള്ളിൽ നടത്തിയാൽ
   മേഖല - ജൂലൈ 15 50 പോയിന്റ്.
   യൂണിറ്റ് - മാർച്ച് 31 50 പോയിന്റ്.
2. യൂണിറ്റ് വിസിറ്റ് രൂപത നിർദ്ദേശിക്കുന്ന സമയത്ത് നടത്തിയാൽ മേഖല, യൂണിറ്റ് - 10 പോയിന്റ്.
   മേഖലകൾ എല്ലാ യൂണിറ്റിലും വിസിറ്റ് നടത്തി റിപ്പോർട്ട് നൽകിയാൽ 10 പോയിന്റ്.
3. 2014 വർഷത്തിലെ യൂണിറ്റ്, മേഖല ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ മാർച്ച് 15 നകം നൽകിയാൽ - മേഖല, യൂണിറ്റ് 15 പോയിന്റ്.
4. അർദ്ധവാർഷിക സെനറ്റിൽ ഭാരവാഹികൾ എല്ലാവരും പങ്കെടുത്താൽ മേഖലയ്ക്ക് 15 പോയിന്റ്.
5. രൂപതാ മത്സരങ്ങൾക്ക് ഒന്നാംസ്ഥാനം ലഭിക്കുന്ന മേഖലയ്ക്ക് 15 പോയിന്റ്.
6. സംസ്ഥാന മത്സരങ്ങൾക്ക് സമ്മാനം ലഭിക്കുന്ന യൂണിറ്റ്, മേഖല 10 പോയിന്റ്.

7. മേഖല, യൂണിറ്റ് പ്രവർത്തനങ്ങളുടെ എല്ലാ മാസത്തിലെയും റിപ്പോർട്ട് തരുന്ന മേഖല, യൂണിറ്റ് 10 പോയിന്റ്.
8. രൂപത നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ കൃത്യമായി മേഖലകളിൽ ചെയ്ത് ഓഫീസിൽ റിപ്പോർട്ടുതരുന്ന മേഖല – 15 പോയിന്റ്.
9. രൂപത നടത്തുന്ന പരിപാടികളിൽ മേഖലയുടെ പങ്കാളിത്തവും, അംഗങ്ങളുടെ എണ്ണവും പ്രസിഡന്റോ, സെക്രട്ടറിയോ ഓഫീസിൽ റിപ്പോർട്ടു നൽകുന്നു. മികച്ച പങ്കാളിത്തത്തിന് 10 പോയിന്റ്.
10. രൂപത പ്രോഗ്രാമുകൾ മേഖല ആതിഥേയത്വവും, ചിലവും ഏറ്റെടുത്ത് നടത്തിയാൽ 25 പോയിന്റ്.
11. മേഖലയുടെ തനത് പ്രവർത്തനങ്ങൾ മേഖല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി മികച്ചപ്രവർത്തനങ്ങൾക്ക് 10 പോയിന്റ്.
12. യൂണിറ്റ് പ്രവർത്തനങ്ങൾ യൂണിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി മികച്ച പ്രവർത്തനങ്ങൾക്ക് 10 പോയിന്റ്
13. ഫയലുകളും റെക്കോർഡുകളും സൂക്ഷിക്കുക.
14. വഴിയിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ.
15. മികച്ച മേഖല/യൂണിറ്റ്/പ്രവർത്തകൻ/ പ്രവർത്തക ഇവ വ്യക്തമാക്കുന്ന റിപ്പോർട്ട് കൃത്യസമയത്ത് ഓഫീസിൽ ലഭ്യമാകണം. മിനിമം 60 പോയിന്റെങ്കിലും ലഭിക്കാത്ത മേഖലകളെയോ, യൂണിറ്റുകളെയോ പരിഗണിക്കുന്നതല്ല.

## യൂണിറ്റ് വാർത്തകൾ

### വെള്ളൂന്നി യൂണിറ്റ്

യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കൊട്ടാരത്തിന്റെയും ആനിമേറ്റർ സി. ബ്രിൻസിയുടെയും നേതൃത്വത്തിൽ 2014 വർഷത്തിൽ സംഘടനയെ നയിക്കേണ്ട ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റ്റിജോ കിഴക്കെയിലിനും മറ്റു ഭാരവാഹികൾക്കും നന്മ നിറഞ്ഞ പ്രവർത്തന വഴികൾ ആശംസിക്കുന്നു.

### പറളിക്കുന്ന് യൂണിറ്റ്

കെ.സി.വൈ.എം. സംഘടനയെ യൂണിറ്റിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി യൂണിറ്റ് ഡയറക്ടർ റവ.ഫാ. ശാന്തിദാസിന്റെയും, ആനിമേറ്റർ സി. ബെറ്റ്സിയുടെയും നേതൃത്വത്തിൽ 2014 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് ജ്യോതിഷ് ഏറ്റംപറമ്പിലിനും തിരഞ്ഞെടുക്കപ്പെട്ട മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**പാതിരിപ്പാടം യൂണിറ്റ്**

2014 വർഷത്തിൽ സംഘടനയെ നയിക്കേണ്ട ഭാരവാഹികളെ യൂണിറ്റ് ഡയറക്ടർ റവ.ഫാ. വിൻസെന്റ് താമരശ്ശേരിയുടെയും, ആനിമേറ്റർ സി. ലിന്റയുടെയും നേതൃത്വത്തിൽ തിരഞ്ഞെടുത്തു. പ്രസിഡന്റ് സന്തോഷ് മാത്യുവിനും മറ്റു ഭാരവാഹികൾക്കും ആശംസകൾ നേരുന്നു.

**പാലേമാട് യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കീഴേത്തിന്റെയും ആനിമേറ്റർ സി. നിർമ്മൽ ജോസിന്റെയും സാന്നിധ്യത്തിൽ പുതിയ വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് സബിൻ വടക്കേക്കുന്നേലിനും മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**നരിവാലമുണ്ട യൂണിറ്റ്**

പുതിയ പ്രവർത്തന വർഷത്തിൽ യൂണിറ്റിനെ നയിക്കേണ്ട ഭാരാവാഹികളുടെ തിരഞ്ഞെടുപ്പ് യൂണിറ്റ് ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെയും ആനിമേറ്റർ സി. മരിയയുടെയും നേതൃത്വത്തിൽ നടന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ലിനു പി. പോളിനും മറ്റ് ഭാരവാഹികൾക്കും വിജയാശംസകൾ.

**ചുങ്കക്കുന്ന് യൂണിറ്റ്**

യുവജനസെമിനാർ സംഘടിപ്പിച്ചു. 2014 വർഷം ഇടവകയെ മദ്യവിമുക്ത ഇടവകയായി പ്രഖ്യാപിച്ചു. അതിനോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ശ്രീ. ബാബു സാർ ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് മണക്കുന്നേലച്ചൻ ആമുഖപ്രഭാഷണം നടത്തി. സെക്രട്ടറി ജിജോ താന്നിവേലിൽ സ്വാഗതവും, പ്രസിഡന്റ് നോബിൾ വട്ടക്കുടി അധ്യക്ഷതയും വഹിച്ചു. ടോം ഉള്ളോപ്പള്ളി നന്ദിയർപ്പിച്ചു. 200 യുവജനങ്ങൾ സംബന്ധിച്ചു. ഇടവക ജനങ്ങൾക്കുവേണ്ടി നടത്തപ്പെട്ട ധ്യാനത്തിനുള്ള ഒരുക്കങ്ങൾക്ക് ആനിമേറ്റർ സി. റോയ്സ് അബ്രാഹവും, ഭാരവാഹികളും നേതൃത്വം നൽകി. വെള്ളം, പന്തൽ, കസേര തുടങ്ങിയവ യുവജനങ്ങൾ ക്രമീകരിച്ചു.

**ദ്വാരക യൂണിറ്റ്**

പുതിയ പ്രവർത്തന വർഷത്തിൽതന്നെ സമൂഹത്തിനു മുൻപിൽ ക്രിസ്തീയ സാക്ഷ്യമേകുന്ന പ്രവർത്തനത്തിന് നേതൃത്വം നൽകാൻ യൂണിറ്റിന് സാധിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോയി തുരുത്തേൽ,

ആനിമേറ്റർ സി. മേരി ജോസ് എന്നിവരുടെ സഹകരണത്തോടെ യൂണിറ്റിലെ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു വിധവയ്ക്ക് ഭവനം നിർമ്മിച്ചു നൽകി. അതിനുവേണ്ടി പുറത്തൂർ റെജി എന്ന വ്യക്തി സംഭാവനയായി നൽകിയ പഴയവീട് പൊളിച്ചുമാറ്റി, ഉപയോഗയോഗ്യമായ വസ്തുക്കൾ ശേഖരിക്കാനും യുവജനങ്ങൾ മുന്നിട്ടിറങ്ങി. വെറും 10 ദിവസങ്ങൾകൊണ്ട് പൂർത്തിയാക്കിയ ഭവനനിർമ്മാണത്തിന് യൂണിറ്റ് ഡയറക്ടറും, കൈക്കാരന്മാരും, സിസ്റ്റേഴ്സും, സുമനസുകളായ വ്യക്തികളും യുവജനങ്ങളോടൊപ്പം അധ്വാനനിരതരായി. ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം മനോഹരമായി നിർവ്വഹിച്ചു.

**സജിൻ പാലമൂട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജനുവരി 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 104 പേരും ഫെബ്രുവരി 9 മുതൽ 12 വരെ നടന്ന കോഴ്സിൽ 107 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാവൈദീകർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

## അടുത്ത മാസത്തിലെ കോഴ്സുകൾ

| | | |
|---|---|---|
| മാർച്ച് 14 മുതൽ 17 വരെ | - | മണിമൂളി |
| മാർച്ച് 28 മുതൽ 31 വരെ | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 12 മുതൽ 15 വരെ | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 25 മുതൽ 28 വരെ | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## പ്രത്യേക ശ്രദ്ധയ്ക്ക്

മാർച്ച് 14 മുതൽ 17 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തേ തന്നെ അിറയിക്കുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നുംകോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 14-17 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കണേ.

## കത്തോലിക്ക മാതൃസംഘടന

### ചുങ്കക്കുന്ന്

വാർഷികധ്യാനത്തിനൊരുക്കമായി നടത്തിയ ഹോംമിഷനും ഇടവകയിലെ 26 -ാമത്തെ വൈദീകനായ ജോബി പള്ളിക്കമാലിന്റെ തിരുപ്പട്ട സ്വീകരണത്തിനും സഹായിച്ചു. ജോബിയച്ചന് സമ്മാനം നൽകി. ഇടവക ധ്യാനത്തിനൊരുക്കമായി നടത്തിയ ദിവ്യകാരുണ്യ ആരാധനയിൽ അമ്മമാർ പങ്കെടുത്തു.

### വെള്ളൂന്നി

ജനുവരി 17 -ാം തീയതി ചേർന്ന മീറ്റിംഗിൽ സംഘടനയിലെ

4 അമ്മമാരുടെ വിവാഹവാർഷികം ആഘോഷിച്ചു. പച്ചക്കറിത്തോട്ട നിർമ്മാണ മൽസരത്തിൽ 2 അമ്മമാർ സമ്മാനാർഹരായി.

**ആറാട്ടുതറ**

7-2-2014 -ന് യോഗം ചേർന്ന് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഇടവകയിൽ രോഗികളായ രണ്ട് പേരെ സന്ദർശിക്കുക, 12-ന് കാട്ടിക്കുളത്തുള്ള കരുണാഭവൻ സന്ദർശിച്ച് ശുശ്രൂഷ ചെയ്യുക, വാർഡ് പ്രാർത്ഥനയിൽ പങ്കാളിത്തം കാര്യക്ഷമമാക്കുക എന്നീ തീരുമാനങ്ങൾ എടുത്തു.

**പുതിയിടംകുന്ന്**

2013 -ൽ കല്ലോടി മേഖലയിലെ മികച്ച ശാഖയായി പുതിയിടം കുന്ന് ഇടവക തെരഞ്ഞെടുക്കപ്പെട്ടു. 8-12-2013 രൂപതയിലെ മികച്ച ശാഖയെ തെരഞ്ഞെടുക്കുന്നതിന് രൂപതാ ടീം സന്ദർശനം നടത്തി. എല്ലാ ആദ്യശനിയാഴ്ച്ചകളിലും മാതൃസംഘടന യൂണിറ്റ് തലത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി ആശുപത്രിയിലെ രോഗികൾക്ക് നൽകുന്നു. ഇതിനായി ഇടവകയിലെ മുഴുവൻ കുടുംബങ്ങളിൽനിന്നും പിടിയരി ശേഖരണം നടത്തുന്നു. സാന്ത്വനം: ഇടവകയിലെ, ശാരീരികവും മാന സീകവുമായ വൈകല്യമുള്ളവരെയും, രോഗികളായ വിധവകളെയും സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും വസ്ത്രങ്ങൾ നൽകി ആശ്വസിപ്പിക്കുകയും ചെയ്തു. ആശ്വാസതീരം: 27-1-2014 -ന് ബഹു. ഡയറക്ടർ അച്ചന്റെയും ആനിമേറ്റർ സിസ്റ്ററുടേയും നേതൃത്വത്തിൽ സമരിറ്റൻ ഭവൻ സന്ദർശിക്കുകയും അവരുടെ മുറികളും പരിസരവും വൃത്തിയാക്കുകയും ചെയ്തു.

**മച്ചിക്കൊല്ലി**

26-1-2014 -ന് മീറ്റിംഗ് ചേർന്ന് കണക്കും റിപ്പോർട്ടും പാസാക്കി. ബൈബിൾ വാക്യപഠനമൽസരത്തിൽ വിജയികളായവർക്കും പങ്കെ ടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകി. പുതുവർഷത്തോടനുബ ന്ധിച്ച് ഇടവകയിലെ പള്ളിയിൽ വരാൻ സാധിക്കാത്ത വൃദ്ധമാതാപി താക്കൻമാരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബത്തിനും, സെമിനാരിവിദ്യാർത്ഥിക്കും പഠന സഹായം നൽകി. മദ്യപാനികൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി പ്രത്യേക നിയോഗംവച്ച് നോമ്പെ ടുത്ത് പ്രാർത്ഥിച്ച് പള്ളിക്കുന്ന് പള്ളിയിലേക്ക് തീർത്ഥാടനം നടത്താൻ തീരുമാനിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ കുടുംബ പ്രേഷിതത്വം

# വിമൻസ് കമ്മീഷൻ

11-01-2014 ന് ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ അധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിൽ വിമൻസ് കമ്മീഷന്റെ രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്നു. ശ്രീമതി ചിന്നമ്മ റാത്തപ്പിള്ളിയിൽ സ്വാഗതം ആശംസിച്ചു. വിമൻസ് കമ്മീഷൻ വിവിധ മേഖലകളിൽ വിധവകൾക്കായി നടത്തി വരുന്ന സഹയാത്രികയുടെ പ്രവർത്തനങ്ങളെ പറ്റി വിലയിരുത്തി. എല്ലാ ഇടവകകളിൽ നിന്നും നിലവിലുള്ള വിമൻസ് കമ്മീഷൻ സെക്രട്ടറിയെ കൂടാതെ ജോയിന്റ് സെക്രട്ടറിയെക്കൂടി തിരഞ്ഞെടുക്കുവാനും തീരുമാനമായി.

**2014 മാർച്ച് 8 വനിതാ ദിനം**

സമൂഹത്തിന്റെ വിവിധ മേഖലകളിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന സ്ത്രീകളെ മുഖ്യധാരയിലേക്ക് എത്തിക്കാൻവേണ്ടി നടത്തുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ, ഈ സേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ, സഭയോടും, സമൂഹത്തോടും ചേർന്ന് നമുക്ക് പ്രവർത്തിക്കാം. ഈ പ്രവർത്തനവഴികളിൽ പരി. അമ്മയുടെ വിനയവും, അനുസരണവും ലഭ്യമാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. എളിയവനായി ജീവിച്ച യേശുക്രിസ്തുവിന്റെ പാദമുദ്രകൾ പിൻതുടർന്ന് സ്നേഹത്തിന്റെ അതുല്യമായ ആയുധത്തിന്റെ ശക്തിയാൽ ലോകം മുഴുവൻ കീഴടക്കിയ മദർ തെരേസയെ ഈയവസരത്തിൽ നമുക്ക് മാതൃകയാക്കാം. ഓരോരുത്തർക്കും തങ്ങളുടെ ഉള്ളിലുള്ള കഴിവിനെ, ശക്തിയെ, ചൈതന്യത്തെ തിരിച്ചറിയാൻ കഴിയട്ടെ എന്ന് ഈ വനിതാ ദിനത്തിൽ ആശംസിക്കുന്നു.

**ജിഷ ഷൈബി**
വിമൻസ് കമ്മീഷൻ, രൂപതാ സെക്രട്ടറി

# സീയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

"ഉണർന്നു പ്രശോഭിക്കുക നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു" (ഏശയ്യ 60:1).

ഫെബ്രുവരിയിലെ ആദ്യശനിയുടെ തലേദിവസം സോണൽ മീറ്റിംഗിനായി സീയോൻ ശുശ്രൂഷകർ ഒരുമിച്ചുചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. മരണം മൂലം വേർപിരിഞ്ഞുപോയ പെരിയ ബഹു. മോൺ. ജോസഫ് കണിയാമറ്റത്തിൽ അച്ചന്റെ 15-ാം ചരമദിനം ആചരിച്ച് ബഹു. സോണിയച്ചൻ വി.ബലിയർപ്പിച്ച്, കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഓരോ ശുശ്രൂഷകനും വലിപ്പത്തിന്റെ മേലങ്കി വലിച്ചെറിഞ്ഞ് ശുശ്രൂഷയുടെ അരക്കച്ച ധരിക്കണം. ഇതുപോലെ ചെറുതാകുന്നവരെയാണ് യേശു ഉയർത്തിയത്. 'അപരനെ വലുതാക്കൽ സ്വയം ചെറുതായ ക്രിസ്തുവും, സ്വയം വലുതാക്കാൻ മറ്റുള്ളവരെ ചെറുതാക്കി കാണുന്ന മനുഷ്യരും' എന്ന ആശയത്തെക്കുറിച്ച് അച്ചൻ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 1.45 ന് ബഹു. അഗസ്റ്റിൻ താന്നിയിലച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിഗ് ആരംഭിച്ചു. ശുശ്രൂഷകന്റെ ജീവിതം കർത്താവിനെ ഓർത്തുകൊണ്ട് ആയിരിക്കണം. എല്ലാ പ്രവർത്തികളും ദൈവവിചാരത്തോടെ ആയിരിക്കണം എന്ന് അച്ചൻ അനുസ്മരിപ്പിച്ചു. മോൺ ജോസഫ് കണിയാമറ്റത്തിൽ അച്ചന് ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിച്ചു. ശുശ്രൂഷകർ കൂടുതൽ അഭിഷേകത്താൽ നിറയേണ്ടതിനെക്കുറിച്ചും, ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അച്ചൻ സംസാരിച്ചു. ജന്മദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ അർപ്പിച്ചു. മീറ്റിംഗ് അവസാനിപ്പിച്ച് ആദ്യശനിയുടെ ഒരുക്കശുശ്രൂഷയ്ക്കായി പോയി.

## ജാഗരണ പ്രാർത്ഥന

"കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല"

(വിലാ.3:22). 6.30 ന് ജപമാലയോടുകൂടി ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചൻ വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ദൈവത്തിന്റെ മുൻപിൽ സ്വീകാര്യരാകുന്നത് (എങ്ങനെയുള്ള വ്യക്തികളാണ്) ശിശുക്കളെപ്പോലെയാകുന്ന വ്യക്തികളാണെന്ന് ഓർമ്മിപ്പിച്ചു. തുടർന്ന് 9 മണിമുതൽ 12 വരെ ബഹു. അഗസ്റ്റിനച്ചനും, സീയോൻ ടീമും ജാഗരണ പ്രാർത്ഥന നടത്തി. 12 മണിക്ക് വിശ്രമത്തിനായി പോയി.

## ആദ്യശനി-ഏകദിന കൺവെൻഷൻ

"കർത്താവിന്റെ പദ്ധതികൾ ശാശ്വതമാണ്; അവിടുത്തെ ചിന്തകൾ തലമുറകളോളം നിലനിൽക്കുന്നു" (സങ്കീ. 33:11). ആദ്യശനിയാഴ്ച രാവിലെ 6 മണിക്ക് ജപമാല പ്രദക്ഷിണത്തോടെ ശുശ്രൂഷകൾ ആരംഭിച്ചു. സീയോൻ ഹാളും പരിസരവും വെഞ്ചരിച്ച് എല്ലാവരെയും അഭിഷേകത്തിനായി ശിരസ്സിൽ കൈവച്ച് പ്രാർത്ഥിച്ചു. അതിനുശേഷം ഒരുക്ക ശുശ്രൂഷകൾ നടത്തി. 9 മണിക്ക് പ്രഭാതപ്രാർത്ഥന, ജപമാല എന്നിവയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. സ്തുതിയും ആരാധനയും ശ്രീ. ബേബി മൂത്തേടം നയിച്ചു. ദൈവത്തെ മഹത്വപ്പെടുത്തി സാക്ഷ്യശുശ്രൂഷ നടത്തി. 11 മണിക്ക് ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചൻ വചനം പങ്കുവച്ചു. പാപത്തെക്കുറിച്ചും അതുമൂലം അധ:പതിക്കുന്ന വ്യക്തികൾ, കുടുംബങ്ങൾ, എന്നിവയും അതിൽ നിന്ന് എങ്ങനെ മോചനം നേടാമെന്നും അച്ചൻ സംസാരിച്ചു. തുടർന്ന് 12.15 ന് മാനന്തവാടി മൈനർ സെമിനാരി വൈസ് റെക്ടർ ബഹുമാനപ്പെട്ട ബിനു പൈനുങ്കൽ അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. മാനവഹൃദയങ്ങളിൽ പ്രത്യാശനിറയ്ക്കുന്ന വചനങ്ങൾ അച്ചൻ പങ്കുവച്ചു. ഭക്ഷണശേഷം 2.30 ന് അഭിഷേക ആരാധന, ദിവ്യകാരുണ്യ പ്രദിക്ഷണം എന്നിവയോടുകൂടി ശുശ്രൂഷകൾ അവസാനിച്ചു.

## രണ്ടാംശനി - ദമ്പതീകൂട്ടായ്മ 8-2-14

10 മണിക്ക് ജപമാലയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. MCBS സഭയിലെ ബഹു. റ്റിജോ അച്ചൻ, ബഹു. മത്തായി അച്ചൻ എന്നിവർ ക്ലാസെടുക്കുകയും വി.ബലിയർപ്പിക്കുകയും ചെയ്തു. വൈകുന്നേരം ആരാധനയോടെ ശ്രൂശ്രൂഷകൾ അവസാനിച്ചു.

## പൊതുകൗൺസിലിംഗ് ദിനം

2-ാം വെള്ളിയാഴ്ച സീയോൻ കൗൺസിലേഴ്സ് ഉച്ചയ്ക്ക് 2 മണി മുതൽ പ്രാർത്ഥിച്ചൊരുങ്ങി 2-ാം ശനിയാഴ്ച പൊതു കൗൺസിലിംഗ് നടത്തി.

**ഇവാഞ്ചലൈസേഷൻ ടീം മീറ്റിംഗ്**

7-2-14 രണ്ടാംവെള്ളി ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥിച്ചൊരുങ്ങി ടീം മീറ്റിംഗ് നടത്തി. 21-ാം തീയതി മാനന്തവാടി ടൗണിൽ സുവിശേഷം പങ്കുവയ്ക്കുവാൻ എല്ലാ ശുശ്രൂഷകരും പോകുന്നതിനായി തീരുമാനിച്ചു.

**ആന്തരികസൗഖ്യധ്യാനം**

"ദൈവമായ അങ്ങ് എത്ര അത്ഭുതങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു. ഞങ്ങളുടെ കാര്യത്തിൽ അങ്ങ് എത്ര ശ്രദ്ധാലുവായിരുന്നു" (സങ്കീ 40:5). ഫെബ്രുവരി മാസത്തിലെ ആന്തരിക സൗഖ്യധ്യാനം ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചൻ, സോണിയച്ചൻ, തോമസ് അറയ്ക്കൽ അച്ചൻ എന്നിവർ നയിച്ചു.

**സീയോൻ മാർച്ച് മാസത്തിൽ**

| | |
|---|---|
| ഫെബ്രുവരി 28 | - ആദ്യവെള്ളി - സോണൽ മീറ്റിംഗ് ജാഗരണപ്രാർത്ഥന |
| മാർച്ച് 1 ആദ്യശനി | - ഏകദിനകൺവെൻഷൻ |
| മാർച്ച് 8 രണ്ടാംശനി | - യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ പൊതുകൗൺസിലിംഗ് ദിനം |
| മാർച്ച് 21 മൂന്നാംവെള്ളി | - ജാഗരണ പ്രാർത്ഥന |
| മാർച്ച് 22 നാലാംശനി | - സൗഖ്യദിനം |
| മാർച്ച് 16-20 | - ആന്തരികസൗഖ്യധ്യാനം |

**ധ്യാന ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ: 04936-240922, 9495307089**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സീയോൻ സി.ആർ.സി.

# ജീസസ് യൂത്ത്

**ജാഗരണ പ്രാർത്ഥന**

"കർത്താവിനെ ഭയപ്പെടുന്നവർ അവിടുത്തെ വചനം ധിക്കരിക്കുകയില്ല. അവിടുത്തെ സ്നേഹിക്കുന്നവർ അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നു" (പ്രഭാ. 2, 15).

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ് ഒരുമിച്ച് ചേർന്ന് 12 മണിവരെ ജാഗരണ പ്രാർത്ഥന നടത്തി. ആരാധന, കുരിശിന്റെ വഴി, ഷെയറിംഗ് എന്നിവ നടത്തി. ജീസസ് യൂത്തിലെ അംഗമായ ജോമോൻ, ക്രിസ്റ്റീന കളമ്പുകാട്ട് ദമ്പതികൾക്ക് ആശംസകൾ നേരുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**യുവജന ഏകദിനധ്യാനം**

രണ്ടാംശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി 9.30 ന് ശുശ്രൂഷകൾ ആരംഭിച്ചു. 10 മണിമുതൽ 11 മണിവരെ Praise & Worship ആൽബിൻ, സോബിൻ, ജോസ്ന, സർഗ്ഗ എന്നിവർ ചേർന്ന് നേതൃത്വം നൽകി.

'ഫുൾടൈമർ' എന്നത് ഒരുകാലയളവല്ല. ജീവിതാവസാനംവരെ കർത്താവിനുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതമാണെന്നും ജീസസ് യൂത്തിലെ അംഗങ്ങൾ സ്വന്തം ജീവിതസാക്ഷ്യത്തിലൂടെ കർത്താവിന് സാക്ഷ്യം നൽകണമെന്നും ചെറുപ്പത്തിൽ തന്നെ കർത്താവിനുവേണ്ടി മാറ്റി വച്ചാൽ ധാരാളം കൃപകൾ തമ്പുരാൻ നൽകുമെന്നുമുള്ള ചിന്തകൾ റവ.ഫാ. തോമസ് അറയ്ക്കൽ ക്ലാസിലൂടെ പങ്കുവച്ചു. തുടർന്ന് ദിവ്യബലിയർപ്പിക്കുകയും, ദിവ്യകാരുണ്യ ആരാധന നടത്തുകയും ചെയ്തു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ജീസസ് യൂത്ത് ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ലഹരി വിമുക്ത വർഷം**

മാനന്തവാടി രൂപതയിൽ 2014–2015 വർഷം ലഹരി വിമുക്ത വർഷമായി അഭിവന്ദ്യപിതാവ് പ്രഖ്യാപിച്ചു. സമിതിയുടെ നീണ്ടവർഷങ്ങളിലെ ആവശ്യമായിരുന്നു ലഹരി വിരുദ്ധ വർഷാചരണം. കഴിഞ്ഞ പാസ്റ്ററൽ കൗൺസിലിന്റെ നിർദ്ദേശം അംഗീകരിക്കുകയും ലഹരിവിരുദ്ധ വർഷം പ്രഖ്യാപിക്കുകയും ചെയ്ത അഭിവന്ദ്യ പിതാവിനും ശക്തമായ പിന്തുണയും നേതൃത്വവും നൽകുന്ന ബഹുമാന്യനായ വികാരി ജനറാൾ മാത്യു മാടപ്പള്ളിക്കുന്നേലച്ചനും സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**ലഹരി വിരുദ്ധ വിദ്യാർത്ഥി സംഗമം**

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ് കാസയുടെ രൂപത വിദ്യാർത്ഥി ലഹരി വിരുദ്ധ സംഗമം ഫെബ്രുവരി 15 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. കൺവെൻഷൻ ആരംഭം കുറിച്ചുകൊണ്ട് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ തലശ്ശേരി അതിരൂപത ഡയറക്ടറും കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡണ്ടും മദ്യവിരുദ്ധ സമിതി മലബാർ മേഖലാ ഡയറക്ടറുമായ റവ. ഫാ. തോമസ് തൈത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. ലഹരി വിരുദ്ധ പ്രവർത്തനരംഗത്ത് വിദ്യാർത്ഥികളുടെ പങ്കിനെപ്പറ്റി അച്ചൻ ക്ലാസ്സ് നയിച്ചു.

'കാസ' യുടെ വാർഷിക സമ്മേളനം എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എച്ച്. ബി. പ്രദീപ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. രൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറയിൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ലാൽ പൈനുങ്കൽ, മതബോധന രൂപതാ ഡയറക്ടർ റവ. ഫാ. റോയി വട്ടക്കാട്ട്, റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ബേബി പേടപ്പാട്ട്, ജോയി പരിയാരത്ത്, ഷാജി ചന്ദനപറമ്പിൽ, ജോസ്

പള്ളത്ത്, ബ്രോജിൻ ലിയോ ജോസ് എന്നിവർ പ്രസംഗിച്ചു. രൂപതാ കൺവെൻഷനിൽ 18 വിദ്യാലയങ്ങളിൽ നിന്നായി 268 വിദ്യാർത്ഥികളും 26 അദ്ധ്യാപകരും പങ്കെടുത്തു. നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ സ്വാഗതഗാനം ആലപിച്ചു.

**റവ. ഫാ. തോമസ് തൈത്തോട്ടത്തെ ആദരിച്ചു**

37 വർഷമായി മദ്യനിരോധന മദ്യവിരുദ്ധ ലഹരി വിമോചന, ചികിത്സാരംഗത്തെ നിറസാന്നിദ്ധ്യമായ റവ. ഫാ. തോമസ് തൈത്തോട്ടത്തെ മാനന്തവാടി രൂപത വിദ്യാർത്ഥി സംഗമത്തിൽ വെച്ച് ആദരിച്ചു. അച്ചന്റെ പൗരോഹിത്യ ജൂബിലി വർഷം കൂടിയാണിത്. അനുമോദന സമ്മേളനത്തിൽ റവ. ഫാ. ബിജു പൊൻപാറയിൽ അദ്ധ്യക്ഷത വഹിച്ചു. CWC ചെയർമാനും മാനന്തവാടി രൂപത പി. ആർ. ഒ. യും മാറ്റൊലി സ്റ്റേഷൻ ഡയറക്ടറുമായ റവ. ഫാ. തോമസ് ജോസഫ് തേരകം പൊന്നാട അണിയിക്കുകയും മെമന്റോ നൽകുകയും അനുമോദന പ്രസംഗം നടത്തുകയും ചെയ്തു. റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, റവ. ഫാ. ലാൽ പൈനുങ്കൽ, ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ പ്രസംഗിച്ചു.

മദ്യനിരോധന രംഗത്ത് ബഹുമാന്യനായ തൈത്തോട്ടത്തിലച്ചൻ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട്.

കെ.സി.ബി.സി. തലശ്ശേരി അതിരൂപത ഡയറക്ടറും മലബാർ മേഖല ഡയറക്ടറുമാണ്. കേരള മദ്യനിരോധന സമിതിയുടെ സംസ്ഥാന പ്രസിഡന്റും പ്രതീക്ഷ ഡി അഡിക്ഷൻ സെന്റർ ഡയറക്ടറുമാണ്.

**ലഹരി വിരുദ്ധ ക്ലബ് രൂപതാ വിജയികൾ**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | : | സെന്റ് ആന്റണീസ് യു.പി. സ്കൂൾ, പഴൂർ |
| രണ്ടാം സ്ഥാനം | : | സെന്റ് തോമസ് H.S. നടവയൽ |
| മൂന്നാം സ്ഥാനം | : | C.K.H.S. മണിമൂളി |

വിജയികൾക്ക് കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | 3001 രൂപയും ട്രോഫിയും |
| രണ്ടാം സമ്മാനം | : | 2001 രൂപയും ട്രോഫിയും |
| മൂന്നാം സമ്മാനം | : | 1001 രൂപയും ട്രോഫിയും |

**മത്സര വിജയികൾ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി കാസ ലഹരി വിരുദ്ധ ക്ലബ്ബ് വിദ്യാർത്ഥികൾക്കായി U.P, H.S. തലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾ.

**യു. പി. വിഭാഗം**

1. പോസ്റ്റർ – I$^{st}$ ജോസ്‌വിൻ പി. ജോയി, സെന്റ് ജോസഫ് TTI കണിയാരം.
II$^{nd}$ അരവിന്ദ്
2. കൊളാഷ് – I$^{st}$ സെന്റ് ആന്റണീസ് യു.പി. കൊമ്മയാട്
II$^{nd}$ എ. യു. പി. സ്കൂൾ ദ്വാരക
3. കവിത – I$^{st}$ ഷിയോണ സേവ്യർ – അമ്പായത്തോട് യു. പി.
II$^{nd}$ അമൃത മരിയ ജോർജ്ജ് – സെന്റ് ജോസഫ് TTI കണിയാരം.
4. ഉപന്യാസം – I$^{st}$ റോസ് മരിയ ഡോളി – A.U.P.S അമ്പായത്തോട്
II$^{nd}$ അനു മരിയ – സെന്റ് സെബാസ്റ്റ്യൻസ് യു. പി. പാടിച്ചിറ
5. വാട്ടർ കളർ I$^{st}$ അനിറ്റ റോയി – സെന്റ് കാതറൈൻസ് ഹൈസ്കൂൾ, പയ്യമ്പള്ളി
II$^{nd}$ ജോസ്‌വിൻ പി. ജോയി, സെന്റ് ജോസഫ് TTI കണിയാരം.

**ഹൈസ്കൂൾ വിഭാഗം**

1. പോസ്റ്റർ – I$^{st}$ വിഗ്നീഷ്. കെ. ഷാജി, അസംപ്ഷൻ H.S. ബത്തേരി
II$^{nd}$ അലിൻ മരിയ വിൽസൺ സെന്റ് ജോസഫ് ഹൈസ്കൂൾ കല്ലോടി
2. കൊളാഷ് – I$^{st}$ ഫാ. ജി. കെ. എം. എച്ച്.എസ് കണിയാരം
II$^{nd}$ ക്രൈസ്റ്റ് ദ കിംഗ്സ് ഹൈസ്കൂൾ, മണിമൂളി
3. കവിത – I$^{st}$ അതുൽ പി. സെന്റ് തോമസ് H.S. നടവയൽ
II$^{nd}$ അലീന ജോഷി സെന്റ് ജോസഫ് H.S. അടക്കാത്തോട്
4. വാട്ടർകളർ – I$^{st}$ സൂരജ് സത്യൻ S.C.H.S.S പയ്യമ്പള്ളി
II$^{nd}$ വിനു പി. കെ Fr. G.K.M.H.S കണിയാരം
5. ഉപന്യാസം I$^{st}$ അമയ ജോസ് അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി
II$^{nd}$ ക്രിസ്റ്റീന ഷാജി IJMHS കൊട്ടിയൂർ

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡണ്ട്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദര ങ്ങളെ....

"എന്റെ മഹത്വത്തിനായി ഞാൻ സൃഷ്ടിച്ച് രൂപംകൊടുത്തവരും എന്റെ നാമത്തിൽ വിളിക്കപ്പെടുന്നവരുമായ എല്ലാവരേയും കൊണ്ടുവ രുവിൻ."

തിരുനാൾ, ഉത്സവാഘോഷകാലം പിന്നിട്ട്, മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനായി മനുഷ്യാവതാരം ചെയ്ത യേശുനാഥന്റെ പര സ്യജീവിതവും, അവിടുത്തെ പ്രബോധനങ്ങളും, കുരിശുമരണവും ഉത്ഥാനവും പ്രത്യേകമായി അനുസ്മരിക്കുന്ന വലിയനോമ്പ് (50 നോമ്പ്) ആചരണം മാർച്ച് 3-ാം തീയതി ആരംഭിക്കുകയാണല്ലോ. നമ്മുടെ രക്ഷ കനായ യേശുനാഥൻ തന്റെ തിരുശ്ശരീരവും തിരുരക്തവും നമുക്ക് ഭക്ഷ ണവും പാനീയവുമായി പകുത്തുതന്നതിന്റെ ഓർമ്മ ആചരിക്കുന്ന വിശു ദ്ധകുർബാന സ്ഥാപിച്ചതിന്റെ കൂടി ഓർമ്മയാണല്ലോ ഈ വലിയ നോമ്പ്. പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും പ്രതീകമായ ഈ വലിയനോമ്പുകാലത്തിൽ ക്രിസ്തീയ ഉപവി പ്രവർത്തനങ്ങൾക്ക് കൂടു തൽ സമർപ്പണബോധത്തോടെ പ്രാർത്ഥനയിലൂടെയും ഉപവാസത്തി ലൂടെയും കൊച്ചുകൊച്ചു സഹനത്തിലൂടെയും പാവപ്പെട്ടവരിലേക്കും അവശരായ രോഗികളിലേക്കും സഹായ ഹസ്തങ്ങൾ നീട്ടിക്കൊണ്ട് ലോകരക്ഷകനായ യേശുനാഥന്റെ പീഢാസഹനങ്ങളിൽ നമുക്കും പങ്കു ചേരാം.

ആത്മവിശുദ്ധീകരണവും ജീവിത നവീകരണവും സാധ്യമാ ക്കാൻ ആവശ്യമായ ആലോചനയോഗങ്ങൾ ബഹു. ആത്മീയോപദേ ഷ്ടാക്കളുടെ സാന്നിധ്യത്തിൽ ചേർന്ന് പുതിയ ആശയങ്ങൾ ഉൾക്കൊണ്ട് സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തുവാൻ എല്ലാ പ്രവർത്തകരോടും അഭ്യർത്ഥിക്കുന്നു.

**സിസിയോഗം**

15-2-2014 ന് രാവിലെ 10 മണിക്ക് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ അധ്യക്ഷതയിൽ ഓസാനാം ഭവനിൽ വെച്ച് സിസി യോഗം ചേർന്നു.

സിസി യോഗത്തിൽ ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സ്വാഗതം ആശംസിച്ചുകൊണ്ട് ഓസാനാംഭവൻ വിപുലീകരണത്തിന് പുതിയ ബ്ലോക്ക് നിർമ്മാണഫണ്ട് ശേഖരണത്തിന്റെ ഭാഗമായി, അഭിവന്ദ്യപിതാവ്, ഫൊറോന വികാരിമാർക്കും, ഇടവക വികാരിമാർക്കും അയച്ച വ്യക്തിഗത എഴുത്തുപ്രകാരം ഒരു ഞായറാഴ്ച കുർബാനമധ്യേ സ്തോത്രക്കാഴ്ച ഇതുവരേയും എടുക്കാത്ത ഇടവകകളിൽ അതത് ഏസി പ്രസിഡണ്ടുമാരും, കോൺഫ്രൻസ് പ്രസിഡണ്ടുമാരും വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കണമെന്ന് എടുത്തുപറഞ്ഞു.

വിൻസെൻഷ്യൻ കോൺഫറൻസുകൾ ഇല്ലാത്ത ദേവാലയങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് ഓസാനാംഭവനിൽ എത്തിച്ചു. എന്നാൽ സജീവ കോൺഫ്രൻസുകളുള്ള ദേവാലയങ്ങളിൽ നിന്നും ഇതുവരേയും ഫണ്ട് സ്വരൂപിക്കാത്ത ഇടങ്ങൾ ഉണ്ട്. ഏസി തലത്തിൽ ഫണ്ട് സ്വരൂപിക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കോൺഫ്രൻസ് പ്രസിഡണ്ടുമാരെ പ്രോത്സാഹിപ്പിക്കണമെന്ന് ഊന്നിപ്പറഞ്ഞു.

സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ തന്റെ അധ്യക്ഷ സന്ദേശത്തിൽ ഓരോ വിൻസെൻഷ്യൻ പ്രവർത്തകരും ഉണർന്ന് പ്രവർത്തിക്കാൻ സമയം അതിക്രമിച്ചിരിക്കുകയാണെന്ന് ഊന്നിപ്പറഞ്ഞു. താൻ ചെയ്യുന്ന ജോലി തനിക്ക് തന്നെ വേണ്ടിയാണ് എന്നുള്ള ചിന്ത ഓരോ വിൻസെൻഷ്യൻ പ്രവർത്തകർക്കും ഉണ്ടായിരിക്കണം.

ഏസി, കോൺഫ്രൻസുകളുടെ വാർഷികറിപ്പോർട്ട് ഫോം (പുതിയത്) വിതരണം ചെയ്തു. വാർഷിക റിപ്പോർട്ട് എത്രയും പെട്ടെന്ന് സിസിയിൽ എത്തിക്കാൻ എല്ലാ ഏസി പ്രസിഡണ്ടുമാരേയും ചുമതലപ്പെടുത്തി.

**പുതിയ ഏസി പ്രസിഡണ്ട്**

ഗൂഡല്ലൂർ ഏസി പുതിയ പ്രസിഡണ്ട് – ബ്രദർ പി.എസ് തങ്കച്ചൻ പാറേക്കാട്ടിൽ വീട്, പുത്തൂർ, മാർത്തോമ്മാനഗർ (പോസ്റ്റ്), ഗൂഡല്ലൂർ, ഫോൺ: 09489309554. – സത്യപ്രതിജ്ഞചെയ്ത് സ്ഥാനമേറ്റു. സേവനകാലം പൂർത്തിയാക്കി സ്ഥാനമൊഴിഞ്ഞ ഏസി പ്രസിഡണ്ട് ബ്രദർ റോയി ലൂയീസിന് സേവനകാലത്ത് കാഴ്ചവെച്ച വിലമതിക്കാനാവാത്ത പ്രവർത്തനങ്ങൾക്കും സഹകരണങ്ങൾക്കും സിസിയുടെ നന്ദി അറിയിക്കുന്നു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സമ്പൂർണ്ണ മാനുവൽ മലയാളം തർജ്ജിമ ഓരോ കോൺഫ്രൻസിനും ഒന്ന് വീതം ഏസിക്ക് ഒന്ന്. വില 50/– രൂപയാണ്. എല്ലാ ഏസി പ്രസിഡണ്ടുമാരും കോൺഫ്രൻസുകളിൽ നിന്ന് വില ഈടാക്കി സിസിയിൽ എത്തിക്കേണ്ടതാണ്.

ഓസാനാം ഭവന്റെ വിപുലീകരണത്തിന് പുതിയ ബ്ലോക്ക് നിർമ്മാണഫണ്ട് ശേഖരണത്തിൽ ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാ കോൺഫ്രൻസ് പ്രസിഡണ്ടുമാരേയും ഭാരവാഹികളേയും അഭിനന്ദിക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തട്ടെ. ഇടവകകളിൽ നിന്നും ശേഖരിച്ച് നൽകിയ തുക താഴെ ചേർക്കുന്നു.

1. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കേണിച്ചിറ – 21,000.00
2. ഫാത്തിമ മാതാ ചർച്ച്, കയ്യൂന്നി – 30,000.00
3. സെന്റ് ഫ്രാൻസീസ് ഓഫ് അസ്സീസി, മീനങ്ങാടി – 5000.00
4. സെന്റ് ആന്റണി ചർച്ച്, കുഞ്ഞോം – 3860.00
5. സെന്റ് തോമസ് ചർച്ച്, വഞ്ഞോട് – 3400.00
6. സെന്റ് തോമസ് ചർച്ച്, ദീപ്തിഗിരി – 10,000.00
7. ലിറ്റിൽഫ്ളവർ ചർച്ച്, മുതിരേരി – 13,000.00
8. ഹോളിഫാമിലി ചർച്ച്, ബോയ്സ് ടൗൺ – 2600.00
9. ഇൻഫന്റ് ജീസസ് ചർച്ച്, വലിയകൊല്ലി – 1000.00
10. സെന്റ് മേരീസ് ചർച്ച്, പേരിയ – 5100.00
11. സെന്റ് പോൾ & സെന്റ് പീറ്റർ ചർച്ച്, മാനന്തവാടി – 7200.00
12. സെന്റ് ആന്റണി ചർച്ച്, വാകേരി – 3000.00
13. ഇൻഫന്റ് ജീസസ് ചർച്ച്, ശിശുമല – 5000.00
14. സെന്റ് മേരീസ് ചർച്ച്, തരിയോട് – 20,000.00

ബാക്കിയുള്ള ഇടവകകളിൽ കോൺഫ്രൻസ് പ്രസിഡണ്ടുമാർ മുൻകൈ എടുത്ത് ഒരു ഞായറാഴ്ച കുർബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ച ബഹു. ഇടവക വികാരി അച്ചന്മാരുമായി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് സ്വരൂപിച്ച് എത്തിക്കാൻ താല്പര്യപ്പെടുന്നു.

### യുവജനമത്സരങ്ങൾ

KRCC യുവജനമത്സരങ്ങളിൽ പങ്കെടുത്ത എല്ലാ മത്സരാർത്ഥികളേയും അഭിനന്ദിക്കുന്നതിനോടൊപ്പം ഏസി പ്രസിഡണ്ടുമാരുടെ പ്രത്യേക ശ്രദ്ധക്കായി വരുംകാലങ്ങളിൽ കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിക്കാനും വിജയികളാകാനും പരിശീലിപ്പിക്കാൻ ശ്രമിക്കുമല്ലോ.

**ഓസാനാംഭവൻ സന്ദർശനം**

**മണിമൂളി ഏസി**

| | | |
|---|---|---|
| 17–3–2014 | സെൻ്റ് മേരീസ് | മണിമൂളി |
| 19–3–2014 | സെൻ്റ് അൽഫോൻസ | മരുത |
| 21–3–2014 | വാ. മദർതെരേസ | പാലേമാട് |
| 23–3–2014 | സെൻ്റ് ജോസഫ് | നരിവാലമുണ്ട |
| 25–3–2014 | സെൻ്റ് അൽഫോൻസ | നരിവാലമുണ്ട |
| 27–3–2014 | ക്രിസ്തുരാജ | മണിമൂളി |
| 29–3–2014 | സെൻ്റ് മേരീസ് | ഭൂദാനം |
| 31–3–2014 | ലിറ്റിൽ ഫ്ളവർ | ഭൂദാനം |

**നിലമ്പൂർ ഏസി**

| | | |
|---|---|---|
| 2–4–2014 | സെൻ്റ് തോമസ് | എടിവണ്ണ |
| 4–5–2014 | സെൻ്റ് അൽഫോൻസ | പൂളപ്പാടം |
| 6–4–2014 | സെൻ്റ് ജോർജ് | പൂളപ്പാടം |
| 8–4–2014 | സെൻ്റ് മേരീസ് | പൂക്കോട്ടുപാടം |
| 10–4–2014 | ലിറ്റിൽഫ്ളവർ | നിലമ്പൂർ |
| 12–4–2014 | സെൻ്റ് തെരേസ | നിലമ്പൂർ |
| 14–4–2014 | സെൻ്റ് മേരീസ് | തേൾപാറ |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും വലിയ നോമ്പിൻ്റെ ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ.

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

## സാമൂഹ്യ സേവനരംഗം (WSSS)

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ സർട്ടിഫിക്കേഷൻ ബോഡിയായ 'LACON' ന്റെ എക്സ്റ്റേണൽ ഇൻസ്പെക്ഷൻ പൂർത്തീകരച്ചു. 'LACON' ഇൻസ്പെക്ടർ സണ്ണി ആന്റണി ഇൻസ്പെക്ഷനു നേതൃത്വം വഹിച്ചു. ഓർഗാനിക് സർട്ടിഫിക്കേഷനിലുള്ള 1000 കർഷകർക്ക് ഗ്രീൻ നെറ്റ് വിതരണം ചെയ്തു. WSSS ഫെയർ ട്രേഡ് സംഘടനയായ WOFFA യിലേക്ക് 5382 കർഷകർ അംഗത്വം നൽകുകയും ഓർഗാനിക് സർട്ടിഫിക്കേഷനുള്ള കർഷകരിൽ നിന്നും ജനുവരി മാസത്തിൽ കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുകയും ചെയ്തു.

കാപ്പി - 39325. 7 Kg

ഇഞ്ചി - 10380. 5 Kg എന്നിവയും കൂടാതെ ജാതി, ജാതിപത്രി, ചുക്ക്, ഗ്രാമ്പു, കറിവേപ്പില, ഏലം, കറുവയില എന്നിവയും സംഭരിച്ചു.

2557 കർഷകരുടെ APEDA (Agricultural and Processed Food Products Export Development Authority) Trace net product എൻട്രി പൂർത്തീകരിച്ചു.

**സെമിനാർ**

"മണ്ണിന്റെ ആരോഗ്യവും ജൈവവള നിർമ്മാണവും" എന്ന വിഷയത്തെക്കുറിച്ച് ജോഷി. വി. ചെറിയാൻ, പി. എച്ച്. ഡി. (ഒമേഗ എക്കോ -ടെക് പ്രൊഡക്ട് ഇന്ത്യ ലിമിറ്റഡ്) ഓർഗാനിക് റീജണൽ കോ ഓർഡിനേറ്റേഴ്സിന് സെമിനാർ നടത്തി. WSSS ജനറൽ കോ-ഓർഡിനേറ്റർ ജോസ് പി.എ. സെമിനാറിന് നേതൃത്വം നൽകി.

ഫെയർ ട്രേഡിനെക്കുറിച്ച് WOFFA കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് റീജണൽ കോ- ഓർഡിനേറ്റേഴ്സിന് ക്ലാസ്സ് നൽകി. ഫെയർ ട്രേഡ് ഫൗണ്ടേഷൻ ഇന്ത്യയിൽ നിന്നും അഭിഷേക് സ്റ്റാനി WSSS സന്ദർശിക്കുകയും പുൽപ്പള്ളിയിൽ വില്ലേജ് തല മീറ്റിംഗ് സംഘടിപ്പി

ക്കുകയും കർഷകരുമായി ഫെയർ ട്രേഡിനെക്കുറിച്ചും കാർഷിക പ്രതിസന്ധികളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു. WOFFA കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യു ICS കോ-ഓർഡിനേറ്റർ സുജ ജോയി എന്നിവർ നേതൃത്വം നൽകി.

**നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതി**

നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അയനിവയൽ, പൊർളോം, നെല്ലേരി നീർത്തടങ്ങളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. കർഷകർക്കാവശ്യമായ കാർഷിക യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്. പവ്വർ ടില്ലർ, മിനി ടില്ലർ, കുരുമുളക് മെതിക്കൽ യന്ത്രം, കാട് വെട്ട് യന്ത്രം, മരം മുറിക്കുന്ന യന്ത്രം, സ്പെയറുകൾ, ജലസേചന പമ്പു സെറ്റുകൾ ട്രോളി തുടങ്ങി വിവിധ തരത്തിലുള്ള യന്ത്രങ്ങൾ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ലഭ്യമാകും.

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വികസന പരിപാടികൾ നടപ്പിലാക്കി.

1. സ്വാശ്രയ സംഘങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് - 50 സംഘങ്ങൾക്ക്.
2. കിണർ പുനരുദ്ധാരണം - 40 എണ്ണം
3. നീരുറവകളുടെ സംരക്ഷണം - 35 എണ്ണം

**സേവ് എ ഫാമിലി പ്രോഗ്രാം**

2014 ജനുവരി മാസത്തിൽ SAFP യെ സംബന്ധിച്ചിടത്തോളം ധാരാളം പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. 16-01-2014 ന് Miss Shinto (Regional Programme Officer, Ernakulam) പുൽപ്പള്ളി റീജിയണിലെ വളാഞ്ചേരി, മരക്കടവ് എന്നീ സെന്ററുകളും 17-01-2014 ന് കല്പ്പറ്റ റീജിയണിലെ പുതുശ്ശേരിക്കടവ്, കുറ്റിയാംവയൽ എന്നീ സെന്ററുകളും സന്ദർശിച്ച് SAFP യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരുമാന വർദ്ധക പരിപാടികൾ കാണുകയും ചെയ്തു. പുൽപ്പള്ളി റീജിയണിലെ മരകാവ്, മരക്കടവ്, കബനിഗിരി, പട്ടാണിക്കൂപ്പ്, വളാഞ്ചേരി എന്നീ സെന്ററുകളിൽ വരുമാന വർദ്ധക പരിപാടിയുടെ ഭാഗമായി

കോഴികളെ വിതരണം ചെയ്യുന്നതിന് സാധിച്ചു. മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് ആനിമേറ്റേഴ്സ് ഓരോ സെന്ററുകളിലും centre level meeting കൾ നടത്തുകയും 'മൊബൈൽ ഫോണിന്റെ അമിത ഉപയോഗ' ത്തെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. SAFP യിലെ 16 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടി തുടങ്ങുന്നതിനുവേണ്ടി തുക വിതരണം ചെയ്തു. ആനിമേറ്റേഴ്സും കോ-ഓർഡിനേറ്ററും SAFP കുടുംബങ്ങൾ സന്ദർശിച്ച് വരുമാന വർദ്ധക പരിപാടികൾ കണ്ട് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### SWS സെക്രട്ടറി മീറ്റിംഗ്

സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ മീറ്റിംഗ് ജനുവരി 8 ന് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS ഡയറക്ടർ റവ.ഫാ. ജോൺ ചൂരപ്പുഴയിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

"മാലിന്യവും കുടിവെള്ളവും" എന്ന വിഷയത്തെ ആസ്പദമാക്കി E.T. ജോസഫ് ( Rtd. Joint Director, Tribal development programme, Kerala) ക്ലാസ്സ് നൽകി. ഗ്രാമസഭയിൽ അംഗങ്ങളുടെ പങ്കാളിത്തം കുറയുന്നതുകൊണ്ട് പ്രാദേശിക ജനാധിപത്യ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല. ഇത് ജനാധിപത്യ സംവിധാനത്തിന് ഹാനികരമാവുകയും ചെയ്യുമെന്ന് മീറ്റിംഗിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി.

### കൊട്ടിയൂർ മേഖലാ മീറ്റിംഗ്

കൊട്ടിയൂർ മേഖലയിലെ സോഷ്യൽ വെൽഫയർ സൊസൈറ്റി ഭരണസമിതിയുടെ മേഖലാതല മീറ്റിംഗ് ചുങ്കക്കുന്ന് ഫാത്തിമാ മാതാ ഓഡിറ്റോറിയത്തിൽ വെച്ച് ജനുവരി 14 ന് നടത്തി. കൊട്ടിയൂർ മേഖലാ കോ-ഓർഡിനേറ്റർ വൽസാ തോമസ് സ്വാഗതം ആശംസിച്ചു. സോഷ്യൽ വെൽഫയർ സൊസൈറ്റി പ്രസിഡണ്ട് കുര്യാച്ചൻ കാട്ടുതുരുത്തി അദ്ധ്യക്ഷത വഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ. ബിനോയ് എബ്രാഹം എടൂർ വരുമാന വർദ്ധക പദ്ധതികളുടെ സാധ്യതകൾ നടപ്പിലാക്കേണ്ട ആവശ്യകത, സ്വാശ്രയ സംഘങ്ങൾ നടപ്പിലാക്കിയിട്ടുള്ള മാതൃകാ സംരംഭങ്ങൾ, തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സർക്കാർ ഭാഗത്തുനിന്നുള്ള സഹായങ്ങൾ, കോഴ്സുകൾ എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയുണ്ടായി.

**ബയോ-ഗ്യാസ് വികസന പദ്ധതി**

പെരിക്കല്ലൂർ, മരക്കടവ്, കൊമ്മയാട്, വാളാട്, കാട്ടിമൂല, കരിബിമ്മേൽ, കണിയാരം, കമ്മന തുടങ്ങിയ സ്ഥലങ്ങളിൽ ആറ് ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ഏഴ് പ്ലാന്റുകൾ നിർമ്മിച്ച് നൽകുകയും ചെയ്തു. രണ്ട് സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

കേന്ദ്ര കേര വികസന ബോർഡിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം 2 ഘട്ടങ്ങളായി പൂർത്തിയാക്കി. ഈ മാസം 39 പേർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു. ഈ പരിശീലനം തുടർന്നും നടത്തുന്നതാണ്. അപേക്ഷകർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓഫീസുമായി ബന്ധപ്പെടുക.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# MARY MATHA ARTS & SCIENCE COLLEGE

**Tidings of January - February 2014**

- Members of the Yuva Jagratha Yathra, campaign organized by the Kerala State Youth Welfare Board and the Excise Dept to raise awareness on drug abuse staged a Street Play on the Campus on 20 January.
- Sri George Sebastian attended the National Seminar on Management Techniques, Effective Administration, and Enriched Work Culture at the St Philomena College of Social Work, Puttur, Mangalore, 24 Januanry.
- Republic Day was celebrated on the Campus under the auspices of the NCC.
- The Kala Jadha to conscientize the Academic Community on Contemporary Issues and organized by the Kannur University Union visited the Campus on 31 January.
- Lt Dt Rajeev Thomas, attended the Seminar on National Ideals of Swami Vivekananda as part of the 150th Birth Anniversary of Swami Vivekananda organized for the ANOs of the NCC in association with the Dept of Sports and Youth Affairs, Thiruvananthapuram, 30 January.
- The Principal inaugurated the National Seminar on Dissonant Voices: Culture Studies and New Literatures organized by the Govt College, Mananthavady, 30 -31 January.
- The Open Defense of the Ph D Thesis in Maths of the Research Scholars Mr Shahul Hamid and Ms Viji Paul and supervised by Dr Sr Germina were held in the Kannur University on 1 February.
- Students belonging to the Tribal Communities won Academic laurels for the first time in the history of the College. Ajisha C.G. belonging to the ST Category won the Kerala State Higher Education Scholarship and Sandhya of the SC Category won the Central Sector Scholarship.

- Forty One of our Students have been selected for the Scholarships by the Coffee Board Labour Welfare Board and one Student for the Scholarship of the Kerala Motor Labour Welfare Board.
- The Commerce Dept held the PTA Meet, 4 February. Students of the Department were the Winners in the Management Game at the Pazhassiraja College, Pulpally.
- The National Service Scheme of the College released the results of the Bhavana Nirmana Coupons.
- Personnel from the St Philomena College of Social Work, Puttur, Managalore led the Career Guidance Program for the Senior Students on Campus,6 February.
- Dr Sudha Devi, Coordinator of the Bhoomithrasena Club received the award for the Second Best Bhoomithrasena Club in the North Zone for its contributions towards environment conservation instituted by the Dept of Environment and Climate Change from the Mayor of Thiruvananthapuram Corporation, 7 February.
- Rev. Fr Manager celebrated the Holy Eucharist in College Chapel on First Friday.
- The Carreer Guidance Cell organized a Weekend Residential Workshop on Coaching for Entry into Services, 7-9 February. Dr Rakesh Kalia coordinated. Sri Abijith, Ms Rejitha, Ms Jisha, Ms Lidiya, and Ms Joshly assisted.
- The Dept of Commerce organized the Mastermind Quiz for the College Students across Wayanad, 13 February. Sri Reji Francis and his Team coordinated.
- Personnel from the Acharya B School, Bangalore held the Seminar on Career Tips for the Senior Students, 13February.
- Dr Shaju P.P. attended the Board of Studies' Meet in Journalism in the Calicut University, 13 February.
- The NCC Unit in association with the Blood Bank of the District Hospital organized Blood Donation on the Campus,14 February. Lt Dr Rajeev Thomas and Under Officer Ms Athira coordinated.
- Dr Rajeev Thomas and Dr Mercy Ignatius have been External Examiners in the Practical Examinations for the Higher Secondary Students of St Patrick School,13 and 17 February.
- The Students' Union raised around Rs.10,000/- towards Accident Relief Fund for the Needy. Chairman Sri Kishore Thomas and Ms Ashly Thomas coordinated.

- Tincy Jose of III B Com, the Campus Ambassador of the Election Commission of India's Campus Reach Out Program was felicitated by the District Collector for her meritorious service in ensuring participation of maximum students in the Online Registration.
- Ms Jeena V. George, Guest Faculty in Computer Science bagged 85% with II Rank in M Sc Computer Science in the Kannur University.
- Dr P.K. Prasadan has been awarded Rs.2 Lakhs by the Kerala State Council for Science, Technology and Environment, Thiruvananthapuram for organizing the National Science Day 2014.
- The Outgoing Batches of the Chemistry, Mathematics, and the Computer Science went on Study Tour as part of their academic requirements.
- The Dept of Physical Education brought home the following Prizes in the various University Championships: (i) Yoga I, II, and III in both Men and Women with 12 of our Students selected to represent the Kannur University in the Inter University Championship in Punjab. (ii) Runners Up in the University in Best Physique by winning three Bronze. (iii) Men's Team Champions in Table Tennis with two selected to represent the Kannur University in Table Tennis and one in Badminton. (iv) One I Prize and three II Prizes in various Contests in Kalarippayattu. (v) One II Prize and five III Prizes in Judo. (vi) Our Teams are also the District Winners in Judo & Badminton Men, and Winners in the Mathai Nooranal Memorial Tournament in Basket Ball. Dr Maria Martin Joseph coordinated.
- Student Feedback has been collected on Teacher Performance and Campus Experience.
- Dr Savio James and Sri Biju Joseph have been External Examiners in the conduct of Viva Voce at the Govt College, Mananthavady, 19-20 February.
- Mr Thomas Sebastian and Ms Ashly Thomas are deputed to attend the State Training Program for the Administrative Staff held at the Sargalaya Arts & Craft Village, Vadakara, 21-22 February.
- 100 Member Student-Team is getting ready for the University Arts Festival at Payyannur College in early March.

**Dr. Raju George**
Principal

# റേഡിയോ മാറ്റൊലി 90.4 mhz

**പത്രശബ്ദം**

2014 ജനുവരി 1 മുതൽ, അതാത് ദിവസത്തെ പത്രങ്ങളിലെ പ്രധാനവും ശ്രദ്ധേയവുമായ വാർത്തകൾ അവതരിപ്പിക്കുന്ന *പത്രശബ്ദം* എന്ന തത്സമയ പ്രക്ഷേപണ പരിപാടി ആരംഭിച്ചു. എല്ലാ ദിവസവും രാവിലെ 7.20 ന് റേഡിയോ മാറ്റൊലിയിൽ ഇത് ശ്രവിക്കാം.

**കമ്മ്യൂണിറ്റി റേഡിയോ അവയർനെസ് കൺസൾട്ടേഷൻ**

കേരളത്തിൽ കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ താത്പര്യം പ്രകടിപ്പിച്ച വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾക്കായി കമ്മ്യൂണിറ്റി റേഡിയോ അസ്സോസിയേഷന്റെ നേതൃത്വത്തിൽ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ ജനുവരി 23 മുതൽ 25 വരെ കൊച്ചിയിൽ വെച്ചു നടന്ന കമ്മ്യൂണിറ്റി റേഡിയോ അവയർനെസ് കൺസൾട്ടേഷനിൽ റിസ്സോഴ്സ് പേഴ്സണായി സ്റ്റേഷൻ ഡയറക്ടർ പങ്കെടുത്തു.

**ഉണർവ്വ്**

ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ ഉണർവ്വ് എന്ന ആദിവാസി ഭാഷാ പരിപാടി പ്രക്ഷേപണം ആരംഭിച്ചു. ചൊവ്വ, ബുധൻ ദിവസങ്ങളിൽ രാത്രി 8.05-ന് *ഉണർവ്വ്* പരിപാടി ശ്രവിക്കാം. അടുത്ത ദിവസം ഇതിന്റെ തന്നെ രണ്ടു പുന:പ്രക്ഷേപണവുമുണ്ട്.

**ജനവാണി**

നിങ്ങൾക്ക് ഈ നാടിനോട് സ്നേഹമില്ലേ? നാട്ടുകാരോട് താല്പര്യമില്ലേ? നിങ്ങളുടെ പ്രദേശത്തെ ബാധിക്കുന്ന പൊതു പ്രശ്നങ്ങൾ ജനവാണി എന്ന പ്രോഗ്രാമിലേക്ക് എഴുതൂ. അത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നതുമാണ്. പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ, നന്മയെ പ്രോത്സാഹിപ്പിക്കാൻ നമുക്ക് കൈ കോർക്കാം.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ



# അറിയിപ്പുകൾ

## 1. CERTIFICATE COURSE IN COMMUNICATIONS

The CBCI Commission for Social Communications in association with 'Nobi Communications' (Norbertine Fathers) is glad to announce one-week course for priests and religious in **Communcations for Pastoral Leadership**. The course will be a blend of theory and practice. Participants are expected to bring laptops.

**Course Outline**

• Spirituality of Social Communications, • Basics of video production and editing, • Basic animation with PowerPoint, • Church and the media, • Media languages: journalism, Audio-visual language and internet, • Image editing in Photoshop, • Effective speaking

Date: 22–30 April 2014, Place: Bangalore , Fee: Rs. 6500/--

Seats Available: 20

**For details, please contact:**

**Dr. Jose Murickan O.Praem**
National Coordinator for Formation in Communications
St. Augustine Study House, Kasavanahally, Carmelaram P.O
Bangalore - 560 035, Tel: 080-25920481, (0)9986724381,
E-mail: jmurickan@gmail.com

• • • •

## 2. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി & ഫിലോസഫി ആലുവ (PIA)

**മോൺസിഞ്ഞോർ ജോർജ് പുത്തൻപുര – ഫാ. ജോൺ കുന്നപ്പള്ളി അവാർഡിനുള്ള കൃതികൾ ക്ഷണിക്കുന്നു.**

**അവാർഡ് 15001 രൂപയും, പ്രശസ്തിപത്രവും, ഫലകവും ആയിരിക്കും.** താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായിരിക്കും അവാർഡിനുള്ള കൃതികൾ പരിഗണിക്കപ്പെടുന്നത്:

1. ഗ്രന്ഥകർത്താക്കൾ കത്തോലിക്കാ വൈദികരായിരിക്കണം.
2. ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ രചിക്കപ്പെട്ട മൂലകൃതികളാവണം.
3. കൃതികൾ ബൈബിൾ, ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, തിരുസഭ ആരാധനക്രമം തുടങ്ങിയ സഭാസംബന്ധമായ വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ളതായിരിക്കണം.
4. കൃതികൾ ഏകകർത്തൃത്വം ആയിരിക്കണം. (Not edited or Co-authored).
5. കൃതികൾ 2009 ജനുവരിക്കും 2014 ജനുവരിക്കും ഇടയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആദ്യപതിപ്പുമാകണം.
6. മൂലകൃതിയുടെ 3 കോപ്പി വീതം 2014 ഏപ്രിൽ 30-ന് മുമ്പായി ഓഫീസിൽ എത്തിയിരിക്കണം.
7. കൃതികൾ അയയ്ക്കേണ്ട വിലാസം:

   Msgr. Puthenpura - Fr. Kunnappally Award
   C/o Fr. Chacko Puthenpurackal
   St. Joseph Pontifical Seminary
   Carmelgiri, Aluva - 683102
   Kerala

• • • •

## 3. ക്രൈസ്താ മീഡിയേഷൻ & ഫാമിലി കൗൺസലിംഗ് സർവ്വീസസ്

കോട്ടക്കുന്ന്, സുൽത്താൻ ബത്തേരി റോസ് ഹോട്ടലിന് എതിർവശം, ക്രൈസ്താഞ്ജലി ചാരിറ്റബിൾ സൊസൈറ്റി - രജി. നമ്പർ. WYD/CA/186/2013 സംരംഭം, ഫോൺ: 04936226274, 9496285676, 9048784548,
Email: christhabathery@gmail.com

നിങ്ങൾ പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ മുങ്ങിത്താഴുമ്പോൾ, പരിഹാരമാർഗ്ഗങ്ങൾ കാണാതെ ഇരുട്ടിൽതപ്പുമ്പോൾ മാനസിക-കുടുംബ-നിയമ മേഖലകളിൽ വെളിച്ചം പകരാൻ, പരിഹാര മന്ത്രം ഓതിത്തരാൻ ഒരു സ്ഥാപനം സുൽത്താൻ ബത്തേരിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഞങ്ങളെ സമീപിക്കൂ... ഉറപ്പായും ഞങ്ങൾ നിങ്ങളെ സഹായിക്കാം....

• ലീഗൽ കൗൺസലിംഗ്, • ഫാമിലി കൗൺസലിംഗ്, • യൂത്ത് കൗൺസലിംഗ്, • സ്റ്റുഡൻസ് കൗൺസലിംഗ്, • സൈക്കൊ തെറാപ്പി, • ആത്മീയ കൗൺസലിംഗ്, • മീഡിയേഷൻ & ആർബിറ്ററേഷൻ, • ബോധ

വത്ക്കരണ ക്ലാസുകൾ, • എക്സിബിഷനുകൾ, • തെരുവുനാടകങ്ങൾ, • ചിത്രപ്രദർശനങ്ങൾ, • സെമിനാറുകൾ.

**ഫാമിലി കൗൺസലിംഗ് –** വീട്ടിൽ – ആകെ പ്രശ്നങ്ങളാണ്...? കുത്തുവാക്കുകൾ... മദ്യം.... മയക്കുമരുന്ന്.... സ്വാർത്ഥത... എപ്പോഴും സംശയം.... കലഹങ്ങൾ.... സമാധാനക്കേട്... ഒത്തുപോകാൻ പറ്റുന്നില്ല... ജീവിതം നരകം... വിവാഹമോചോനമൊന്നേ ശരണം.... കുഞ്ഞുമക്കൾ എന്തുപിഴച്ചു...

**ലീഗൽ കൗൺസലിംഗ് –** കൺഫ്യൂഷൻ തീർക്കണമേ....? കേസ് കൊടുത്താലോ.... ജയിക്കുമോ.... പണം ഒത്തിരി ചെലവാകില്ലേ... വഴക്കും ശത്രുതയും ബാക്കിയാകുമോ?... ഒരു ഒത്തുതീർപ്പ് ആയാലോ... അതോ കേസ് വേണോ...

**യൂത്ത് കൗൺസലിംഗ് –** മൂല്യച്യുതിയുടെ പാതയിലോ... ചരിത്രം രചിക്കേണ്ടവർ ദിശാഭ്രംശിതരോ... വഴിതെറ്റുന്നോ... നമ്മൾ ചൂണ്ടുപലക യായാലോ... ഒരു കൈത്താങ്ങ്....

**മീഡിയേഷൻ & ആർബിറ്ററേഷൻ –** ഒന്ന് മദ്ധ്യസ്ഥത പറയാമോ...? ഇടപാട് നടന്നതാണ്.... രേഖകൾ ഒന്നുമില്ല... പക്ഷേ എന്തുചെയ്യണം.... ഞാൻ സത്യമാണ് പറയുന്നത്? പക്ഷേ സമ്മതിക്കേണ്ടേ.... എതൃകക്ഷി ഒന്നിനും തയ്യാറല്ലതാനും... വ്യവഹാരം വേണോ? ബുദ്ധിമുട്ടല്ലേ?... ആരെങ്കിലും ഒന്ന് ഇടപെട്ടിരുന്നെങ്കിൽ നന്നായിരുന്നു....

**സ്റ്റുഡൻസ് കൗൺസലിംഗ് –** കുട്ടികളിലോ – പിടിവാശി... അമിതദ്വേഷ്യം.... ക്ലാസിൽ ഉഴപ്പ്... അശ്രദ്ധ.... മോഷണശീലം... കൂട്ടുകാരെ ദേഹോപദ്രവം ചെയ്യുന്നു.... സാമൂഹ്യ വിരുദ്ധ രീതികൾ... വഴിതെറ്റിയ ബന്ധങ്ങൾ.... അവരെ സഹായിക്കേണ്ടേ....

**സൈക്കോ തെറാപ്പി –** മനസ്സിന്റെ താളം തെറ്റുന്നോ?.... എന്തോ കുഴപ്പമുണ്ട്... പെരുമാറ്റം അസ്വഭാവികമാണല്ലോ?... ചിലപ്പോൾ വിഷാദിച്ചിരിക്കും... ഒന്നിലും ശ്രദ്ധിക്കുന്നില്ല... ഒറ്റ ഇരിപ്പാണ്.... ആത്മഹത്യയെപ്പറ്റി സംസാരിക്കുന്നു.... ഒരു വൃത്തിയും മെനയുമില്ല... അരിശം വന്നാൽ എന്തുചെയ്യുമെന്ന് പറയാൻ പോലും സാധിക്കില്ല... ചിലപ്പോൾ ലക്ഷ്യമില്ലാതെ ഇറങ്ങി നടക്കും.... കാരണമില്ലാതെ അക്രമിച്ചെന്നും വരാം... അങ്ങനെ.... അങ്ങനെ....

കൂടുതൽ അറിയാൻ ബന്ധപ്പെടുക:

04936226274, 9496285676, 9048784548,
Email: christhabathery@gmail.com

**അഡ്വ. ഫാ. ജോസഫ് എം. വാലുമ്മേൽ ഒ.സി.ഡി.**




# Programme

## Pastoral Centre, Dwaraka

**March 2014**

| | | |
|---|---|---|
| 01 | - | Zion CRC |
| 02- 05 | - | Marriage Preparation Course |
| 06 | - | Major & Local Superiors Meeting-Women Religious |
| 08 - 09 | - | JY, Cat.HCC Paper Valuation |
| 08 | - | Pastoral Council |
| 11 | - | CMA Executive |
| 12 | - | Priests' Conference |
| | - | Team Training- Lahari Vimuktha Varsham |
| 14-16 | - | JY: Campus Core Team Trainig |
| 16- 20 | - | Zion Retreat |
| 21- 22 | - | CML Joint Directors Meeting |
| 25 | - | Marian Singles |
| 28- 31 | - | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***MARCH 2014***

| | | |
|---|---|---|
| *01 Sat* | *....................* | *Out of Station* |
| *02 Sun* | *Morning....* | *Cathedral: Inaguration of Lahari Vimuktha Varsham* |
| | *Afternoon....* | *Panamaram: Blessing of Padre Pio Shrine* |
| *03 Mon* | *..................* | *Ash Monday: Palchuram: Foundation Stone Laying of the Church & Presbytery.* |
| *04 Tue* | *...................* | *Engaged* |
| *05 Wed* | *.................* | *Thavinjal: Blessing of the newly constructed school building* |
| *06 Thu* | *...................* | *Dwarka: Meeting of Major & Local Superiors-Woman Religious* |
| *07 Fri* | *....................* | *Out of Station* |
| *08 Sat* | *....................* | *Dwaraka : Pastoral Council* |
| *09 Sun* | *...................* | *Thalapuzha: Pastoral Visit* |
| *10 Mon* | *..................* | *Bishop's House: Meeting of Major & Local Superiors-Men Religious* |
| *11 Tue* | *....................* | *Engaged* |
| *12 Wed* | *Morning...* | *Priests' Conference* |
| | *Afternoon....* | *Consultors' & Finance Council* |
| *13 Thu 14 Fri* | *.........* | *Ernakulam : Labour Commission Meeting* |

| | |
|---|---|
| *15 Sat 17 Mon .......* | *Thuckalay* |
| *18 Tue ...................* | *Engaged* |
| *19 Wed ..................* | *Kunjhome: Foundation stone laying of the new church* |
| *20 Thu .................* | *Engaged* |
| *21 Fri ....................* | *Out of Station* |
| *22 Sat ...................* | *Thelpara: Blessing of Assumption School* |
| *23 Sun 29 Sat .......* | *Australia: Inauguration of the New Syro-Malabar Diocese of St. Thomas the Apostle, Melbourne.* |
| *30 Sun ..................* | *Pathiripadam: Holy Mass* |
| *31 Mon .................* | *Kaniyaram TTI: Blessing of the newly constructed school building and conclusion of Jubilee Celebrations* |

***APRIL 2014***

| | |
|---|---|
| *01 Tue ..................* | *Major Seminarians' Gathering: Minor Orders* |
| *02 Wed - 04 Fri ......* | *Major Seminarians' Gathering* |
| *05 Sat ...................* | *Death Anniversary of Bishop Emmanuel Pothanmuzhy* |
| *07 Mon ...............* | *Visitors' Day* |
| *08 Tue .................* | *Engaged -10 Thur: Engaged* |
| *11 Fri ..................* | *Out of Station* |
| *13 Sun .................* | *Palm Sunday –Cathedral* |
| *17 Thu ..................* | *Maundy Thursday-Cathedral* |
| *18 Fri .................* | *Good Friday-Cathedral* |
| *20 Sun .................* | *Easter : Cathedral* |
| *21 Mon Morning...* | *Pazhoor: Blessing of Presbytery* |
| *Afternoon..* | *Ottaplavu : Blessing of the newly constructed church* |
| *22 Tue 24 Thu .......* | *Kollam* |

| | | |
|---|---|---|
| *25 Fri* | *................* | *Out of Station* |
| *26 Sat* | *................* | *Engaged* |
| *27 Sun* | *Morning....* | *Moolankavu: Blessing of Presbytery: First Communion& Confirmation.* |
| | *Afternoon...* | *Puzhamudy: Blessing of Presbytery* |
| *28 Mon* | *................* | *Nadavayal: Blessing of Osanam Bhavan* |
| *29 Tue* | *Morning....* | *Nadavavayal: Ordination of Dn. Jomish Thekkumkattil SAC* |
| | *Afternoon.....* | *Deepthi Bhavan : Jubilee* |
| *30 Wed* | *.................* | *Mullenkolly: Ordination of Dn. Sujesh Payyampally SDV* |

### *MAY 2014*

| | | |
|---|---|---|
| *01 Thu* | *..................* | *Diocesan Day* |
| *02 Fri* | *..................* | *Minor Seminary Interview* |
| *03 Sat* | *..................* | *Jude's Mount: First Communion & Confirmation* |
| *04 Sun* | *..................* | *Kammana: Blessing of Presbytery, First Communion & Confirmation* |
| *05 Mon* | *................* | *Dwaraka: SABS Vestition* |
| *06 Tue* | *.................* | *Palchuram: Ordination of Dn. Jins Karakadayil MSFS* |
| *07 Wed* | *.................* | *Minor Seminary: Vestition of PG Brothers* |
| | | *Vincetgiri: Vestition of SCV Novices* |
| *08 Thu* | *..................* | *Manvayal : Blessing of Church* |
| *09 Fri - 26 June* | | *Abroad* |

• • • • •